www.malankaralibrary.com



# സ്വർഗ്ഗീയവിരുന്ന്

പി.വി സിസിലിക്കുട്ടി

www.malankaralibrary.com

# സ്വർഗ്ഗീയവിരുന്ന്

## സമർപ്പണം

യേശുവിന്റെ ദിവ്യരഹസ്യങ്ങൾ പകർന്നു നൽകുന്ന ദൈവമാതാവിന്......

ജീവിതത്തിലുടനീളം സ്വർഗ്ഗീയ ചിന്തകൾ പകർന്നു നൽകിയ എന്റെ വത്സലമാതാവിന്.....

പി.വി. സിസിലിക്കുട്ടി

www.malankaralibrary.com

*Malayalam*
**SWARGEEYAVIRUNNU**
Drama

**P.V. Sicilykutty**
Panickerveettil
Retd. Professor
Mar Ivanios College
Thiruvananthapuram
Mob: 9495151752

Rights Reserved

| | | |
|---|---|---|
| First Edition | : | 2022 |
| Cover | : | abc colour systems |
| Printed at | : | Akshara Offset<br>Vanchiyoor, Thiruvananthapuram-35<br>Ph: 0471-2471174 |
| Price | : | ₹ 120 |

www.malankaralibrary.com

# ആമുഖം

## തികച്ചും കാല്പനിക ഭാവത്തിൽ ചിറകടിച്ച ഒരു പുസ്തകം.

സ്വർഗ്ഗാരോഹണം ക്രിസ്തുസംഭവ്യതകളിലെ സവിശേഷമായ വിശ്വാസപ്രഘോഷണമാണ്. വി. സഭ, അത് അനുദിന പ്രഘോഷണത്തിന്റെ ഔന്നത്യവിഷയമാക്കി ആഘോഷിക്കുന്നു. **'സ്വർഗ്ഗീയ വിരുന്ന്' എന്ന വിവരണക്കുറിപ്പ് തികച്ചും ഒരു കാല്പനിക ഭാവമാണ്.** ഒരു വിശ്വാസിയുടെ ഭാവനാപ്പരപ്പിൽ ചിറകടിച്ച സർഗ്ഗാത്മകതയുടെ അടിത്തറയാണ് ഇതിന്റെ മൗലീകഭാവം. വാക്കുകളുടെ നിവേദനം വിശ്വാസസത്യങ്ങളുടെ തന്മയീഭാവത്തെ സാരമായി ബാധിക്കരുത് എന്ന ഉദ്ദേശ്യശുദ്ധി എളിമയോടെ വ്യക്തമാക്കുന്നു. ക്രിസ്തു എന്ന മഹാരഹസ്യത്തിന്റെ അഗാധതയെ സ്വർഗ്ഗീയചൈതന്യത്തിന്റെ ദീപക്കാഴ്ചയിൽ അനുമാനം നടത്തുന്ന ഒരു വിനീത ഉദ്യമമായി പ്രസ്തുത രചനയ്ക്ക് മൂല്യനിർണ്ണയം കല്പിച്ചു കൊടുക്കണമെന്ന അഭ്യർത്ഥനയോടെ സമർപ്പിക്കുന്നു.

"ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പ് പിതാവിൽ നിന്ന് ജനിച്ചവനും..... ഏകകർത്താവുമായ യേശുമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു," എന്ന് 'വിശ്വാസ പ്രമാണത്തിൽ' പറയുന്ന ഈ സത്യത്തിനെതിരായ ഏതെങ്കിലും പഠിപ്പിക്കലുകളോ സൂചനകളോ ഈ നാടകാവിഷ്കാരത്തിന്റെ ഏതെങ്കിലും ഭാഗത്ത് ഉണ്ടാകരുതെന്ന് പ്രിയ വായനക്കാരെ ഓർമ്മിപ്പിക്കുന്നു.

സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിൽ വന്ന് മുപ്പത്തിമൂന്ന് വർഷത്തെ ഭൂമിയിലെ വാസത്തിനുശേഷം പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും കഴിഞ്ഞ് വിജയശ്രീലാളിതനായി സ്വർഗ്ഗാരോഹണ ദിവസം സ്വർഗ്ഗത്തിൽ എത്തിയ യേശുവിന് അന്നുണ്ടായിരുന്ന

www.malankaralibrary.com

സ്വർഗ്ഗവാസികൾ നൽകിയ സ്വീകരണമാണ് **'സ്വർഗ്ഗീയവിരുന്നിന്റെ'** പ്രതിപാദനവിഷയം.

ഇതിലേയ്ക്കെന്നെ എത്തിച്ച കരുണാമയനായ തമ്പുരാന് നന്ദി.

എന്റെ ആത്മീയ വഴിത്താരയിൽ എന്നെ കൈപിടിച്ചു നടത്തിയ ഏറ്റം ബഹു. വൈദികരേയും ബഹു. സിസ്റ്റേഴ്സിനേയും ഹൃദയപൂർവ്വം നന്ദിയോടെ ഓർക്കുന്നു. ഈ ചെറുഗ്രന്ഥം വായിച്ച് ആവിശ്യമായ നിർദ്ദേശങ്ങൾ നൽകിയ വന്ദ്യ വൈദീകരെ നന്ദിയോടെ അനുസ്മരിക്കുന്നു. അവതാരിക എഴുതി അനുഗ്രഹിച്ച വന്ദ്യ ബഹു. ജോൺ നിർമ്മലാനന്ദ് ഒ.ഐ.സി. അച്ചനും ആവിശ്യമായ തിരുത്തലുകൾ നടത്തി ഈ പുസ്തകത്തിനു വേണ്ട രൂപവും ഭാവവും തന്ന പ്രിയപ്പെട്ട സാഗാ ജെയിംസിനും പ്രത്യേകം നന്ദി.

പ്രചോദനമായി കൂടെ നിന്ന എന്റെ ജീവിതപങ്കാളി ഡോ. ചെറിയാൻ പണിക്കർക്ക് നന്ദി. മക്കൾക്ക് നന്ദി. ഈ രചനയെ നിറഞ്ഞ മനസോടെ സ്വീകരിക്കുന്ന എന്റെ പ്രിയപ്പെട്ടവർക്ക് നന്ദി.

ഹൃദയം നിറഞ്ഞ നന്ദി.

**സിസിലിക്കുട്ടി**

www.malankaralibrary.com

# അനുഗ്രഹമൊഴികൾ

അമ്മയും സഹോദരിയും റ്റീച്ചറും സുഹൃത്തും ഒക്കെച്ചേർന്ന ഭാവമാണ് എനിക്ക് ഈ പുസ്തകത്തിന്റെ എഴുത്തുകാരി. എഴുത്തിന്റെ വഴിയിൽ തുടക്കക്കാരി ആണെങ്കിലും എഴുത്തിൽ അത് അല്പം പോലും നിഴലിച്ചിട്ടില്ല എന്നത് എന്നെ അത്ഭുതപ്പെടുത്തുന്നു.

ഭാവനയുടെ ചിറകിലാണ് റ്റീച്ചറുടെ യാത്ര. അതുകൊണ്ടു തന്നെ മനോഹരമായ വർണ്ണനകൾ പുസ്തകത്തിൽ ഉടനീളം കാണാം.

ശ്വേതാശ്വതരോപനിഷത്തിൽ പത്താം മന്ത്രത്തിൽ തീവ്രധ്യാനം ഏതൊന്നിനെ ധ്യാനിക്കുന്നുവോ അതിനോട് ഏകീഭവിപ്പിക്കുന്നു എന്നു പറയുന്നു. ക്രിസ്തുവിനെ ധ്യാനിച്ചപ്പോൾ ഇനിയും ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത് എന്ന് പൗലോസ് ശ്ലീഹായും പറയുന്നു. റ്റീച്ചറിന്റെ സ്വർഗ്ഗത്തെക്കുറിച്ചുള്ള തീവ്രധ്യാനമാണ് **'സ്വർഗ്ഗീയവിരുന്ന്'** എന്ന പുസ്തകം. എഴുത്തുകാരി സ്വർഗ്ഗം നേരിട്ടുകണ്ട പ്രതീതി ഉളവാക്കുന്നു ഓരോ രംഗങ്ങളും. മനസ്സിൽ നിരന്തരം ധ്യാനിച്ച സ്വർഗ്ഗത്തോട് ഏകീഭവിച്ചു എന്നതിന്റെ തെളിവാണ് ഈ ചെറിയ പുസ്തകം.

വായനക്കാർക്ക് ഏവർക്കും തീവ്രമായ ധ്യാനാനുഭവം ആശംസിക്കുന്നു. റ്റീച്ചറിന് എല്ലാവിധ നന്മകളും നേരുന്നതിനോടൊപ്പം പുതിയ എഴുത്തുകൾ ഉറവയെടുക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

നിർമ്മലാനന്ദ്
തപോവനം

ആലുവ
31/07/2022

www.malankaralibrary.com

# കഥാപാത്രങ്ങൾ

1. പിതാവായ ദൈവം
2. യേശു
3. ആദം
4. ഹവ്വ
5. ഹാബേൽ
6. കായേൻ
7. നോഹ
8. അബ്രഹാം
9. മൽക്കിസെദേക്ക്
10. സാറാ
11. ഇസഹാക്ക്
12. ഏസാവ്
13. യാക്കോബ്
14. താമാർ
15. പൂർവ്വ യൗസേഫ്
16. മോശ
17. ജോഷ്വ
18. റാഹാബ്
19. റൂത്ത്
20. സാമുവേൽ പ്രവാചകൻ
21. സാംസൺ
22. ദാവീദ്
23. സോളമൻ
24. ഏലിയ
25. ഏലീശ
26. ഏശയ്യ
27. ജറമിയ
28. എസക്കിയേൽ
29. തോബിത്
30. ഹോസിയ
31. ദാനിയേൽ
32. യോന
33. സഖറിയ
34. എസ്രാ
35. നെഹമിയ
36. യൂദിത്
37. എസ്തേർ
38. അലക്സാണ്ടർ ചക്രവർത്തി
39. യൂദ മക്കബായൻ
40. ജോബ്
41. പിശാച്
42. ലാസർ
43. സ്നാപകയോഹന്നാൻ
44. ജോസഫ്
45. എലിസബത്ത്
46. യൂദാസ്കറിയോത്ത
47. വലതുഭാഗത്തെ കള്ളൻ
48. കുഞ്ഞിപൈതങ്ങൾ
49. ഹേറോദേസ് മഹാരാജാവ്
50. വൃദ്ധനായ ശെമയോൻ
51. ഗബ്രിയേൽ മാലാഖ

www.malankaralibrary.com

## രംഗം 1

(പിതാവായ ദൈവം അഗ്നിസിംഹാസനത്തിൽ ആരൂഢനായിരിക്കുന്നു. സ്രാപ്പേന്മാർ, ഹൈലാവോസേന്മാർ തുടങ്ങിയവർ കാദീശ് പാടി സ്തുതിക്കുന്നു. സ്വർഗ്ഗീയ സൈന്യത്തോടൊപ്പം ആദം, മോശ, അബ്രഹാം, ദാവീദ്, സ്നാപകയോഹന്നാൻ എന്നിവരോടൊപ്പം സകല പൂർവ്വ മാതാ-പിതാക്കന്മാരും കർത്താവിനെ ആരാധിക്കുന്നു. ഗബ്രിയേൽ മുമ്പിൽത്തന്നെയുണ്ട്. മിഖായേലും റപ്പായേലും കൂടെയുണ്ട്. പരിശുദ്ധാത്മാവ് എല്ലാം നോക്കി നടന്ന് ഭംഗിയായി സർവ്വസന്നാഹങ്ങളേയും നിയന്ത്രിക്കുന്നു.

അതാ വലിയ ഒരു പ്രകാശം ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് അടുത്തുവരുന്നതായി കാണുന്നു. ശുഭ്രവസ്ത്രധാരിയായി, വിജയപതാക പാറിച്ച്, മേഘാരൂഢനായി വിജയശ്രീലാളിതനായി സ്വർഗ്ഗത്തിന്റെ ഓമനപുത്രൻ എത്തിക്കൊണ്ടിരിക്കുന്നു. ആ മുഖകാന്തിയും, വെള്ള വസ്ത്രത്തിന്റെ ശോഭയും മുഖത്തെ തേജസാർന്ന വിജയഭാവവും വർണ്ണിക്കാൻ കഴിയുന്നതല്ല.

പിതാവായ ദൈവം തന്റെ രണ്ടു കൈയും നീട്ടിപ്പിടിച്ച് എഴുന്നേറ്റു നിൽക്കുന്നു. മകൻ സർവ്വതും മറന്ന് സന്തോഷാനന്ദത്തോടെ പിതാവിന്റെ അടുത്തേക്ക് കൈ നീട്ടി അടുക്കുന്നു.)

പിതാവ് : എന്റെ വാത്സല്യവാനേ!

യേശു : എന്റെ അപ്പാ!

(സ്നേഹാലിംഗനത്തിൽ ഒന്നായി പരസ്പരം കണ്ടുമുട്ടുന്നു. ഒരു നിമിഷം സ്വർഗ്ഗം നിശ്ചലമാകുന്നു. സകലരും ആനന്ദത്തിന്റെ ആ മൂർദ്ധന്യതയിൽ ഒരു നിമിഷം മുട്ടുകുത്തി കുമ്പിടുന്നു. ആ പിതൃപുത്ര സ്നേഹാലിംഗനത്തിൽ സ്വർഗ്ഗം കൂടുതൽ ശോഭിതമാകുന്നു. പരിശുദ്ധാത്മാവിന്റെ ഐക്യത്തിൽ പരി. ത്രിത്വം അതീവ മഹത്വപൂർണ്ണമായപ്പോൾ ആ നിശ്ചല ശോഭിതപട്ടണം മുഖരിതമായി. അവർ

www.malankaralibrary.com


ഉദ്ഘോഷിക്കുന്നു...... പരിശുദ്ധൻ!....

പരിശുദ്ധൻ! പരിശുദ്ധൻ! പരിശുദ്ധൻ!)

മാലാഖമാർ ഏറ്റുപാടുന്നു.

ദൈവമേ നീ പരിശുദ്ധൻ
ബലവാനേ നീ പരിശുദ്ധൻ
മരണമില്ലാത്തവനേ നീ പരിശുദ്ധൻ
പൂർവ്വപിതാക്കന്മാർ അപേക്ഷിക്കുന്നു:-
ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട് ഉയിർത്തവനേ
ഞങ്ങളെ അനുഗ്രഹിക്കണമേ.

പിതാവായ ദൈവം യേശുവിനെ തന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനാക്കുന്നു.

പരിശുദ്ധൻ എന്ന് നിർത്താതെ ഉദ്ഘോഷിച്ചുകൊണ്ടിരിക്കുമ്പോൾ ആദം തുടങ്ങി ഓരോരുത്തരായി അടുത്തു വന്ന് കുമ്പിട്ട് ആരാധിച്ചു വണങ്ങുന്നു. തന്റെ ആണിപ്പാടുള്ള വലത്തുകരം ഉയർത്തി അവർ ഓരോരുത്തരേയും യേശു അനുഗ്രഹിക്കുന്നു. അവർ സ്വസ്ഥാനത്ത് പോയി വീണ്ടും ആരാധിച്ചുകൊണ്ട് നിൽക്കുന്നു.

യേശു : എന്റെ മക്കളേ ധൈര്യമായിരിക്കുവിൻ. നിങ്ങൾ എല്ലാവരും വിശുദ്ധരായിത്തീർന്നിരിക്കുന്നു. നിങ്ങളുടെ സകല പാപങ്ങളും ഞാൻ ഏറ്റെടുത്തു കഴിഞ്ഞിരിക്കുന്നു. ഇനി നിങ്ങൾ സ്വർഗ്ഗത്തിലെ വിശുദ്ധരാണ്.

(സ്വർഗ്ഗീയഗണം ഒന്നുചേർന്ന് ഞങ്ങളുടെ രക്ഷിതാവേ അങ്ങേയ്ക്കു നന്ദി, ആരാധന എന്നു പാടിക്കൊണ്ട് കുമ്പിട്ടു കൊണ്ടിരിക്കുന്നു. സകല സ്വർഗ്ഗീയരും നിരകളും പരിശുദ്ധൻ എന്ന കീർത്തനം ചൊല്ലുന്നു.

പിതാവായ ദൈവം യേശുവിനെ സ്വർണ്ണ ഉടയാടയും മാറത്തു പൊൻകച്ചയും അണിയിക്കുന്നു. യേശു സൂര്യകാന്തവും മാണിക്യവും പോലെ ആയിത്തീരുകയും ചുറ്റും മരതകം പോലെ മനോഹരമായ മഴവില്ലുദിക്കുകയും ചെയ്യുന്നു. സ്വർഗ്ഗത്തിലെ വിശുദ്ധന്മാർ ധവള വസ്ത്രധാരികളായിത്തീരുന്നു. ആ ശ്രേഷ്ഠന്മാർക്ക് സ്വർണ്ണകിരീടങ്ങൾ ലഭിക്കുന്നു. അവർ ഒന്നിച്ച് ഉദ്ഘോഷിക്കുന്നു:-

www.malankaralibrary.com


"ആയിരുന്നവനും ആയിരിക്കുന്നവനും സർവ്വശക്തനും ദൈവവുമായ ഞങ്ങളുടെ രക്ഷിതാവേ അങ്ങ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ." അവർ തങ്ങളുടെ കിരീടം സമർപ്പിച്ചുകൊണ്ട് നിത്യം ജീവിക്കുന്നവനെ സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് ആരാധിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തെ ആരാധിക്കുന്നു. യേശുവിന്റെ മുമ്പിൽ ജ്വലിക്കുന്ന ഏഴു തീപ്പന്തങ്ങൾ. ഈ സപ്താത്മാക്കളായ ഏഴുവിളക്കിന്റെ നടുവിൽ യേശു കൂടുതൽ തേജോമയനാകുന്നു. ദീപാലംകൃതമായ പ്രകാശനഗരിയിൽ പരി. ത്രിത്വം തേജസാർന്നു ശോഭിക്കുന്നു. മാലാഖമാരും പരിശുദ്ധരും ആർത്തട്ടഹസിക്കുന്നു. "സൈന്യങ്ങളുടെ കർത്താവ് വാഴ്ത്തപ്പെട്ടവൻ.")

## രംഗം 2

പിതാവ് : എന്റെ മകനേ, ഗത്സെമനിയിൽ നിന്ന് നീ എന്നെ വിളിച്ചപ്പോൾ ഞാൻ കേൾക്കുകയായിരുന്നു. മകനേ, എന്റെ മനസും ചിന്തയും നീ നന്നായി അറിയുന്നുവല്ലോ.

യേശു : എന്റെ അപ്പാ! ഓ ആ നിമിഷം!

പിതാവ് : മകനേ, മാനുഷികവേദനകളുടെ ഗദ്ഗദം നീ ഉയർത്തി. എങ്കിലും എന്റെ പദ്ധതിയുടെ ആവിഷ്ക്കാരം നീ തന്നെ സഫലമാക്കി, എന്റെ ഹിതം ദൈവമക്കൾക്കു നീ വെളിപ്പെടുത്തി. ജോർദാനിൽ നിന്നെക്കുറിച്ചു പറഞ്ഞ വാക്കുകൾ "നിന്നിൽ ഞാൻ സംപ്രീതനായിരിക്കുന്നു" (വി.മത്തായി 3.17) എന്നത് ഞാൻ ആവർത്തിക്കുന്നു.

യേശു : എന്റെ അപ്പാ, എനിക്ക് അപ്പനോടുള്ള സ്നേഹം വലുതായിരുന്നു. ഗത്സമെനിയിൽ വച്ച് ഞാൻ പൂർണ്ണമായി ശൂന്യവൽക്കരിക്കപ്പെട്ട ആ സമയം എന്റെ സ്നേഹം വിജയിച്ചു. അതുകൊണ്ട് ആ അന്ധകാരത്തിന് എന്റെ മേൽ വിജയം വരിക്കാൻ കഴിഞ്ഞില്ല.

പിതാവ് : മകനേ, "ഇതാ ഞാൻ കർത്താവിന്റെ ദാസി" എന്നുത്തരം പറഞ്ഞുകൊണ്ട് ദൈവീകപദ്ധതിക്ക് സ്വയം സമർപ്പിച്ച ആ മകളുടെ വേദന ഞാൻ മനസ്സിലാക്കുന്നു.

www.malankaralibrary.com


എന്നാൽ ആ സമയം ഞാൻ നിന്റെ അമ്മയെക്കാൾ അധികം വേദനിച്ചു. ഇവിടെ ഈ സ്വർഗ്ഗവും മൂകമായി ദുഃഖത്തിലാണ്ടു. ഇവിടം നിശ്ചലമായി. സ്തുതികൾ നിലച്ചു. മകനേ നിന്റെ ശൂന്യവൽക്കരണത്തിൽ എന്റെ മഹത്വം വർദ്ധിച്ചു. എന്റെ ഹൃദയത്തിൽ നീ മാത്രമായിരുന്നു.

യേശു : അറിയാം അപ്പാ. അതുകൊണ്ട് ഞാൻ എന്റെ ഹിതം അങ്ങയുടെ ഹിതത്തിനു സമർപ്പിച്ചു. ഞാൻ മഹത്വീകരിക്കപ്പെട്ട ആ സമയം എന്റെ ഹൃദയത്തിൽ അപ്പന്റെ ഹിതം മാത്രമായിരുന്നു.

## രംഗം 3

(ആദം സങ്കടഭാരത്താൽ എഴുന്നേറ്റു മുമ്പോട്ടു വന്ന് മുട്ടുകുത്തുന്നു.)

ആദം : എന്റെ ഓമന മകനും, കർത്താവുമായ ദൈവമേ, മകനേ എന്നു വിളിക്കാൻ എനിക്കർഹതയില്ല. ഞാനാണല്ലോ മകന്റെ ഈ അവസ്ഥയ്ക്കു കാരണമായത്. എന്റെ അനുസരണക്കേട്! എന്റെ മോഹം! ഓ! ആ നിമിഷം എനിക്കു ചിന്തിക്കാൻ കഴിയുന്നില്ല. ഞാൻ പാപി!

യേശു : ആദം, മകനേ നീ വിഷമിക്കേണ്ട.

ആദം : ഞാൻ ചെയ്ത കുറ്റം എന്നോട് ക്ഷമിക്കേണമേ.

യേശു (ഗീതം) : "നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ<br>
ഖേദിക്കേണ്ട നിൻ പാപത്തെ ഓർത്തിനിയും നീ."

നീ ശുദ്ധനായിത്തീർന്നു മകനേ. നിന്റെ പാപം മോചിക്കപ്പെട്ടു.

ആദം : എന്റെ പാപം മൂലം എന്റെ വംശത്തിനുണ്ടായ ദൈവീകജീവൻ നഷ്ടപ്പെട്ട അവസ്ഥ! ഇതുവരെ ജനിച്ചവരും ഇനിയും ജനിക്കാനിരിക്കുന്നവരുമായ സകല മനുഷ്യവംശത്തിനും ഞാനുണ്ടാക്കിയ ദുരവസ്ഥ! ചിന്തിക്കാൻ കഴിയുന്നില്ല. ഓ! ആ നിമിഷം!

"ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയായ്കയാൽ

www.malankaralibrary.com


ഇവരോട് ക്ഷമിക്കണമേ" എന്ന് കുരിശിൽ കിടന്നുകൊണ്ട് അങ്ങ് പറഞ്ഞപ്പോൾ അർഹത ഇല്ലാത്തവനായ എന്റെ ഹൃദയം തകർന്നുപോയി.

എന്റെ കർത്താവേ, അങ്ങേയ്ക്കു നന്ദി! അങ്ങേയ്ക്കു നന്ദി!

(കുമ്പിട്ടാരാധിക്കുന്നു).

യേശു : ആദം, അന്ന് ഏദൻതോട്ടത്തിൽ വെച്ച് നീ പാപം ചെയ്തതു കണ്ടപ്പോൾ എന്റെ പിതാവും ഞാനും പരിശുദ്ധാത്മാവും അമ്പരന്നില്ല. അത് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. കാരണം ഞങ്ങളോടു മത്സരിച്ചു തോറ്റുപോയവൻ ഭൂമിയിൽ ഉണ്ടെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു. അവനു നഷ്ടപ്പെട്ട സൗഭാഗ്യം മനുഷ്യർക്കു കിട്ടിയത് അവൻ നശിപ്പിക്കുമെന്നും അറിയാമായിരുന്നു. അതിനാൽ നിന്നെ രക്ഷിക്കാനായി ഭൂമിയിലേയ്ക്ക് എന്നെ അയയ്ക്കാൻ ആദിയിലേ ഞങ്ങൾ തീരുമാനിച്ചിരുന്നു. നിങ്ങൾക്ക് എന്നെ മനസ്സിലാകുന്നതിനു വേണ്ടി എന്റെ രൂപത്തിലാണ് മനുഷ്യനെ ഞാൻ സൃഷ്ടിച്ചത്. അതിനുവേണ്ടി കാലത്തികവിൽ പിറന്ന മറിയം ആദിയിലേ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. അന്നു തെരഞ്ഞെടുത്ത ആ സ്ത്രീ നിന്നെ വീഴ്ത്തിയ അന്ധകാരത്തിന്റെ സന്തതിയുടെ തല തകർക്കുമെന്ന് ആദിയിലേ ഞങ്ങൾ തീരുമാനിച്ചിരുന്നു. അതിന് എത്രയോ ശേഷമാണ് നീ ജനിച്ചതുപോലും.

ആദം : നാഥാ, എന്റെ തലമുറയോട് കരുണ ആയിരിക്കണമേ. നാഥാ, ആരാധന! ആരാധന (കുമ്പിടുന്നു).

(ഹവ്വ ഏറ്റം കുനിഞ്ഞ മുഖത്തോടെ കടന്നുവന്ന് മുട്ടുകുത്തി തല കുനിച്ചു നിൽക്കുന്നു.)

യേശു : ആദിമാതാവേ വന്ദനം! മനുഷ്യവംശത്തിന്റെ അമ്മേ, എന്റെ കരസ്പർശം ഏറ്റ് സൃഷ്ടിക്കപ്പെട്ടവളേ സമാധാനത്തോടെ വസിക്കുക.

ഹവ്വ : പറുദീസ സ്ഥാപകനായ എന്റെ കർത്താവേ, ഏദൻതോട്ട വിധാതാവേ, ഞങ്ങളോടൊപ്പം അന്ന് ഏദൻ

www.malankaralibrary.com


തോട്ടത്തിൽ ഉലാത്തിയ എന്റെ നാഥാ, എന്നോട് ക്ഷമിക്കണമേ. പാപത്തിന്റെ ഉത്ഭവം എന്നിൽ നിന്നാണല്ലോ. പാപം എന്തെന്ന് അറിയാതിരുന്ന, സ്വർഗ്ഗീയ ആനന്ദത്തിൽ കഴിഞ്ഞിരുന്ന ഈ ഭൂമിയിൽ ഞാൻ പാപം തുടങ്ങിവച്ചല്ലോ. എന്നെക്കണ്ട് എന്റെ മക്കൾ പഠിച്ചു. നിഷ്കളങ്കനായ എന്റെ ഭർത്താവിനേയും ഞാൻ പാപത്തിൽ വീഴിച്ചു. അയ്യോ എനിക്കു കഷ്ടം! ആദിമാതാവ് പാപം ചെയ്തു എന്ന് എല്ലാവരും പറയുന്നുവല്ലോ. ഞാൻ പാപി! ഞാൻ പാപി!

യേശു : തല തല്ലിക്കരയാതിരിക്കൂ പ്രിയമാതാവേ! എന്റെ കരവേലയായ നിങ്ങളെ സൃഷ്ടിച്ചതു എന്റെ പിതാവിനെ അനുസരണവും വിശ്വാസവും വഴി ആരാധിക്കുന്നതിനായിരുന്നു. എന്നാൽ ആ ലൂസിഫർ ചെയ്തതുപോലെ നീയും എന്റെ പിതാവിനെപ്പോലെ ആകാൻ ശ്രമിച്ചു. അവന് അഹങ്കാരം ഉണ്ടായിരുന്നു. നിനക്ക് അതില്ലായിരുന്നു. നിനക്ക് അതിമോഹം ആയിരുന്നു. മോഹം പാപത്തെ പ്രസവിക്കും എന്ന് നീ മനസിലാക്കിയില്ല. അങ്ങനെ പാപം വർദ്ധിച്ചപ്പോൾ കൃപ അതിലേറെ വർദ്ധിച്ചു.

ഹവ്വ : എന്റെ നാഥാ, ഞാൻ ചെയ്തതൊക്കെ ഇന്ന് ഓർക്കുമ്പോൾ എന്നോടു തന്നെ നിന്ദ തോന്നുന്നു. ഭൂമിയിൽ പാപം വരുത്തിയവൾ! അതുകാരണം ഭൂമിയിൽ കഷ്ടപ്പെട്ടു ജീവിക്കേണ്ടി വരുന്ന മനുഷ്യവർഗ്ഗം! അയ്യോ എനിക്കു കഷ്ടം!

യേശു : കരയാതിരിക്കൂ മാതാവേ.

ഹവ്വാ : എന്റെ പ്രിയമകനേ! എനിക്കു സഹിക്കാൻ പറ്റുന്നില്ല. എന്റെ പാപം മൂലം ലോകത്തിൽ പാപം പെരുകി. അവസാനം എന്നെ മെനഞ്ഞുണ്ടാക്കിയ കരങ്ങളിൽ അവർ ആണി തറച്ചു കയറ്റി. എനിക്ക് ശ്വാസം ഊതിത്തന്ന ആ മുഖത്ത് അവർ തുപ്പൽ ഏല്പിച്ച് പരിഹസിച്ചു. എന്റെ കൂടെ സായാഹ്നത്തിൽ ഉലാത്തിയ കാലുകളിൽ അവർ ആണി തറച്ചു. അങ്ങ് കുരിശിൽ തറയ്ക്കപ്പെട്ട

www.malankaralibrary.com


തോർത്താൽ കരയാത്തവരാരുണ്ട്? അയ്യോ എന്റെ നാഥാ എനിക്കു കഷ്ടം!

യേശു : നിന്നെ സർപ്പം വീഴിച്ചു. നിന്റെ സൃഷ്ടാവിനെ മറന്ന് അവന്റെ വാക്കുകളിൽ നീ മയങ്ങി.

ഹവ്വ : എന്നെ വീഴിച്ച സർപ്പത്തെ ഞാൻ കുറ്റം വിധിക്കുന്നില്ല. എന്റെ പിതാവിനെ വിശ്വസിച്ച് ആരാധിക്കുന്നതിൽ ഞാൻ ശ്രദ്ധിച്ചിരുന്നുവെങ്കിൽ സർപ്പത്തിന് എന്റെ അടുത്തു വരുവാൻ സാധിക്കുമായിരുന്നില്ല. ഞാൻ ചാഞ്ഞ് കൊടുക്കും എന്നു മനസിലാക്കിയതുകൊണ്ടാണ് സർപ്പം അടുത്തു കൂടിയത്. കാരണം ഞാൻ ലോകസുഖങ്ങൾക്ക് നടുവിലായിരുന്നു. സത്യത്തിൽ പിതാവിനെ സ്നേഹിക്കുന്നതിനും ആരാധിക്കുന്നതിനും വേണ്ടിയാണ് ഞങ്ങളെ സൃഷ്ടിച്ചത്. എന്നാൽ ഞങ്ങളോ ഏദന്റെ പറുദീസായിലെ സുഖസൗകര്യങ്ങളിൽ മുഴുകി ആനന്ദിച്ചു നടന്നു. എല്ലാ സൗകര്യങ്ങൾക്കു നടുവിലും കർത്താവിനെ ആരാധിക്കണം, സ്തുതിക്കണം എന്നതു ഞങ്ങൾ മറന്നു ജീവിച്ചു. സുഖസൗകര്യങ്ങളിൽ കർത്താവിനെ കാണാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. ഞങ്ങൾ നിരന്തരം സ്വർഗ്ഗത്തിലെ മാലാഖമാരെപ്പോലെ സ്തുതിച്ചു കഴിഞ്ഞിരുന്നുവെങ്കിൽ ദുഷ്ടസർപ്പത്തിന് അടുക്കാൻ പറ്റുകയില്ലായിരുന്നു. എന്റെ ഭർത്താവും സൃഷ്ടാവിനെ ആരാധിച്ചിരിക്കേണ്ടതിനു പകരം ലോകക്കാഴ്ചകൾ കാണാൻ പോയി. കണ്ണിന്റെ കൗതുകം തേടി പോയി. ഞങ്ങളുടെ കർത്താവിനെ മറന്നുള്ള ലോകസുഖങ്ങളുടെ നടുവിൽ പിശാച് നുഴഞ്ഞു കയറി. അല്ലെങ്കിൽ അവനു നുഴഞ്ഞുകയറാൻ ഞങ്ങൾ വാതിൽ തുറന്നു കൊടുത്തു. അവൻ അകത്തായി. അവനെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. അവൻ നോക്കിയിരിക്കുകയാണ് മനുഷ്യനെ വീഴിക്കാൻ. പക്ഷേ മനുഷ്യന്റെ സഹകരണം കൊണ്ടേ അവന് എന്തെങ്കിലും ചെയ്യാൻ പറ്റൂ. ഭർത്താവ് വീട്ടിൽ ഇല്ലാതിരുന്ന സമയത്ത് കർത്താവിനെ ആരാധിക്കുന്നതിനു പകരം ഞാൻ

www.malankaralibrary.com


ലോകസുഖങ്ങളിൽ മുഴുകി. പിശാചും ഈ അവസരം പാർത്തിരിക്കുക ആയിരുന്നു. എന്റെ കർത്താവേ പാപിയായ എന്നോടു ക്ഷമിക്കേണമേ.

യേശു : എന്റെ പ്രിയ മാതാവേ, ഞാൻ സൃഷ്ടിച്ച ഹവ്വായേ, നിന്നെ സൃഷ്ടിക്കുന്നതിനു മുമ്പേ നിന്റെ മകൾ മറിയത്തെ, എന്റെ അമ്മയെ, എന്റെ പിതാവ് കണ്ടു വച്ചിരുന്നു. നിങ്ങൾക്ക് ഇതൊക്കെ സംഭവിക്കുമെന്ന് എന്റെ പിതാവ് അറിഞ്ഞിരുന്നു. എന്റെ അമ്മയുടെ, മറിയത്തിന്റെ, മകൻ നിന്റെ ശത്രുവിന്റെ തല തകർക്കുമെന്ന് അന്ന് എന്റെ പിതാവ് നിന്നോടു പറഞ്ഞിരുന്നില്ലേ. അതു എന്റെ കുരിശു മരണം മൂലമുള്ള അനുസരണത്തിലൂടെ സംഭവിച്ചു.

ഹവ്വ : എന്റെ കർത്താവേ, നീ എത്ര കാരുണ്യവാൻ! ഞങ്ങളുടെ പാപത്തിനു ശേഷം അവിടുന്ന് ഞങ്ങളെ കരുണയോടെ വിശാലമായ ഭൂമിയിൽ താമസിപ്പിച്ചു. എന്നിൽ നിന്നുണ്ടായ എന്റെ മക്കൾ വർദ്ധിച്ചു പെരുകി. അതോടൊപ്പം ഭൂമിയിൽ പാപവും വർദ്ധിച്ചു. ഇന്നു സകലരും ആദിമാതാവിന്റെ അനുസരണക്കേടും പാപവുമാണ് എടുത്തു പറഞ്ഞുകൊണ്ടിരിക്കുന്നത്. അതു കേൾക്കുമ്പോൾ എന്റെ ഹൃദയം വിങ്ങുകയാണ്. എന്റെ മക്കളുടെ നാശത്തിനു കാരണം ഞാനായല്ലോ.

യേശു : ഞാൻ എല്ലാം ക്ഷമിച്ചുവല്ലോ മാതാവേ.

ഹവ്വ : എന്നോട് ക്ഷമിച്ച് രക്ഷിക്കാനാണല്ലോ അങ്ങ് കുരിശു മരണം വരിച്ച് ഉത്ഥാനം ചെയ്തത്. അതിനുവേണ്ടിയുള്ള അങ്ങയുടെ അമ്മയായ എന്റെ മകൾ മറിയത്തിന്റെ അനുസരണവും വിധേയത്വവും വർണ്ണിക്കാൻ കഴിയുന്നതല്ല. എന്റെ അനുസരണക്കേടിനെ എന്റെ മകൾ മറിയത്തിന്റെ അനുസരണം തോല്പിച്ചില്ലാതാക്കി. എന്നെ ചതിച്ചവന്റെ തല അവളുടെ അനുസരണംകൊണ്ടു തകർത്തു. എന്റെ മകൾ മറിയത്തിന്റെ പേരു പറയുമ്പോൾ പോലും ആ ദുഷ്ടശത്രുവിന് എന്റെ മക്കളുടെ അടുത്തു വരാൻ കഴിയുകയില്ല.

www.malankaralibrary.com



അവനെ ചാമ്പലാക്കാൻ കഴിയുന്നതാണ് എന്റെ മറിയത്തിന്റെ വിശുദ്ധിയും പുണ്യങ്ങളും.

യേശു : അതെ, പുണ്യങ്ങൾ മൂലം കൃപ നിറഞ്ഞ എന്റെ അമ്മ!

ഹവ്വ : ഞാൻ പാപം ചെയ്തുവെങ്കിലും ഇങ്ങനെ ഒരു മകൾ മറിയത്തെ ലഭിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. എന്റെ മകൾ വേഗം ഇങ്ങെത്തുന്നതിനുവേണ്ടി ഞാൻ കാത്തിരിക്കുകയാണ്.

യേശു : എന്റെ അമ്മേ, ആദിമാതാവേ, ഇപ്പോൾ അമ്മ എല്ലാം മനസിലാക്കിയല്ലോ. എന്റെ പിതാവിനെ നിരന്തരം സ്തുതിച്ചു വസിക്കുക.

ഹവ്വ : നന്ദി, എന്റെ കർത്താവും സൃഷ്ടാവുമായ എന്റെ മകനേ.

(ആരാധനയോടെ തിരിച്ചുപോകുന്നു)

(നിഷ്കളങ്കനായി ഹാബേൽ വന്നു കുമ്പിടുന്നു).

ഹാബേൽ : എന്റെ നാഥനായ യേശുവേ ഇതറിയാമായിരുന്നെങ്കിൽ അങ്ങയെ ആരാധിക്കാൻ അങ്ങ് സൃഷ്ടിച്ച എന്റെ അപ്പന് എന്തിന് ഈ തിന്മ അനുവദിച്ചു?

യേശു : എന്റെ കുഞ്ഞുമകനേ, മനുഷ്യന് എല്ലാം നൽകിയപ്പോൾ സ്വാതന്ത്ര്യവും ഞങ്ങൾ അനുവദിച്ചിരുന്നു. കാരണം അവൻ പൂർണ്ണമനുഷ്യനായിരുന്നു. നന്മയും തിന്മയും, ജീവനും മരണവും, പ്രകാശവും അന്ധകാരവും എല്ലാം അവന്റെ മുമ്പിലുണ്ടായിരുന്നു. ചില നിർദ്ദേശങ്ങൾ കൊടുത്തിരുന്നുവെങ്കിലും അവന്റെ സ്വാതന്ത്ര്യത്തിൽ കൈ കടത്തുന്നത് ശരിയല്ലല്ലോ. എന്നാൽ അവൻ ജീവനെ സ്നേഹിക്കാതെ മരണത്തെ സ്നേഹിക്കുവാനായി ആ സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തി. അതിൽ ഞങ്ങൾ പിന്നീട് പരിതപിച്ചു. ദൈവം സ്നേഹമായിരിക്കുന്നതുപോലെ സ്നേഹമായിത്തീരുവാൻ വേണ്ടിയാണ് മനുഷ്യനെ സൃഷ്ടിച്ചത്. സ്വാതന്ത്ര്യം ഇല്ലാതെ സ്നേഹിക്കാൻ സാദ്ധ്യമല്ലല്ലോ.

ഹാബേൽ : ഞങ്ങൾക്കുവേണ്ടി പീഡ സഹിച്ച്, നിഷ്കളങ്ക രക്തം

www.malankaralibrary.com


ചിന്തി, കുരിശിൽ മരിച്ചുയർത്ത യേശു തമ്പുരാനേ ഞങ്ങൾ അങ്ങയേ ആരാധിക്കുന്നു! സ്തുതിക്കുന്നു!

ഗീതം:- യേശുവേ നീ വലിയവൻ വലിയവൻ!
യേശുവേ നീ നല്ലവൻ നല്ലവൻ!
യേശുവേ നീ പരിശുദ്ധൻ പരിശുദ്ധൻ!
യേശുവേ നീ വല്ലഭൻ വല്ലഭൻ!

(കായേൻ നമ്രശിരസ്ക്കനായി കുമ്പിടുന്നു)

കായേൻ : എന്റെ പിതാവിന്റെ ദൈവമേ, എന്റെ പിതാവിനെ മെനഞ്ഞ കരങ്ങൾ വാഴ്ത്തപ്പെട്ടതാകട്ടെ. എനിക്കു ഹാ കഷ്ടം! ഞാൻ വലിയ പാപിയാണ്. ഞാനാണ് ലോകത്തിൽ ആദ്യം 'ശാരീരിക' കൊല നടത്തിയത്. ഞാനാണ് കൊലപാതകത്തിനു തുടക്കം ഇട്ടത്. അസൂയയുടെ മൂർത്തീഭാവമായിരുന്നു ഞാൻ. ലോകത്തെ നശിപ്പിക്കുന്ന അസൂയയെ എന്റെ അമ്മയെ വീഴ്ത്തിയ സാത്താൻ എന്നിൽ നിക്ഷേപിച്ചു. ഞാൻ പാപി! ഞാനാണ് അങ്ങയെ കൊന്നത്.

യേശു : എന്റെ പ്രിയമകനേ, "ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുമെന്ന്", (ഉല്പ. 4.7) അന്ന് നിന്നെ ഞാൻ ഓർമ്മിപ്പിച്ചതാണ്. എന്റെ കുരിശുമരണം നിന്നേയും രക്ഷിക്കാനായിരുന്നു. നിന്നെ ശാപത്തിൽ നിന്നും ഞാൻ മോചിപ്പിച്ചിരിക്കുന്നു. സമാധാനമായിരിക്കുക.

കായേൻ : എന്റെ സഹോദരന്റെ നന്മ കാണാൻ എനിക്കു കഴിഞ്ഞില്ലല്ലോ. എന്റെ യേശുവേ, കൊടും പാപിയായ എന്നെ രക്ഷിച്ച് വീണ്ടെടുത്ത എന്റെ പൊന്നേശുവേ നന്ദി, നന്ദി, സ്തുതി, സ്തുതി. എന്നേയും രക്ഷിക്കാൻ തിരുമനസായ എന്റെ കർത്താവേ നന്ദി.

(കായേൻ മുട്ടുകുത്തി കുമ്പിടുന്നു)

www.malankaralibrary.com


## രംഗം 4

(നോഹ പെട്ടകവും ഉയർത്തി പിടിച്ച് യേശുവിനെ ആരാധിക്കുന്നു)

നോഹ : ഗോഫെർ മരം ഉപയോഗിച്ച് പെട്ടകം ഉണ്ടാക്കി ജീവ ജാലങ്ങളെ രക്ഷിക്കണമെന്ന് എന്നോടു പറഞ്ഞില്ലേ? മരക്കുരിശു കൊണ്ട് അങ്ങ് മനുഷ്യകുലത്തെ രക്ഷിച്ച തിന്റെ ആരംഭം ആയിരുന്നതെന്ന് ഇപ്പോഴാണ് ഞാൻ ചിന്തിച്ചത്. മനുഷ്യവംശത്തെ രക്ഷിക്കാൻ 'മരത്തി ലൂടെ' കഴിഞ്ഞു. പ്രകൃതിയേയും മരങ്ങളേയും സൃഷ്ടിച്ചു പരിപാലിക്കുന്ന തമ്പുരാനേ, അങ്ങേ ആരാ ധിക്കുന്നു സ്തുതിക്കുന്നു.

യേശു : മകനേ, നോഹാ, നിന്റെ അനുസരണവും ഞങ്ങളി ലുള്ള വിശ്വാസവും നിന്നെ വലിയവനാക്കി. ഞാൻ പറഞ്ഞത് ശരിയാണോ എന്ന് നീ ആലോചിച്ചില്ല. ഇതു വരെ സംഭവിച്ചിട്ടില്ലാത്ത കാര്യം നടക്കുമെന്ന് നീ വിശ്വ സിച്ചു. നിന്നെപോലെ ഭൂമുഖത്തെ മനുഷ്യർ ആയിരു ന്നെങ്കിൽ! ദൈവത്തിലുള്ള വിശ്വാസം, ആഴമായ ദൈവ സ്നേഹം എന്നിവയൊക്കെ നീ ലോകത്തിനു കാണി ച്ചുകൊടുത്തു. എന്റെ ദാസൻ അബ്രഹാമിനെപോലെ, കടലിനെ വെറും മരക്കമ്പ് ഉപയോഗിച്ച് വിഭജിച്ച മോശ യെപോലെ, എന്നിലുള്ള വിശ്വാസം മൂലം ഭയക്കാതെ കടലിൽ ചാടിയിറങ്ങിയ എന്റെ പത്രോസിനെപ്പോലെ നിന്റെ വിശ്വാസം അനുസരണത്തിനു കാരണമായി. ഏദൻതോട്ടത്തിൽ നഷ്ടപ്പെട്ട അനുസരണത്തിന് നിങ്ങൾ പുതുജീവൻ നൽകി. അതുകൊണ്ടാണല്ലോ നിന്റെ ഒരു വംശത്തിൽ നിന്നും എന്റെ ജനത്തെ ഞാൻ തിരഞ്ഞെടുത്തത്. പൂർവ്വികരുടെ വിശ്വാസം ആണ് അവർക്ക് അനുഗ്രഹമായിത്തീർന്നത്.

നോഹ : എന്റെ പിതാവ് ആദാമിന്റെയും എന്റെ മക്കൾ അബ്ര ഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരുടെയും ദൈവ മായ വാഴ്ത്തപ്പെട്ട എന്റെ യേശുവേ, നിന്റെ മരക്കു രിശു മരണം എത്രയോ വാഴ്ത്തപ്പെട്ടതാകുന്നു.

ഞങ്ങളുടെ രക്ഷിതാവേ ആരാധന! ആരാധന!

www.malankaralibrary.com



## രംഗം 5

(സ്വർഗ്ഗീയ ഗണം പരിശുദ്ധൻ കീർത്തനം ആലപിക്കുന്ന ആരവത്തി നിടയിൽ അബ്രഹാം മുന്നോട്ടു കടന്നുവന്ന് കുമ്പിട്ടാരാധിക്കുന്നു.)

അബ്രഹാം : എന്റെ സ്നേഹഭാജനമായ പൊന്നേശു തമ്പുരാനേ, എനിക്കു മുമ്പു ഉണ്ടായിരുന്നവനേ, എനിക്ക് പുത്രനു മായിരുന്നവനേ, മഹത്വം! മഹത്വം! മഹത്വം!

യേശു : എന്റെ വിശ്വാസപുത്രനേ, നീ എന്റേതാണ്.

അബ്രഹാം : ഊർദേശത്തു വസിച്ചിരുന്ന എനിക്ക് അങ്ങയാൽ തിര ഞ്ഞെടുക്കപ്പെടാൻ എന്തുയോഗ്യത? ഞാൻ ചോദി ക്കാതെ എന്നെ തിരഞ്ഞെടുത്തു. ഇന്ന് എന്റെ മക്കളാ ണെന്നു പറഞ്ഞ് ഭൂമിയിൽ അവർ അഹങ്കരിച്ചു നട ക്കുന്നു. എന്നാൽ എനിക്കെന്തു യോഗ്യത? വിഗ്രഹാ രാധനക്കാരുടെ ഇടയിൽ വസിച്ചിരുന്ന എന്നെ തിര ഞ്ഞടുത്തത് എന്റെ യേശുവിന്റെ കാരുണ്യം. ഞാൻ അറിയാതെ അവിടുന്ന് എന്നെ വിളിച്ചു. സകല മനു ഷ്യരേയും പോലെ ഒരുവനായിരുന്ന എന്നെ പേരു ചൊല്ലി വിളിച്ചു. അബ്രാം! ഓ! ആ വിളിയുടെ മാധുര്യവും, ഗൗരവവും ഇന്നും ഞാൻ ഓർക്കുന്നു. ആ സ്നേഹത്തിന്റെ മുമ്പിൽ എനിക്കൊന്നും ആലോ ചിക്കാൻ ഇല്ലായിരുന്നു. എന്നിൽ വിശ്വാസമർപ്പിച്ചിരുന്ന എന്റെ ഭാര്യ “എന്റെ ദൈവം അവളുടെയും ദൈവം” എന്നു വിശ്വസിച്ച് രണ്ടാമതൊന്നു ചിന്തിക്കാതെ എന്റെ കൂടെ പുറപ്പെട്ടു. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട ഒരു ജനം ഉണ്ടായി.

യേശു : നിന്റെ വിശ്വാസത്തിൽ ഞങ്ങൾ സംതൃപ്തരാണ്. നീ വിശ്വാസികളുടെ പിതാവ് എന്ന് അറിയപ്പെടും.

അബ്രഹാം : എന്റെ നാഥാ എന്നിലൂടെ അങ്ങ് തെരഞ്ഞെടുത്ത എന്റെ മക്കളാണല്ലോ അങ്ങയോട് ഈ കടുംകൈ ചെയ്തത്. ഞങ്ങൾക്കു തന്ന ‘സ്വന്തജനം’ എന്ന ആ വലിയ ഭാഗ്യാവസ്ഥ പുറജാതികൾക്ക് കൊടുത്തിരു ന്നെങ്കിൽ അവർ അങ്ങയെ ബഹുമാനിക്കുമായിരുന്നു.

www.malankaralibrary.com


ഞാൻ എത്രയോ ഹതഭാഗ്യൻ! മക്കൾ നല്ലവരല്ലാത്ത മാതാപിതാക്കൾ എത്ര ഭാഗ്യഹീനർ.

യേശു : അബ്രഹാം, എന്റെ പിതാവേ, നീ ഭൂമിയിൽ ഹതഭാഗ്യനല്ല. "ഞങ്ങൾക്ക് പിതാവായി അബ്രഹാം സ്വർഗ്ഗത്തിലുണ്ട്," എന്നാണ് അവർ എപ്പോഴും പറയുന്നത്. "ഞങ്ങളുടെ പിതാവായ അബ്രഹാത്തെക്കാൾ വലിയവനാണോ നീ" എന്നാണ് അവർ എന്നോട് ചോദിച്ചത്. "ഞങ്ങൾ അബ്രഹാത്തിന്റെ മക്കളാണെന്ന്" പറഞ്ഞ് അവർ അഭിമാനം കൊള്ളുന്നു. അവർ ഒന്നും അറിയാത്തവർ! അബ്രഹാമിന്റേയും, ഇസഹാക്കിന്റേയും, യാക്കോബിന്റേയും മക്കളായ അവർക്കു മാത്രമേ രക്ഷ കിട്ടുകയുള്ളൂ എന്ന് സൗജന്യദാനമായി രക്ഷ ലഭിച്ച അവർ അഹങ്കരിച്ചുപോയി. ചുങ്കക്കാരും വേശ്യകളും വിജാതീയരും രക്ഷിക്കപ്പെടരുതെന്ന് നീണ്ട മേലങ്കി ധരിച്ച അവർ ആഗ്രഹിച്ചുപോയി. അവരെ പാലും തേനും ഒഴുകുന്ന കാനാൻ നാട്ടിൽ എത്തിച്ച എന്നിൽ നിന്ന് അവർ അകന്നുപോയി. എന്നിൽ നിന്നും രക്ഷ ലഭിച്ച അവർ, എന്നെ ശിക്ഷിക്കാൻ ആഗ്രഹിച്ചു. എന്റെ പിതാവിന്റെ കരുണയുടെ മുഖമായിരിക്കുന്ന ഞാൻ, അവരുടെ തിരിച്ചു വരവിനായി ഒരു 'ധൂർത്തപിതാവിനെപ്പോലെ' കാത്തിരിക്കുന്നു.

അബ്രഹാം : നാഥാ ധൂർത്തപുത്രരായിരിക്കുന്ന എന്റെ മക്കളെ അങ്ങ് സ്വീകരിക്കേണമേ. അങ്ങയുടെ ഈ തെരഞ്ഞെടുക്കപ്പെട്ട ജനം, എന്റെ മക്കൾ 'സത്യം' തന്നെ ആയ അങ്ങയെ തിരിച്ചറിഞ്ഞ് അങ്ങയുടെ 'വഴിയിലൂടെ' വന്ന് 'ജീവൻ' പ്രാപിക്കണം. അതുമാത്രമാണ് എന്റേയും ആശ.

യേശു : അതു സാധിക്കും മകനേ. "പിതാവേ നമ്മൾ ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നായിരിക്കണം" എന്നു പ്രാർത്ഥിച്ചിട്ടാണ് ഞാൻ പോന്നത്. എന്റെ പ്രാർത്ഥനയൊന്നും എന്റെ പിതാവ് തള്ളിക്കളഞ്ഞിട്ടില്ല. മരിച്ചിട്ട് നാലു ദിവസം കഴിഞ്ഞ്, ശരീരം അഴുകിപോയ ലാസറിനെപ്പോലും ഉയിർപ്പിച്ചതാണ് എന്റെ

www.malankaralibrary.com


പിതാവ്. ഈ തെരഞ്ഞെടുക്കപ്പെട്ട ജനത്തെ എന്റെ പിതാവ് പാപമരണത്തിൽ നിന്ന് ജീവനിലേക്ക് കൊണ്ടുവരും.

അബ്രഹാം : ഞാൻ വിശ്വസിക്കുന്നു. പുനരുത്ഥാനവും ജീവനും വഴിയും അങ്ങാണെന്ന് ഞാൻ വിശ്വസിച്ചേറ്റു പറയുന്നു.

അന്ന് മോറിയ മലയിൽ വച്ച് ഇസഹാക്കിനെ രക്ഷിച്ച യാഗബലിയായിത്തീർന്ന കുഞ്ഞാട് അങ്ങായിരുന്നുവെന്ന് ഇപ്പോഴാണ് എനിക്ക് മനസിലായത്.

എന്റെ പുത്രനായ, വാഴ്ത്തപ്പെട്ട കുഞ്ഞാടേ, യേശുതമ്പുരാനേ, ആരാധന! ആരാധന!

(അബ്രഹാം മുട്ടുമടക്കി കുമ്പിട്ടാരാധിച്ചു പിൻവാങ്ങുന്നു)

(മെൽക്കിസെദെക്ക് എത്രയും സമാധാനത്തോടെ വന്ന് യേശുവിനെ വണങ്ങി, ആരാധിക്കുന്നു)

മെൽക്കിസെദെക്ക് : നിത്യസമാധാനത്തിന്റെ രാജാവേ, അങ്ങേയ്ക്ക് വന്ദനം! അത്യുന്നത ദൈവത്തിന്റെ പുത്രനായ യേശുവേ അങ്ങേയ്ക്കാരാധന!

യേശു : അത്യുന്നതനായ എന്റെ പിതാവിന്റെ പുരോഹിതനായ മെൽക്കിസെദെക്ക്, നിനക്ക് സമാധാനം.

മെൽക്കിസെദെക്ക് : എന്റെ നാഥനും സർവ്വശക്തനുമായ കർത്താവേ, ഏറ്റവും എളിയ ദാസനായ എന്നെ അങ്ങയോട് സാമ്യപ്പെടുത്തുന്നുവല്ലോ. എന്റെ പിതാവോ മാതാവോ അറിയപ്പെടുന്നില്ല. വംശപരമ്പര ഒന്നും അവകാശപ്പെടാനില്ല. എന്റെ ജനനമോ മരണമോ ഒന്നും അറിയപ്പെടുന്നില്ല. എങ്കിലും നിത്യപുരോഹിതൻ ആയ അങ്ങയോടു സാദൃശ്യപ്പെടാൻ ഈ ദാസൻ ആര്? അങ്ങയുടെ ഈ മകനെ അനുഗ്രഹിക്കണമേ.

യേശു : മകനേ, സമാധാനത്തോടെ വസിക്കുക. നിന്റെ പേര് എന്നേക്കും അറിയപ്പെടും. എന്നേക്കും ബലിപീഠത്തിങ്കൽ നീയും ഓർമ്മിക്കപ്പെടും. ഇത് എന്റെ പിതാവിന്റെ അനാദിയിലേ ഉള്ള തീരുമാനം ആണ്. അതിനുവേണ്ടിയാണ് നിന്നെ ആരംഭവും അവസാനവും അറിയപ്പെടാത്തവനായി സൃഷ്ടിച്ചത്.

www.malankaralibrary.com



മെൽക്കിസെദെക്ക് : എന്റെ നാഥാ, വിശ്വാസികളുടെ പിതാവ് എന്നറിയപ്പെടുന്ന അബ്രഹാം എനിക്ക് ദശാംശം തന്നതുവഴി എന്നെ യഹൂദന്മാരുടെ പിതാവായ അബ്രഹാത്തെക്കാൾ അങ്ങ് വലിയവനാക്കി. യഥാർത്ഥത്തിൽ അബ്രഹാത്തിന്റെ മക്കളിൽ നിന്ന് അദ്ദേഹത്തിന്റെ ഒരു മകനായ ലേവിക്കായിരുന്നല്ലോ അങ്ങ് പിന്നീട് ദശാംശം അനുവദിച്ചിരുന്നത്. എന്നാൽ അബ്രഹാം എനിക്കു അത് തന്നതുവഴി ദശാംശം സ്വീകരിക്കേണ്ട ലേവി എനിക്ക് ദശാംശം കൊണ്ടുത്തരികയായിരുന്നുവല്ലോ. എന്റെ കർത്താവേ അങ്ങയുടെ പദ്ധതി ആർക്ക് മനസ്സിലാക്കാൻ കഴിയും?

യേശു : എന്റെ മകനേ, നീ പറഞ്ഞതു ശരിതന്നെ. എന്നാൽ ഞാൻ പുരോഹിതരായി തിരഞ്ഞെടുത്തിരുന്ന ലേവ്യമക്കൾ എന്റെ ആഗ്രഹത്തിനൊത്തവിധം വളർന്നില്ല. നിനക്കറിയാമല്ലോ, ലേവിയുടെ മകനിലൂടെയാണ് ഞാൻ അവർക്ക് നിയമം നൽകിയത്. എന്നാൽ ആ നിയമത്താൽ പൂർണ്ണത പ്രാപിക്കുന്നതിൽ അവർ തികച്ചും പരാജയപ്പെട്ടു. അതുകൊണ്ട് ലേവിയുടെ ക്രമത്തിൽ നിന്നും, അതായത് അഹറോന്റെ ക്രമത്തിൽ നിന്നും വ്യത്യസ്തമായി വേറൊരു പുരോഹിതൻ ഉണ്ടാവുക ആവശ്യമായിരുന്നു. അതിനാൽ നിന്റെ ക്രമപ്രകാരം മറ്റൊരു പൗരോഹിത്യം ഞാൻ വരുത്തി. പുരോഹിതൻ മാറിയപ്പോൾ നിയമവും മാറ്റേണ്ടതായിട്ടു വന്നു. അങ്ങനെ പുരോഹിതൻ ആകാൻ അവകാശം ഇല്ലാതിരുന്നതും, ഇതുവരെ ആരും പുരോഹിത ശുശ്രൂഷ ചെയ്തിട്ടില്ലാത്തതുമായ ഒരു വംശത്തിൽ നിന്ന്, യൂദാവംശത്തിൽ നിന്ന്, ഒരു പുരോഹിതനും ആ പുതിയ പുരോഹിതന്റെ പുതിയ നിയമവും സ്ഥാപിതമായി. മെൽക്കിസെദെക്കിന്റേതുപോലെ ആ പൗരോഹിത്യം മുൻ അവകാശം ഇല്ലാത്തതാണ്.

പുതിയ ക്രമപ്രകാരം ഉള്ള പുരോഹിതൻ വന്നപ്പോൾ പുതിയ നിയമവും വന്നു. കാരണം നേരത്തേ ഉണ്ടായിരുന്നത് നിഷ്പ്രയോജനം ആയിപ്പോയി. പഴയത് ഒരു

www.malankaralibrary.com


നന്മയും ഉളവാക്കിയില്ല. അതിനുപകരം വിശ്വാസവും പ്രത്യാശയും സ്നേഹവും അതിന്റെ സ്ഥാനത്തു വന്നു.

തന്നെയുമല്ല, പഴയ പുരോഹിതർ എല്ലാം മരിച്ചു. പുതിയ പുരോഹിതനു മരണമില്ല. അവൻ നിന്നെപ്പോലെ എന്നേക്കും ജീവിക്കുന്നവനും നിത്യപുരോഹിതനുമാണ്. അങ്ങനെ പരിശുദ്ധനും നിഷ്കളങ്കനുമായ ഒരു നിത്യപുരോഹിതൻ ഉണ്ടായി. ഇനിയും പഴയതുപോലെ സ്വന്തം പാപങ്ങൾക്കു വേണ്ടിയും ജനത്തിന്റെ പാപങ്ങൾക്കു വേണ്ടിയും അനുദിനം ബലിയർപ്പിക്കേണ്ടതില്ല. അവൻ സ്വയമേ ബലിയർപ്പിച്ചുകൊണ്ട് എന്നേക്കുമായി ഒരിക്കൽ ബലി അർപ്പിച്ചിരിക്കുന്നു; നീ അബ്രഹാമിന്റെ സന്നിധിയിൽ വച്ച് ഒരിക്കൽ മാത്രം ബലി അർപ്പിച്ചതുപോലെ. ഈ നിയോഗത്തിനു വേണ്ടിയാണ് ഞാൻ ഭൂമിയിലേക്ക് വന്നത്. അതു സാധിച്ചു കഴിഞ്ഞു. അങ്ങനെ ഞാൻ നിന്റെ ക്രമപ്രകാരം എന്നേക്കും പുരോഹിതനാകുന്നു.

മെൽക്കിസെദെക്ക് : നാഥാ അങ്ങയുടെ വഴികൾ അഗ്രാഹ്യം. അങ്ങയുടെ ചിന്തകൾ സ്വർഗ്ഗത്തോളം ഉയർന്നത്. ബലഹീനനായ ഞാനും ആ പദ്ധതിയിൽ പങ്കാളി ആയി. അത് അങ്ങയുടെ കൃപ. അങ്ങ് എന്നേക്കും വാഴ്ത്തപ്പെട്ടവനാകുന്നു.

യേശു : മെൽക്കിസെദെക്ക് ഭൂമിയിൽ നിന്റെ ക്രമപ്രകാരം ബലി എന്നും അർപ്പിക്കപ്പെടും. അങ്ങനെ നിന്റെ നാമം എന്നേക്കും അറിയപ്പെടും.

മെൽക്കിസെദെക്ക് : അങ്ങയുടെ നാമത്തിന് മഹത്വം ഉണ്ടാകട്ടെ.

യേശു : നിത്യപുരോഹിതനാൽ നിത്യരക്ഷ സാധിച്ചത് കോലാടുകളുടേയോ, കാളക്കിടാങ്ങളുടേതോ രക്തത്തിലൂടെയല്ല; സ്വന്തം രക്തത്തിലൂടെയാണ്.

മെൽക്കിസെദെക്ക് : എന്റെ കർത്താവേ, എങ്കിൽ പിന്നെ ആദ്യത്തെ നിയമവും ബലിയും എന്തിനുവേണ്ടി ആയിരുന്നു?

യേശു : ആദ്യത്തെ നിയമം വരാനിരിക്കുന്ന നന്മകളുടെ 'നിഴൽ' മാത്രമായിരുന്നു. അവർ അന്ന് അർപ്പിച്ച ബലികൊണ്ട്,

www.malankaralibrary.com


അതായത് കാളകളുടെയും കോലാടുകളുടെയും രക്തം കൊണ്ട് അവരുടെ പാപം കഴുകിക്കളയാൻ കഴിഞ്ഞില്ല. എന്നാൽ ആ ബലി അവരുടെ പാപം ഓർക്കുന്നതിനു സഹായിച്ചു. അവരുടെ പാപമെല്ലാം കഴുകിക്കളഞ്ഞത് കുരിശിലെ എന്റെ ബലികൊണ്ട് മാത്രമാണ്. അത് ഒരിക്കൽ മാത്രം മതി. അതിനാണ് ഞാൻ വന്നത്. അതേ, ആദ്യത്തെ ബലി ഇല്ലാതാക്കാനായി രണ്ടാമത്തെ ബലി സ്ഥാപിച്ചു. അത് ഒരിക്കൽ മാത്രം അർപ്പിക്കപ്പെട്ടു. നിന്റെ സാലേമിലെ ബലിപോലെ.

അപ്രകാരം നിന്റെ സാലേമിലെ ബലിക്ക് എന്റെ കുരിശിലെ ബലിയെ അനുസ്മരിപ്പിക്കുന്ന പ്രാധാന്യം ഉള്ളതുകൊണ്ടാണ് മെൽക്കിസെദെക്കിന്റെ ക്രമപ്രകാരമുള്ള ബലി ഭൂമിയിൽ അർപ്പിക്കപ്പെടാൻ പോകുന്നത്.

മെൽക്കിസെദെക്ക് : എന്റെ ദൈവവും കർത്താവുമായവനേ, ഞാൻ അവിടുത്തെ മുമ്പിൽ കുമ്പിടുന്നു. എന്നെ ഇപ്രകാരം യോഗ്യനാക്കിത്തീർത്ത ദൈവമേ, ഞാൻ എങ്ങനെയാണ് അങ്ങേയ്ക്ക് നന്ദി പറയുക? അങ്ങയുടെ പിതാവും അങ്ങും പരിശുദ്ധാത്മാവും എന്നേക്കും സ്തുതിക്കപ്പെടട്ടെ.

നാഥാ, ആരാധന! ആരാധന!

(തെല്ലു വിഷമത്തോടെ സാറാ അടുത്തുവന്നു മുട്ടുകുത്തുന്നു)

യേശു : എന്റെ വിശ്വസ്തദാസൻ അബ്രഹാമിന്റെ ഭാര്യയായ സാറാ, എന്റെ മകളേ നിന്നെ ഞാൻ അനുഗ്രഹിക്കുന്നു.

സാറാ : അങ്ങേയ്ക്കായിരം ആരാധന! മഹത്വപൂർണ്ണനായവനേ സ്തോത്രം. തകർന്ന ഹൃദയവുമായിട്ടാണ് അങ്ങയുടെ മുമ്പിൽ ഞാൻ നിൽക്കുന്നത്.

യേശു : എന്റെ മകളേ ധൈര്യമായിരിക്കുക.

സാറാ : എന്റെ കർത്താവേ, വാഗ്ദാനങ്ങളിൽ വിശ്വസ്തനായ എന്റെ ദൈവത്തിന്റെ വചനം വിശ്വസിച്ച് ക്ഷമയോടെ കാത്തിരിക്കുവാൻ ഞാൻ പരാജയപ്പെട്ടുപോയി. എന്റെ അവിവേകവും, എടുത്തുചാട്ടവും എത്ര വിനയാണ്

www.malankaralibrary.com


വരുത്തിവച്ചിരിക്കുന്നത്. എന്റെ ഈ എടുത്തുചാട്ടത്തിൽ എന്റെ ഭർത്താവ് നിരപരാധിയാണ്. അദ്ദേഹം കരുണാനിധിയും ദൈവത്തിൽ മാത്രം ശരണപ്പെടുന്നവനുമാണ്. എന്റെ തിടുക്കവും അത്യാഗ്രഹവും മൂലം ഞാൻ എന്റെ ബുദ്ധിയിൽ ശരണപ്പെട്ടു. അതിൽ ഇന്നു ഞാൻ പരിതപിക്കുന്നു.

ഹാഗാർ പോലും നിരപരാധി ആയിരുന്നു. എന്റെ ദാസി ആയിരുന്നതുകൊണ്ട് അവൾ അനുസരിച്ചു എന്നുമാത്രം. സ്ത്രീകളുടെ എടുത്തുചാട്ടവും, പെട്ടെന്ന് എടുക്കുന്ന തീരുമാനവും മൂലം കുടുംബങ്ങളിൽ പല പ്രശ്നങ്ങളും ഇന്നുണ്ടാകുന്നു എന്നു കാണുമ്പോൾ ഞാനായിരുന്നുവല്ലോ അത്തരം മനോഭാവങ്ങൾക്ക് തുടക്കം ഇട്ടത് എന്നോർത്ത് ഞാൻ പശ്ചാത്തപിക്കുന്നു. എന്റെ ഭർത്താവിനെപ്പോലെ ദൈവത്തെ പൂർണ്ണമായി വിശ്വസിച്ചുകൊണ്ട് ക്ഷമയോടെ കഴിഞ്ഞാൽ മതിയായിരുന്നു. കർത്താവേ, സ്ത്രീവർഗ്ഗത്തിന്റെ അവിവേകം പൊറുക്കണമേ. എന്റെ അവിവേകം നിമിത്തം അങ്ങയുടെ സഭ അനുഭവിക്കുന്ന പ്രയാസങ്ങൾ കണ്ട് എന്റെ ഹൃദയം വേദനിക്കുന്നു.

യേശു : എന്റെ മകളേ.... സാറാ, നീ വിഷമിക്കേണ്ട. എന്റെ സഭയ്ക്കുണ്ടാകുന്ന പീഡനത്തിൽ സഭ തളർന്നു പോകുകയല്ലാ; പിന്നെയോ, ആ പീഡനം, അതിൽ നിന്നുണ്ടാകുന്ന രക്തസാക്ഷികൾ, സഭയെ വളർത്തുകയേ ഉള്ളൂ. അവൾക്ക് ഒരു കുറവും ഉണ്ടാവുകയില്ല.

സാറാ : എന്റെ നാഥാ, ഈ വിഷയത്തിൽ ഞാൻ വളരെയധികം തകർന്നവളാണ്. അങ്ങയെ സ്നേഹിക്കുന്നതിന്റെ പേരിൽ എത്രയോ നിരപരാധികളാണ് വാളിനും, അഗ്നിക്കും പീഡനത്തിനും ഇരയായി രക്തസാക്ഷികൾ ആയിട്ടുള്ളത്.

യേശു : നിനക്കറിയാമല്ലോ, പ്രതികൂലങ്ങളുടെ മദ്ധ്യത്തിലേ ഒരു മരം ശക്തിപ്പെട്ടു വളരുകയുള്ളൂ. അനുകൂല സാഹചര്യത്തിൽ അത് ലോലമായ ചെടി ആയിപ്പോകും. വെയിലേറ്റു വാടും. എന്നാൽ കാട്ടിൽ വളരുന്ന മരം എത്ര

www.malankaralibrary.com


ശക്തിയുള്ളതാണ്.

എന്റെ സഭ ഈ പ്രതികൂലങ്ങളുടെ നടുവിലാണ് ബലപ്പെടുന്നത്. സംഭവിച്ചതെല്ലാം എന്റെ പിതാവിന്റെ പദ്ധതി അനുസരിച്ചാണ്. പിതാവ് അറിയാതെ ഒന്നും ഭൂമിയിൽ നടക്കുന്നില്ല. ഇസ്മായേലും അവന്റെ മക്കളും എന്റേതാണ്. അതുകൊണ്ടാണല്ലോ, ഹാഗാറിനേയും ഇസ്മായേലിനേയും അന്നു ഞാൻ അനുഗ്രഹിച്ചത്. അവർ ചെയ്യുന്നതെല്ലാം ശരിയാണെന്ന് ഞാൻ പറയുന്നില്ല. എന്നാൽ അതുമായി ബന്ധപ്പെട്ടതെല്ലാം എന്റെ പിതാവിന്റെ പദ്ധതിയുടെ ഭാഗമാണ്. എന്റെ വിശ്വസ്ത ദാസനായ അബ്രഹാമിനെ ഓർത്ത് ഞാൻ നിന്നെ അനുഗ്രഹിക്കുന്നു. നീ ദൈവത്തിന് നന്ദി പറഞ്ഞ് ആരാധിക്കുക.

(സാറാ നന്ദി നിറഞ്ഞ ഹൃദയത്തോടെ തിരിച്ചുപോകുന്നു.)

(ഇസഹാക്ക് തന്റെ നിഷ്കളങ്കതയോടെ വന്ന് യേശുവിനെ കുമ്പിട്ട് ആരാധിക്കുന്നു.)

ഇസഹാക്ക് : എന്റെ യേശുവേ നന്ദി. ദൈവത്തിന്റെ പദ്ധതിയോട് ചേർന്നുനിന്ന ആദ്ധ്യാത്മിക സമ്പത്തുള്ള ഭാര്യ റെബേക്കായെ എനിക്കു തന്ന എന്റെ ദൈവം വാഴ്ത്തപ്പെട്ടവനാകുന്നു. അവളെ എനിക്കുവേണ്ടി കാണിച്ചു തന്ന മാർഗ്ഗം പോലും എത്ര തനിമയുള്ളതായിരുന്നു. ആ സംഭവം മൂലം അങ്ങ് എന്നെ തെരഞ്ഞെടുത്തതാണെന്ന് ഞാൻ ആഴമായി വിശ്വസിച്ചു. എന്നിൽ നിന്നും എന്റെ നല്ലവളായ ഭാര്യയിൽ നിന്നും വന്ന തെറ്റുകൾ ഒന്നും അങ്ങ് കണക്കിലെടുക്കല്ലേ. എന്റെ മക്കളെ അനുഗ്രഹിക്കണമേ. എന്റെ മകന്റെ പേരിലാണല്ലോ ലോകമുള്ള കാലത്തോളം അങ്ങയുടെ ജനം അറിയപ്പെടുന്നത്. ആ മകന്റെ പിതാവായിരിക്കുവാൻ എന്നെ അനുഗ്രഹിച്ച ദൈവമേ അങ്ങയെ ഞാൻ സ്തുതിക്കുന്നു.

അത്യുദാരൻ! അങ്ങേയ്ക്ക് മഹത്വം.

www.malankaralibrary.com



യേശു : മകനേ നിങ്ങളിലൂടെ എന്റെ ജനം അറിയപ്പെടണമെന്നത് എന്റെ പിതാവിന്റെ പദ്ധതിയാണ്. ആ ജനത്തെ ഞാൻ അനുഗ്രഹിക്കുന്നു. ഇന്നും അവർ ബലിയർപ്പിക്കുമ്പോഴും, പ്രാർത്ഥിക്കുമ്പോഴും "അബ്രഹാത്തിന്റേയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ" എന്നുപറഞ്ഞുകൊണ്ട് നിങ്ങളുടെ പേരുകൾ അനുസ്മരിക്കുന്നു.

ഇസഹാക്ക് : യേശുവേ അങ്ങേയ്ക്ക് മഹത്വം! (കുമ്പിടുന്നു)

(രോമാവൃതമായ ചുമന്ന കുപ്പായം അണിഞ്ഞുകൊണ്ട് നമ്രശിരസ്കനായി ഏസാവ് വന്ന് കുമ്പിടുന്നു)

ഏസാവ് : എന്റെ കർത്താവായ യേശുവേ, എനിക്കും എന്റെ മക്കൾക്കും വേണ്ടി വിരിമാറ് കുത്തി പിളർക്കപ്പെട്ട് കുരിശുമരണം വരിച്ചവനേ അങ്ങേ ഞാൻ ആരാധിക്കുന്നു. ഞങ്ങളെ നിന്റെ സ്വന്തമാക്കുവാൻ രാജകീയ സ്വർഗ്ഗസൗഭാഗ്യം ഉപേക്ഷിച്ച് ഹീന മാനുഷവേഷം ധരിച്ചവനേ, അങ്ങേയ്ക്ക് ഞാൻ എങ്ങനെയാണ് നന്ദി പറയുക.

യേശു : എന്റെ മകനേ, എന്റെ വാത്സല്യഭാജനമായ ഇസഹാക്കിന്റെ മകനേ, നീ എന്റേതാണ്.

ഏസാവ് : അങ്ങയുടെ വിശിഷ്ടദാനമായ കടിഞ്ഞൂൽ പുത്രസ്ഥാനം അതിന്റെ മഹത്വം മനസിലാക്കാതെ എന്റെ മോഹത്തെ തൃപ്തിപ്പെടുത്താനായി നഷ്ടപ്പെടുത്തിയവനാണ് ഹതഭാഗ്യനായ ഞാൻ. വിഗ്രഹങ്ങളെ ആരാധിക്കുന്നവരെ സ്വീകരിച്ചവനാണ് ഞാൻ. അതുമൂലം എന്റെ മാതാപിതാക്കളെ വിഷമിപ്പിച്ച മഹാപാപിയാണ് ഞാൻ. എന്റെ പിതാവിന്റെ ദൈവത്തെ ഉപേക്ഷിച്ച് വിഗ്രഹാരാധനക്കാരായ ഭാര്യമാരുടെ പുറകേ പോയല്ലോ ഞാൻ. എന്നിട്ടും അങ്ങ് എന്നെ ഉപേക്ഷിച്ചില്ല. അപ്പന്റെ സ്നേഹം മനസ്സിലാക്കാൻ കഴിയാത്ത പാപിയാണ് ഞാൻ. ഞാൻ അങ്ങയോടു മാപ്പ് ചോദിക്കുന്നു. എന്റെ മക്കളും അങ്ങയുടെ രാജ്യത്തിന് അവകാശികൾ ആക

www.malankaralibrary.com



ണമെന്ന് ഏതൊരപ്പനും പ്രാർത്ഥിക്കുന്നതുപോലെ ഞാനും ഹൃദയം നുറുങ്ങി പ്രാർത്ഥിക്കുന്നു.

യേശു : ഏസാവ്, എന്റെ മകനേ, നിന്റെ തലമുറയേയും ഞാൻ അനുഗ്രഹിക്കുന്നു. എനിക്ക് എല്ലാവരും മക്കളാണല്ലോ.

ഏസാവ് : യേശുവേ നന്ദി, മഹത്വം, സ്തോത്രം.

(കുനിഞ്ഞ ശിരസുമായി യാക്കോബ് പ്രത്യക്ഷപ്പെട്ട് താണുവണങ്ങി ആരാധിക്കുന്നു.)

യേശു : എന്റെ തെരഞ്ഞെടുക്കപ്പെട്ട ദാസനേ, യാബോക്ക് നദീ തീരത്തുവച്ച്, പെനുവേലിൽ വച്ച് മൽപ്പിടിത്തം ഉണ്ടായി ശക്തിപ്പെട്ടതുപോലെ ശക്തിയോടെ എഴുന്നേൽക്കുക. എന്നോട് 'മത്സരിച്ച്' വിജയിച്ചവനാണ് നീ.

യാക്കോബ് : അത്യുന്നത സർവ്വശക്തനായ ദൈവത്തെ അഭിമുഖീകരിച്ചവനായ പെനുവേലും ദൈവത്തോടു യുദ്ധം ചെയ്തവനായ ഇസ്രായേലുമായ ഈ എളിയദാസൻ, ചതിയും വഞ്ചനയും എങ്ങനെയെന്ന് ലോകത്തെ പഠിപ്പിച്ചവനായ അടിയൻ അങ്ങയെ താണുവണങ്ങി ആരാധിക്കുന്നു.

യേശു : എന്റെ ദാസനായ യാക്കോബേ, ഞാൻ തിരഞ്ഞെടുത്ത ഇസ്രായേലേ കേൾക്കുക. "നിന്നെ സൃഷ്ടിക്കുകയും ഗർഭപാത്രത്തിൽ നിനക്കു രൂപം നൽകുകയും നിന്നെ സഹായിക്കുകയും ചെയ്യുന്ന ഞാൻ നിന്നെ ഓർമ്മിപ്പിക്കുന്നു; ഞാൻ തിരഞ്ഞെടുത്ത ജഷ്റൂനേ നീ ഭയപ്പെടേണ്ട." (ഏശയ്യാ 44.2)

യാക്കോബ് : വാഗ്ദാനങ്ങളിൽ വിശ്വസ്തനായ എന്റെ നാഥാ, പാപിയായ എന്നോട് അവിടുന്ന് വാഗ്ദാനം ചെയ്തതെല്ലാം എന്റെ ചതിക്കും വഞ്ചനയ്ക്കും പകരമായി നീ എനിക്കു തന്നു. ഞാൻ പേടിച്ചോടിയപ്പോൾ മാലാഖമാരെ താഴേക്കിറക്കി എന്നെ ബലപ്പെടുത്തിയ എന്റെ കർത്താവേ അന്നുമുതൽ എന്റെ പാപങ്ങളിൽ നിന്നു പിന്തിരിയുവാൻ ഞാൻ തീരുമാനിച്ചു. അതിനുശേഷം അറിഞ്ഞുകൊണ്ട് ഒരു പാപവും ചെയ്യാതിരിക്കാൻ

www.malankaralibrary.com


അവിടുന്ന് എന്നെ സഹായിച്ചു. കാരണം എനിക്കു വേണ്ടി അങ്ങ് വലിയ കാര്യങ്ങൾ സൂക്ഷിച്ചുവച്ചിരുന്നു.

യേശു : "യാക്കോബേ, നിന്നെ ഞാൻ പേരുചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്. സമുദ്രത്തിലൂടെ കടന്നുപോകുമ്പോൾ ഞാൻ നിന്നോടുകൂടി ഉണ്ടായിരിക്കും. അഗ്നിയിലൂടെ കടന്നാലും നിനക്ക് പൊള്ളലേൽക്കുകയില്ല. ജ്വാല നിന്നെ ദഹിപ്പിക്കുകയുമില്ല" (ഏശയ്യ. 43.1,2) എന്നു പറഞ്ഞ് ഞാൻ നിന്നെ ബലപ്പെടുത്തിയത് നീ മറന്നുപോയോ?

യാക്കോബ് : ഈ ദാസൻ എല്ലാം ഓർക്കുന്നു കർത്താവേ. "ഗർഭത്തിൽത്തന്നെ എന്നെ കർത്താവ് വിളിച്ചു. അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ അവിടുന്ന് എന്നെ നാമകരണം ചെയ്തു." (ഏശയ്യ 49.1). ഈ വലിയ ഭാഗ്യത്തിന് നന്ദി നാഥാ.

യേശുവേ, അങ്ങ് എന്നോടു പറഞ്ഞു, "മുല കുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാവുമോ. അമ്മ എന്നെ മറന്നാലും അങ്ങ് എന്നെ മറക്കുകയില്ലെന്ന്" (ഏശയ്യ 49.15). ഈ സുരക്ഷിതത്വം നൽകുന്ന അങ്ങ് ഞങ്ങളുടെ മേൽ എത്ര കരുണയുള്ളവനാണ്.

യാക്കോബ് : എന്റെ പേര് അങ്ങയുടെ ഉള്ളം കയ്യിൽ രേഖപ്പെടുത്തിയല്ലോ! (ഏശയ്യ 49.16). സർവ്വശക്തനല്ലാതെ ആർക്ക് ഇതു സാധിക്കും. ഇത്ര കരുണയുള്ളവനായ അങ്ങയെ ആണല്ലോ എന്റെ ഈ മക്കൾ ഏറ്റവും നികൃഷ്ടമായും, ക്രൂരമായും കൊന്നത്. അവരുടെ ഹൃദയകാഠിന്യത്തെ ഓർത്ത് എനിക്ക് നിവർന്നു നിൽക്കാൻ കഴിയുന്നില്ല. എന്റെ കുഞ്ഞു യൗസേഫിനെ പൊട്ടക്കിണറ്റിൽ തള്ളിയിട്ട് കൊല്ലാൻ മടിക്കാത്ത കഠിനഹൃദയരാണ് എന്റെ മക്കൾ. എന്റെ നാഥാ അവരോട് ക്ഷമിക്കേണമേ.

യേശു : എന്റെ ദാസനായ ഇസ്രായേലേ, ഇതൊന്നും ഓർത്തു നീ ഭാരപ്പെടേണ്ട. അവർ ക്രൂരതയോടെ കുഞ്ഞു യൗസേഫിനോട് ചെയ്തതു നിമിത്തമാണ് എന്റെ

www.malankaralibrary.com


ജനത്തെ എനിക്കു വേർതിരിച്ചെടുക്കുവാനും, അവർ എന്റെ സ്വന്തം ജനമാണെന്ന് ലോകത്തിനു മനസ്സി ലാക്കി കൊടുക്കുവാനുമൊക്കെ സാധിച്ചത്. ഇതൊക്കെ എന്റെ പിതാവിന്റെ രക്ഷാകരപദ്ധതിയുടെ ഭാഗമാണ്. ആരേയും കുറ്റപ്പെടുത്തുവാൻ ആർക്കും അവകാശം ഇല്ല. അവരുടെ മാലാഖ എന്റെ പിതാവിന്റെ സന്നിധി യിൽ സദാ ഉണ്ടെന്ന് ഓർത്തുകൊള്ളുക.

യാക്കോബ് : എന്റെ നാഥാ, അടിയനോട് ക്ഷമിക്കണമേ. എന്റെ മക്കൾ ക്രൂരതയോടെ ചെയ്തതോർത്ത് ഹൃദയവ്യഥ കൊണ്ട് പറഞ്ഞുപോയതാണ്.

യേശു : അതു സാരമില്ല. എന്റെ പിതാവ് കരുണാമൂർത്തിയാണ്. നിനക്കറിയാമല്ലോ, "അവരെ രക്ഷിക്കാനാവാത്ത വിധം എന്റെ കരം കുറുകിപ്പോയിട്ടില്ല'' (ഏശയ്യ 50.2). "മലകൾ അകന്നു പോയേക്കാം. കുന്നുകൾ മാറ്റപ്പെ ട്ടേക്കാം. എന്നാൽ എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല (ഏശയ്യ 54.10). കാരണം "നീ എനിക്ക് വിലപ്പെട്ടവനും ബഹുമാന്യനുമാണ്" (ഏശയ്യ 43.4). "നീ പ്രാർത്ഥിച്ചാൽ ഞാനുത്തരമരുളും. നീ നില വിളിക്കുമ്പോൾ ഇതാ ഞാൻ എന്നു ഞാൻ മറുപടി തരും" (ഏശയ്യാ 58.9). നീ "ഭയപ്പെടേണ്ട".

ഒന്നുമാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. "ആത്മാവിൽ എളിമയും അനുതാപവും ഉണ്ടായിരിക്കുക." (ഏശയ്യാ 66.2)

യാക്കോബ് : എന്റെ നാഥനായ യേശുവേ, ഈ ദാസനെ ഇത്ര ത്തോളം സ്നേഹിക്കുവാൻ അടിയൻ ആരാണ്? "അങ്ങ യുടെ കൃപാകടാക്ഷത്തിന് എനിക്ക് എന്ത് അർഹത. അങ്ങ് ഞങ്ങളെ മാലാഖമാരേക്കാൾ അല്പം മാത്രം താഴ്ത്തി ബഹുമാനിച്ചുവല്ലോ. അങ്ങയുടെ ആത്മാ വിനെ നൽകി രാജകീയ പുരോഹിതർ ആക്കിയല്ലോ. അങ്ങു നൽകിയ കൃപകൾ എത്ര മഹനീയം.

അബ്രഹാത്തിന്റേയും ഇസഹാക്കിന്റേയും ഈ ദാസ ന്റേയും ദൈവമേ അങ്ങേയ്ക്ക് ആരാധന, മഹത്വം, സ്തോത്രം.

www.malankaralibrary.com


ഗീതം : “അബ്രഹാമിൻ ദൈവം ഇസഹാക്കിൻ ദൈവം
യാക്കോബിൻ ദൈവമെന്നും കൂടെയുള്ളതാൽ (2)
മനമേ ഭയമൊന്നും വേണ്ടിനിയും

യാക്കോബ് സന്തോഷവദനനായി കുമ്പിട്ടാരാധിക്കുന്നു.

(ഒരു വിങ്ങലും മൂളലും കരച്ചിലും കേൾക്കുന്നു. നാല്പതു ദിവസം മുഴുവൻ കരഞ്ഞ് തളർന്ന കണ്ണുകളുമായി താമാർ കടന്നുവരുന്നു. അവളുടെ സങ്കടം വർണ്ണിക്കാൻ കഴിയുമായിരുന്നില്ല. അവൾ കമഴ്ന്ന് കുമ്പിടുന്നതല്ലാതെ, ഒന്നും പറയുന്നുണ്ടായിരുന്നില്ല.)

യേശു : മകളേ എഴുന്നേൽക്കൂ, ധൈര്യമായിരിക്കു.

താമാർ : എന്റെ രക്ഷിതാവേ! (ഏങ്ങലടിച്ചു കരയുന്നു).

യേശു : സകല പാപികളേയും രക്ഷിക്കാനാണ് ഞാൻ കുരിശിൽ മരിച്ചത്. താമാർ, നിന്നെപോലെയുള്ള ധാരാളം പേരെ അടുത്തു കണ്ട് സംസാരിച്ചിട്ടാണ് ഞാൻ വന്നത്. പാപത്തിൽ മാത്രം ജീവിച്ച അനേകം മക്കളെ സുഖപ്പെടുത്തി. രോഗസൗഖ്യം നൽകി. ഞാൻ എന്നെത്തന്നെ പൂർണ്ണമായി ശൂന്യവൽക്കരിച്ചു. നിങ്ങളെ വിശുദ്ധരാക്കാൻ വേണ്ടി ക്രൂശുമരണത്തിലൂടെ നിങ്ങളുടെ പാപം ഞാൻ ഏറ്റെടുത്തു പരിഹാരം ചെയ്തു. നിങ്ങളുടെ കരച്ചിലല്ല; നിങ്ങളുടെ സ്നേഹമാണ് ഇനിയും ആവശ്യം. അത് ഭൂമിയിൽ ഉള്ളവർ ചെയ്താൽ മതിയായിരുന്നു.

താമാർ : എന്റെ കർത്താവേ എനിക്കു വേണ്ടിയുള്ള നിന്റെ കുരിശുമരണം എനിക്കു സഹിക്കാൻ വയ്യായിരുന്നു. എനിക്കു വേണ്ടിയുള്ള നിന്റെ താഴ്മയും, നിന്റെ ശൂന്യവൽക്കരണവും അതിഭയങ്കരമായിരുന്നു. അങ്ങയെ ഒന്നു നോക്കാൻ പോലും എനിക്കർഹതയില്ല. ശരീരവും മനസ്സും തകർന്നവളാണ് ഞാൻ.

യേശു : മകളേ, ഇതുവരെ ജനിച്ചിട്ടുള്ളവരും ഇനിയും ജനിക്കാൻ പോകുന്നവരുമായ സകല ചുങ്കക്കാരേയും വേശ്യകളേയും പാപികളേയും തേടി ഇറങ്ങിയവനായിരുന്നു ഞാൻ. ആരോഗ്യമുള്ളവരെ തേടിയല്ല, രോഗികളെ തേടിയുള്ള വൈദ്യനായിരുന്നു ഞാൻ.

www.malankaralibrary.com


"ദാഹിക്കുന്നവർ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ" ഞാൻ അവർക്ക് ജീവന്റെ ഉറവയായ ജീവജലം കൊടുക്കും. അവർ അതിൽ നിന്നു കുടിച്ച് തൃപ്തരാകും. അതിനുവേണ്ടി പരിശുദ്ധാത്മാവിനെ ഞാൻ അവർക്കു നൽകും. മകളേ, സമാധാനത്തോടെ വസിക്കുക, സൈന്യങ്ങളുടെ കർത്താവിനെ വാഴ്ത്തുക.

താമാർ : നാഥാ ആരാധന, ആരാധന, നന്ദി, സ്തുതി.

(കുഞ്ഞാടിന്റെ മുഖഭാവത്തോടുകൂടി പൂർവ്വയൗസേഫ് നിഷ്കളങ്ക പുഞ്ചിരിയുമായി ഏറ്റം ബഹുമാനാദാരത്തോടെ വന്ന് യേശുവിന്റെ മുമ്പിൽ വണങ്ങുന്നു, മുട്ടുകുത്തുന്നു.

പൂർവ്വയൗസേഫ് : എന്റെ നാഥനും രാജാവും കർത്താവുമായ ദൈവമേ ആരാധന! ആരാധന!

യേശു : മകനേ, യൗസേപ്പ്, കുഞ്ഞുപ്രായത്തിലേ അമ്മയുടെ വാത്സല്യം ലഭിക്കാതെ വളർന്ന മകനേ, നീ എന്റെ കൈവെള്ളയിലായിരുന്നു. എന്റെ പദ്ധതി അല്ലാതെ ഒന്നും നിന്റെ ജീവിതത്തിൽ നടന്നിട്ടില്ല. വിശുദ്ധയായ നിന്റെ അമ്മ റാഹേലിന്റെ പരിലാളനം ചെറുപ്രായത്തിലേ നിനക്കു നഷ്ടപ്പെട്ടു. ആ സ്നേഹം കൂടി നിന്റെ താതൻ യാക്കോബ് തന്നു.

യൗസേപ്പ് : എന്റെ കർത്താവേ എനിക്ക് എല്ലാവരോടും സ്നേഹം മാത്രമേ ഉള്ളൂ. അതുമാത്രമേ എന്റെ ഹൃദയത്തിൽ ഉള്ളൂ. എന്റെ അപ്പൻ എന്നെ അധികമായി സ്നേഹിച്ചു. അത് എന്റെ സഹോദരങ്ങൾക്ക് വിഷമമായി. പാവം എന്റെ സഹോദരങ്ങൾ! അവരും ആ സ്നേഹം ആഗ്രഹിച്ചു കാണും. ലഭിക്കാഞ്ഞപ്പോൾ അവർ എന്തൊക്കെയോ ചെയ്തുപോയി. ആ പൊത്തിഫറിന്റെ ഭാര്യയും ചെറുപ്പത്തിൽ സ്നേഹം ലഭിക്കാതെ വളർന്നവൾ ആയിരിക്കും. അവളും എന്തൊക്കെയോ വിഡ്ഢിത്വം കാണിച്ചു. അങ്ങനെ എനിക്ക് പ്രതീക്ഷിക്കാത്ത വഴികളിലൂടെ കടക്കേണ്ടി വന്നു. എന്നാൽ എന്റെ പിതാക്കന്മാരുടെ ദൈവമേ, ഇപ്പോഴല്ലയോ

www.malankaralibrary.com


എനിക്കു മനസിലായത്, ഇതെല്ലാം എന്റെ കർത്താവിന്റെ പദ്ധതി ആയിരുന്നുവെന്ന്. എന്റെ സഹോദരന്മാരോ പൊത്തിഫറിന്റെ ഭാര്യയോ അല്ല എന്റെ വഴിത്താരയിൽ ഉണ്ടായിരുന്നത്. എന്റെ കർത്താവ് ആയിരുന്നു എന്ന് ഞാനറിയുന്നു. നാഥാ, ഞാൻ വെറും ഒരു ഉപകരണം മാത്രം. അങ്ങയുടെ ജനത്തെ വേർതിരിച്ചെടുക്കുന്നതിനുവേണ്ടി അങ്ങ് ആദിയിൽ വിഭാവനം ചെയ്ത രക്ഷാകരപദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള അങ്ങയുടെ മാർഗ്ഗം മാത്രമായിരുന്നുവെന്ന് ഞാൻ മനസിലാക്കുന്നു. അങ്ങയുടെ സഭയെ വേർതിരിച്ചെടുത്ത് ലോകത്തെ മുഴുവൻ പുളിപ്പിക്കുന്ന അല്പം പുളിമാവ് ആക്കിയല്ലോ. അതുപോലെ സർവ്വജനത്തേയും ഏക സത്യദൈവമായ അങ്ങയിലേക്ക് നയിക്കാനുള്ള ചെറിയ പുളിമാവായി ഒരു ചെറിയ സമൂഹത്തെ രൂപപ്പെടുത്തുന്നതിനുള്ള അങ്ങയുടെ പദ്ധതി ആയിരുന്നല്ലോ ഇതെല്ലാം. അങ്ങയുടെ ചിന്തകൾ എത്ര അഗാധം! അത് അളന്നെടുക്കുവാൻ ആർക്കു കഴിയും. എന്റെ സഹോദരങ്ങളോടൊപ്പം ഞാനും അയോഗ്യനാണ്. എന്നാൽ അങ്ങയുടെ സ്നേഹം എന്നെ എന്റെ സഹോദരങ്ങളേക്കാൾ ഉയർത്തി. മഹത്വവും ബഹുമാനവും എനിക്കു തന്നു. എന്റെ കർത്താവേ, എല്ലാത്തിനും നന്ദി. അങ്ങു വാഴ്ത്തപ്പെട്ടവൻ ആകുന്നു. സ്തുതി അങ്ങേയ്ക്കു യോഗ്യം. മഹത്വം അങ്ങയുടേതാകുന്നു.

യേശു : എന്റെ മകനേ യൗസേഫ്, നീ പറഞ്ഞതെല്ലാം ശരിയാണ്. എന്റെ പിതാവിന്റെ പദ്ധതിയുടെ ഭാഗമായിട്ടാണ് എല്ലാം നടന്നത്. പിതാവായ ദൈവത്തിനു മഹത്വം.

യൗസേപ്പ് : എന്റെ അപ്പൻ എന്റെ ഇളയ മകനെ മൂത്തവനേക്കാൾ അനുഗ്രഹിച്ചു. അങ്ങനെ എഫ്രായീം അങ്ങയുടെ വത്സല പുത്രനായി. അങ്ങയുടെ ആലോചനയെ ആർക്കു മനസിലാക്കാൻ കഴിയും. എന്നാൽ അവസാനം അവൻ അങ്ങയെ ഏറ്റവും അധികം വിഷമിപ്പിച്ചു. അവൻ ആ ജറോബോവാമിന്റെ സംഘത്തിൽ

www.malankaralibrary.com


ചേർന്ന് വിഗ്രഹാരാധകനായിത്തീർന്നു.

ഏകസത്യദൈവമായ അങ്ങയെ ഉപേക്ഷിച്ച് അന്യദേവന്മാരുടെ പുറകേ പോയി അവരെ പരിഗ്രഹിച്ച് വ്യഭിചാരം ചെയ്തു. "എന്റെ ജനം രണ്ടു പാപം ചെയ്തു. നീരുറവയായ അങ്ങയെ ഉപേക്ഷിച്ചു, വെള്ളം കിട്ടാത്ത പൊട്ടക്കിണറുകൾ കുഴിച്ചു." എന്ന് അങ്ങ് എപ്പോഴും അവരോട് പറഞ്ഞിരുന്നു. അത്തരക്കാർക്ക് എങ്ങനെ അങ്ങയുടെ സ്നേഹത്തിൽ നിൽക്കാൻ കഴിയും. എന്നിട്ടും അങ്ങ് ഈ "സ്വർഗ്ഗീയസുഖം" ഉപേക്ഷിച്ച് 33 വർഷം അവരുടെ കൂടെപോയി താമസിച്ച് അവരെ രക്ഷിച്ചു. ഇതു മനസ്സിലാക്കാൻ ഇന്നും അവർക്ക് കഴിയുന്നില്ല. കർത്താവേ, അവരേയും അങ്ങയുടെ രാജ്യത്തിൽ ചേർക്കേണമേ എന്നു ഞാൻ അപേക്ഷിക്കുന്നു.

യേശു : എന്റേയും ആഗ്രഹം ഇതുതന്നെയാണ് മകനേ. നിങ്ങൾ അതിനായി പ്രാർത്ഥിക്കുക.

എല്ലാവരും ചേർന്ന് : ഞങ്ങളെ കുരിശുമരണത്തിലൂടെ രക്ഷിച്ച കർത്താവിന് ആരാധന! ആരാധന! ദൈവമേ അങ്ങ് പരിശുദ്ധൻ! പരിശുദ്ധൻ!

യേശു : എന്റെ പിതാവിന്റെ കൃപ നിങ്ങളോടു കൂടി ഉണ്ടായിരിക്കട്ടെ. എല്ലാം ക്രമീകരിക്കുന്ന പരിശുദ്ധാത്മാവ് മഹത്വപ്പെടട്ടെ.

ശബ്ദം : ആമ്മീൻ! ആമ്മീൻ! ആമ്മീൻ!

**രംഗം 6**

(മോശ നിലം പറ്റെ താണു കിടന്നുകൊണ്ട് ആരാധിക്കുന്നു.)

മോശ : എന്റെ കർത്താവും നാഥനുമായ യേശുവേ, 40 വർഷം അങ്ങയുടെ ജനത്തെ മരുഭൂമിയിലൂടെ നയിച്ചതിന്റെ ക്ലേശം ഞാനോർക്കുന്നു. അഹങ്കാരം കൊണ്ടു പിടലി തടിച്ചവരാണവർ. ഒരു അനുഗ്രഹം കിട്ടിയാൽ അടുത്ത നിമിഷം മറക്കുന്നു. നന്ദി കെട്ടവർ ആണ് അവർ. അങ്ങ് എനിക്കു തന്ന നിയമം ഞാൻ അവരെ പഠിപ്പിച്ചതാണ്.

www.malankaralibrary.com


നിയമമെല്ലാം അവർ കാറ്റിൽ പറത്തി. പല പ്രാവശ്യം ഞാൻ അവർക്ക് താക്കീത് കൊടുത്തു; നിയമം തെറ്റിച്ചാൽ നിങ്ങൾ ശിക്ഷിക്കപ്പെടുമെന്ന്. അവരുടെ അഹങ്കാരം നിമിത്തം അവരുടെ കൂടെ വരികയില്ലെന്ന് മരുഭൂമിയിൽ വച്ച് അങ്ങ് പറഞ്ഞിരുന്നു. എങ്കിലും അവരോടുള്ള സ്നേഹം നിമിത്തം എന്റെ അപേക്ഷ സ്വീകരിച്ച് അങ്ങ് ഞങ്ങളുടെ കൂടെ നടന്ന് ഞങ്ങളെ വാഗ്ദത്ത നാട്ടിൽ എത്തിച്ചു. ഇതൊന്നും ഓർക്കാതെ അവർ വീണ്ടും അനുസരണക്കേട് പ്രവർത്തിച്ചതു നിമിത്തം പല രാജാക്കന്മാർ വഴിയായി അനുഭവിക്കാവുന്നതിന്റെ പരമാവധി അനുഭവിച്ചു. അതുകൊണ്ടൊന്നും അവർ പഠിച്ചില്ല. അവർ കുഞ്ഞുങ്ങളെ പോലെയാണ്. അടുത്തനിമിഷം സകലതും മറക്കും. ഞാൻ ഭൂമിയിൽ ആയിരുന്നപ്പോൾ അവർക്കുവേണ്ടി അങ്ങയോട് യാചിച്ചതുപോലെ ഇപ്പോഴും യാചിക്കുന്നു. എന്റെ ഈ ജനത്തോട് കരുണയായിരിക്കണമേ. അല്ലെങ്കിൽ വിജാതീയവർ അവരെ പരിഹസിക്കും. എന്തുതന്നെ ആയാലും അവർ അങ്ങയുടെ കടിഞ്ഞൂൽ സന്താനങ്ങൾ അല്ലേ? അങ്ങയുടെ നിത്യജീവന് ആദ്യാവകാശികൾ അവരല്ലേ? ഞാൻ അവർക്കുവേണ്ടി മാപ്പ് ചോദിക്കുന്നു.

(മോശ കുനിഞ്ഞു കിടന്നു യാചിക്കുന്നു)

നാഥാ, കരുണ ആയിരിക്കണമേ.

യേശു : ഞാനവരോട് കുരിശിൽ വച്ച് ക്ഷമിച്ചു കഴിഞ്ഞല്ലോ മകനേ. അവർ യഥാർത്ഥത്തിൽ ശിശുക്കളാണ്. "അവർ കണ്ടിട്ട് കാണാതെയും കേട്ടിട്ട് ഗ്രഹിക്കാതെയും മനസ് തിരിഞ്ഞ് എന്നിലേക്ക് തിരിയാതിരിക്കുകയും തക്കവണ്ണം ഞാനവരുടെ ഹൃദയം മന്ദീഭവിപ്പിച്ചു". അവർക്ക് ഒന്നും മനസിലായില്ല. കാരണം ഇനിയും ജനിക്കാനിരിക്കുന്നവരെ കൂടാതെ അവർ വാഗ്ദാനം പ്രാപിക്കരുതെന്ന് ഞാൻ ആഗ്രഹിച്ചു. കാരണം എന്റെ പിതാവ് കൂടുതൽ ശ്രേഷ്ഠമായവ നേരത്തെ കണ്ടുവച്ചിരുന്നു.

www.malankaralibrary.com



മോശ : എന്നെ വെള്ളത്തിൽ നിന്നും വലിച്ചു കയറ്റിയ എന്റെ തമ്പുരാനേ അങ്ങേയ്ക്കു നന്ദി. എന്റെ നിയമത്തെ അവർ വളച്ചൊടിച്ചത് അങ്ങയോടു ചെയ്ത ക്രൂരത ആയിരുന്നു. അവിടത്തോടു ചെയ്ത കൊടുംക്രൂരത എത്ര കഷ്ടം! എന്റെ നാഥാ, ഞാൻ അങ്ങയോടു മാപ്പു ചോദിക്കട്ടെ. അറിവില്ലാത്ത എന്റെ ജനത്തെ ശിക്ഷിക്കരുതേ. മാപ്പ് അർഹിക്കാത്ത നീചപാപം അവർ ചെയ്തുവെങ്കിലും അങ്ങയുടെ കരുണ അതിനേക്കാൾ വലിയതാകുന്നുവല്ലോ. അവരുടെ പാപം അങ്ങയുടെ കരുണാസമുദ്രത്തിൽ ഒരു തുള്ളി ചെളിപോലെയാകുന്നു. അങ്ങയുടെ തിരുരക്തക്കരുണക്കടലിൽ മുക്കി അവരേയും വിശുദ്ധീകരിച്ച് ഒരുവൻ പോലും നഷ്ടപ്പെടാതെ അങ്ങയുടെ രാജ്യത്തിൽ ചേർക്കണമേ. അങ്ങുമാത്രം പരിശുദ്ധൻ! അങ്ങാണ് നിത്യം ആരാധനയ്ക്ക് യോഗ്യൻ! ദൈവമേ ആരാധന! ആരാധന! (മുട്ടുകുത്തി കുമ്പിടുന്നു).

(ജോഷ്വാ വന്ന് യേശുവിനെ കുമ്പിട്ടാരാധിക്കുന്നു)

യേശു : സത്യസന്ധനും, വിശ്വസ്തനുമായ എന്റെ മകനേ, നിന്നിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഞാൻ നിന്നെ ഏല്പിച്ച രണ്ടു ദൗത്യവും വളരെ ഭംഗിയായി നീ നിർവ്വഹിച്ചു. കാനാൻദേശം കയ്യടക്കുക, അത് ഇസ്രായേൽ ഗോത്രങ്ങൾക്കു ഭാഗിച്ചു കൊടുക്കുക എന്നീ ശ്രമകരമായ ദൗത്യങ്ങൾ വിശ്വസ്തതയോടു കൂടി നീ നിർവ്വഹിച്ചു. പ്രതിബന്ധങ്ങൾ ഏറെ ഉണ്ടായിരുന്നിട്ടും ആരേയും നീ ഒരു ബുദ്ധിമുട്ടും അറിയിച്ചില്ല. എന്നോട് പരാതി പറഞ്ഞതുമില്ല. എങ്കിലും നിന്നോടു കൂടി എപ്പോഴും ഞാനുണ്ടായിരുന്നു.

ജോഷ്വ : എന്റെ നാഥനും കർത്താവുമായ ദൈവമേ, ഞാൻ ഒന്നും അറിഞ്ഞിരുന്നില്ല. എന്നാൽ “ന്യായപ്രമാണങ്ങൾ എപ്പോഴും എന്റെ അധരത്തിൽ ഉണ്ടായിരുന്നു.” അത് ഞാൻ ചെറുപ്പം മുതലേ ശീലിച്ചിരുന്നു.

www.malankaralibrary.com



അതുകൊണ്ട് യുദ്ധത്തിന് പോയവരോട് "നിങ്ങളെ ത്തന്നെ വിശുദ്ധീകരിക്കുവിൻ. നാളെ നിങ്ങളുടെ ഇട യിൽ കർത്താവ് അത്ഭുതം പ്രവർത്തിക്കും" എന്നെ നിക്ക് പറയാൻ സാധിച്ചു. ഇതു ഞാനല്ല, എന്നിൽ വസിച്ച പരിശുദ്ധാത്മാവാണ് പറഞ്ഞത്. എന്റെ ആവ ശ്യസമയത്ത് എനിക്ക് പരിശുദ്ധാത്മാവിനെത്തന്ന് എന്നെ നയിച്ച യേശുവേ അങ്ങുമാത്രം പരിശുദ്ധൻ! സർവ്വശക്തൻ! സൈന്യങ്ങളുടെ ദൈവമായ കർത്താവ് സർവ്വശക്തൻ!

ജോഷ്വ : അന്ന് അവർ പരസ്പരം സ്നേഹിക്കുന്നവരും സഹാ യിക്കുന്നവരും ദൈവത്തെ മാത്രം ആരാധിക്കുന്നവരും ആയിരുന്നു. രൂബനും കൂട്ടരും എത്ര ത്യാഗത്തോടെ, സഹോദരസ്നേഹത്തോടെ ജോർദാന് അക്കരെ ഉള്ള വർക്കുവേണ്ടി യുദ്ധം ചെയ്ത് അവരുടെ വാസം ഉറ പ്പിച്ചു. ആ കാലഘട്ടം അവർ അങ്ങയോട് വളരെ വിശ്വസ്തതയുള്ളവർ ആയിരുന്നു. എല്ലാം ലഭിച്ചു കഴി ഞ്ഞിട്ടാണ് അവർ അന്യദേവന്മാരെ ആരാധിക്കാൻ തുട ങ്ങിയത്.

യേശു : എന്റെ വിശ്വസ്ത ദാസനായ ജോഷ്വ, മോശയോട് എന്ന തുപോലെ നിന്നോടൊപ്പവും ഞാനുണ്ടായിരുന്നു. ഗിബ യോണിൽ സൂര്യൻ നിശ്ചലമായി നിൽക്കുകയും നിങ്ങൾ യുദ്ധം ജയിച്ചതും നീ ഓർമ്മിക്കുന്നില്ലേ.

ജോഷ്വ : ഉവ്വ് കർത്താവേ, "ഞങ്ങളിൽ ഒരാൾ ആയിരം പേരെ അങ്ങയുടെ സഹായത്താൽ യുദ്ധത്തിൽ തുരത്തി യതും" ഞാൻ ഓർക്കുന്നു. വാഗ്ദത്ത നാട്ടിൽ പ്രവേ ശിക്കുന്നതുവരെയും അവിടുന്ന് ഞങ്ങൾക്ക് മന്ന നൽകി മരുഭൂമിയിൽ ഞങ്ങളെ തൃപ്തരാക്കി. സ്വർഗ്ഗീയ കാനാൻ നാടിന്റെ പ്രതിരൂപമായ ഭൂമിയിലെ കാനാൻ നാട് അവിടന്ന് ഞങ്ങൾക്ക് സ്വന്തമായി ഭാഗിച്ചു തന്നു. ഇതൊക്കെ ഓർത്തുകൊണ്ട് അങ്ങയുടെ ജനത്തെ ഞാൻ ഓർമ്മിപ്പിക്കുമായിരുന്നു. "അവിടുത്തെ ഉടമ്പടി ലംഘിച്ച് അന്യദേവൻമാരെ സേവിച്ചാൽ അവിടുത്തെ

www.malankaralibrary.com



കോപം നിങ്ങളുടെ മേൽ ജ്വലിക്കും" എന്ന്. പക്ഷേ അവർ അനുസരിച്ചില്ല.

യേശു : എന്നാൽ നീയും നിന്റെ കുടുംബവും കർത്താവിനെ സേവിച്ചു. അതിനാൽ നിന്റെ കുടുംബം അനുഗ്രഹിക്കപ്പെടും.

ജോഷ്വ : എളിയ ദാസനായ എന്നെ തെരഞ്ഞെടുത്ത കർത്താവേ ആരാധന! ആരാധന!

(റാഹാബ് തല മുഴുവൻ മൂടിക്കൊണ്ട് വന്ന് താണു വണങ്ങി, ആരാധിക്കുന്നു)

റാഹാബ് : എന്റെ അപ്പനെന്ന് വിളിക്കാൻ എനിക്കും ഭാഗ്യം തന്ന നാഥാ, എന്നേയും അങ്ങയുടെ ജനത്തിന്റെ കൂടെ ഉൾപ്പെടുത്തിയ ദൈവമേ, പാപികളിൽ പാപിയായി ജീവിച്ചിരുന്ന ഈ ഏഴ അങ്ങയുടെ തിരുമുമ്പിൽ മാപ്പു ചോദിക്കുന്നു. ഈ ദാസി പുലർത്തിപ്പോന്ന ജീവിതത്തെ ഓർത്തു വിലപിക്കുന്നു. അറിവില്ലാത്ത പ്രായത്തിൽ കാട്ടികൂട്ടിയ തിന്മകൾ ഓർത്തു പശ്ചാത്തപിക്കുന്നു. കരുണ ആയിരിക്കണമേ എന്നു യാചിക്കുവാൻ അർഹത ഇല്ലാത്ത എന്നെ അങ്ങേ മക്കളുടെ കൂടെ ചേർത്തുവല്ലോ.

യേശു : മകളേ കരയേണ്ട. നീ പാപം ചെയ്തുവെങ്കിലും നിന്റെ പാപം കൂടി ക്ഷമിക്കാനാണ് ഞാൻ കുരിശിൽ മരിച്ചത്. നീ വിഷമിക്കേണ്ട, നിന്റെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതപ്പെടും. അതിനുവേണ്ടിയാണ് ഞാൻ വേദന സഹിച്ചത്. എന്റെ മുഖം വിരൂപമാക്കപ്പെട്ടു. എന്റെ ശരീരത്തിൽ ചാട്ടവാർ അടിയേൽക്കാത്ത ഒരു സ്ഥലവും ഇല്ലായിരുന്നു. മാംസക്കഷണങ്ങൾ ആണ് പറിഞ്ഞുപോയത്. അതുകണ്ട് അവർ ആഘോഷിച്ച്, ആസ്വദിച്ച്, ചിരിച്ച സന്ദർഭം വേദനാജനകമായിരുന്നു. ഇതെല്ലാം കാണുവാൻ ഇടയായ എന്റെ അമ്മയെ ഓർത്തായിരുന്നു എനിക്കേറ്റം വലിയ വേദന. ഇതെല്ലാം മകളേ, നിനക്കു വേണ്ടി കൂടിയാണ് ഞാൻ സഹിച്ചത്.

www.malankaralibrary.com



നീ പാപം ചെയ്തു എങ്കിലും തക്കസമയത്ത് ഒരു നല്ല പ്രവൃത്തി ചെയ്തത് എന്റെ മനസിൽ ഉണ്ട്. ആവശ്യത്തിന് ഉപകരിക്കുന്നവർ ആണല്ലോ സ്നേഹിതർ. നീ അവരുടെ മിത്രമാണ്. അവർ രക്ഷപ്പെട്ടപ്പോൾ നിന്നേയും മറന്നില്ല. ഇതൊക്കെ അനുഗ്രഹത്തിന്റെ പ്രവർത്തികൾ ആണ്. സമാധാനം ആയിരിക്കുക. നിരന്തരം എന്റെ പിതാവിനെ വാഴ്ത്തുക. "അവിടുന്ന് ചെയ്ത ഉപകാരം ഒന്നും മറക്കരുത്."

റാഹാബ് : യേശുവേ നന്ദി! യേശുവേ ആരാധന!

(റാഹാബ് നന്ദി നിറഞ്ഞ ഹൃദയത്തോടെ കുമ്പിട്ടാരാധിക്കുന്നു. സ്തുതിക്കുന്നു.)

(ഭക്തിയോടെ, വിനയത്തോടെ റൂത്ത് കടന്നുവരുന്നു, കുമ്പിടുന്നു.)

റൂത്ത് : ആകാശത്തിന്റെയും ഭൂമിയുടെയും നാഥനായ കർത്താവേ, അങ്ങേയ്ക്ക് ആരാധന! ആരാധന! (കുമ്പിടുന്നു)

റൂത്ത് : ലോത്തിന്റെ മകളായ എന്നെ ഇസ്രായേൽ മകളാക്കി, എന്റെ നാഥനും കർത്താവുമായവന്റെ വല്യമ്മ സ്ഥാനത്തേക്ക്എന്നെ പിടിച്ചുയർത്തിയ ദൈവമേ ഇന്നു ഞാൻ ധന്യയാണ്. എന്നേയും ഈ മഹാഭാഗ്യത്തിലേക്കു കൊണ്ടുവന്ന ദൈവമേ, എന്റെ രാജാവേ സ്വസ്തി.

യേശു : എന്റെ വല്യമ്മയായ റൂത്ത്, എന്റെ മകളേ, നീ ചെയ്ത പുണ്യപ്രവൃത്തിക്ക് സമ്മാനമാണ് നിന്റെ ഈ സ്ഥാനം. നിന്റെ അമ്മായിയമ്മയായ നവോമിയെ ഒറ്റയ്ക്കാക്കാൻ സമ്മതിക്കാത്ത നീ തീർച്ചയായും അനുഗ്രഹിക്കപ്പെട്ടവളാണ്. അതുകൊണ്ടാണ് നിന്റെ ഭവനത്തിൽ എന്റെ ദാസൻ ദാവീദ് വന്നു പിറന്നത്. നീയും എന്റെ ദാസൻ ദാവീദും എനിക്ക് മനസിനിണങ്ങിയവരാണ്. അതുകൊണ്ടാണല്ലോ നിങ്ങളുടെ കുടുംബം എനിക്കു ജനിക്കാൻ ഞാൻ തിരഞ്ഞെടുത്തത്. നിന്റെ നാടും വീടും വീട്ടുകാരേയും വിട്ട് എന്റെ വല്യമ്മയാകുന്നതിന് എന്റെ

www.malankaralibrary.com


പിതാവ് നിന്നെ തെരഞ്ഞെടുത്തു. അതിനുവേണ്ടി യാണ് അന്ന് ഇസ്രായേലിൽ ക്ഷാമം ഉണ്ടായതും എന്റെ മക്കൾ എലിമെലെക്കും നവോമിയും നിങ്ങളുടെ മൊവാബ്യ നാട്ടിൽ വന്നതും. ലോത്തിന്റെ മകളേയും എന്റെ രക്ഷാകര പദ്ധതിയിൽ പങ്കാളിയാക്കണമെന്നു ള്ളത് എന്റെ പിതാവിന്റെ ഇഷ്ടമായിരുന്നു. കാരണം വിജാതീയർക്കും ചുങ്കക്കാർക്കും പാപികൾക്കും എല്ലാർക്കും അവകാശപ്പെട്ടതാണ് എന്റെ രാജ്യം. എന്റെ രാജ്യത്തിന് സീമകളില്ല. വിശാലമായ ഈ സ്വർഗ്ഗീയ സമുദ്രം എല്ലാവരേയും ഉൾക്കൊള്ളാൻ പ്രാപ്തമാണ്. അതുകൊണ്ടാണ് എന്റെ ജനന വഴിയിൽ സകലരേയും പ്രതിനിധീകരിച്ച് ഉൾപ്പെടുത്തിയത്. ഇത് എന്റെ പിതാവിന്റെ ആഗ്രഹം ആണ്. എല്ലാവരും പിതാവിന്റെ മക്കളാണല്ലോ. അവിടെ ആദ്യം വന്നവരും പുറകേ വന്നവരും ഇല്ല. എല്ലാവരും ഒരുപോലെയാണ്. സമത്വസുന്ദരമായ ഈ സ്വർഗ്ഗീയരാജ്യത്തിന് അവകാശികളാകാൻ പിതാവ് എല്ലാവരേയും ക്ഷണിക്കുന്നു.

റൂത്ത് : നന്ദി എന്റെ നാഥാ. ഇത് ഇപ്പോഴാണ് എനിക്ക് മനസിലായത്. അങ്ങ് വരാൻ കാത്തിരിക്കുകയായിരുന്നു ഞങ്ങൾ. അങ്ങയുടെ നാമം വാഴ്ത്തപ്പെടട്ടെ.

## രംഗം 7

(സാമുവേൽ പ്രവാചകൻ വന്ന് കുമ്പിടുന്നു)

സാമുവേൽ പ്രവാചകൻ : എന്റെ നാഥാ, എന്റെ പുത്രന്മാർ നിമിത്തം അയോഗ്യനായിത്തീർന്ന എന്നോടു ക്ഷമിക്കേണമേയെന്നു യാചിക്കുവാൻ എനിക്കഹർതയില്ല.

യേശു : നീ എന്റെ അനുസരണയുള്ള ദാസനാണ്. മക്കളുടെ ദുർനടപ്പു നിമിത്തം അവഹേളിക്കപ്പെടുന്ന അനേകം പിതാക്കന്മാർക്ക് മദ്ധ്യസ്ഥനായിരിക്കുക. എല്ലാ മക്കൾക്കു വേണ്ടിയും എന്റെ അപ്പനോട് പ്രാർത്ഥിക്കുക.

www.malankaralibrary.com


സാമുവേൽ പ്രവാചകൻ : എന്നെ തിരസ്ക്കരിക്കാത്ത നാഥാ.... അങ്ങേയ്ക്ക് നന്ദി നന്ദി. ഇസ്രായേലിന് ആദ്യരാജാവായ ശൗലിനേയും ഇസ്രായേലിന്റെ എക്കാലത്തേയും രാജാവായിരുന്ന ദാവീദിനേയും അഭിഷേകം ചെയ്യുവാൻ ബാലനായിരുന്ന എന്നെ അങ്ങ് തെരഞ്ഞെടുത്തു. അതിനുവേണ്ടി എന്റെ അമ്മയുടെ ഉദരത്തിൽ ഒരു യോഗ്യതയും ഇല്ലാത്ത എനിക്ക് അങ്ങ് രൂപം നൽകിയല്ലോ. എന്റെ നാഥാ നിർബന്ധ ബുദ്ധിക്കാരായ അങ്ങയുടെ ജനത്തോടു ക്ഷമിക്കേണമേ. അവർ ചെയ്തതെന്താണെന്ന് അവർ ഇന്നും അറിഞ്ഞിട്ടില്ല. അവർ അന്ധരാണ്. ആ ജനത്തോട് കരുണ തോന്നണമേ നാഥാ. എല്ലാ രാജാക്കന്മാരുടെയും രാജാവായ മഹോന്നതനേ അങ്ങയേക്ക് ആയിരം ആരാധന.... മഹത്വം.

(സാംസൺ വന്ന് കുമ്പിടുന്നു, കാൽപാദത്തിങ്കൽ വന്ദിക്കുന്നു)

സാംസൺ : എന്റെ സർവ്വശക്തനായ കർത്താവേ, എന്റെ ശക്തിയുടെ ഉറവിടമേ, മഹത്വവും ശക്തിയും അങ്ങയുടേതാകുന്നു. ആരാധന!

യേശു : എന്റെ നാസീർവ്രതക്കാരനേ, ഞാൻ തിരഞ്ഞെടുത്ത എന്റെ പ്രിയമകനേ, എഴുന്നേൽക്കൂ. നിന്നെ ഞാൻ അനുഗ്രഹിക്കുന്നു.

സാംസൺ : നാഥാ, അടിയൻ പാപിയും അനുസരണമില്ലാത്തവനുമാണ്. അങ്ങ് എന്നോടു കല്പിച്ചതു പാലിക്കാത്തവൻ.

എന്റെ കർത്താവേ, മാപ്പപേക്ഷിക്കാൻ അടിയനു യോഗ്യതയില്ല. എന്റെ തെറ്റിന് ഞാൻ ആരേയും കുറ്റപ്പെടുത്തുന്നുമില്ല. എന്നെയാണല്ലോ അങ്ങ് ഭരമേല്പിച്ചത്. നാഥാ, എന്നോട് ക്ഷമിക്കേണമേ.

യേശു : എന്റെ മകനേ, നിന്റെ ശക്തി പ്രകടിപ്പിക്കാനല്ല ഞാൻ നിന്നെ അയച്ചത്. നിന്റെ ബലഹീനതയിൽ എന്റെ ശക്തി പ്രകടമാക്കുകയായിരുന്നു ലക്ഷ്യം. ഫിലിസ്ത്യരും എന്റെ മക്കളാണല്ലോ. എന്റെ നോഹയുടെ

www.malankaralibrary.com


മകൻ ഹാമിന്റെ മക്കളായ അവർ തികച്ചും എന്നെ ഉപേക്ഷിച്ചവർ ആയിരുന്നു. എന്റെ ഷേമിന്റെ മക്കളായ ഇസ്രായേൽ മക്കളെ മാത്രമാണ് ഞാൻ തിരഞ്ഞെടുത്തത്. എന്നാൽ അത് അവർക്കുവേണ്ടി മാത്രം ആയിരുന്നില്ല. അവരിലൂടെ സകല മക്കളും എന്നിലേക്ക് അടുക്കുന്നതിനു വേണ്ടിയാണ്. എന്റെ ശക്തിയാണ് നിങ്ങളെ നയിക്കുന്നതെന്ന് ആ ഫിലിസ്ത്യർ കണ്ടു മനസിലാക്കുന്നതിനു വേണ്ടിയായിരുന്നത്.

സാംസൺ : എന്റെ കർത്താവേ, വലിയ ഒരു ശക്തി എന്നിലേക്ക് പ്രവേശിച്ചത് ഞാൻ അറിഞ്ഞിരുന്നു. "എന്റെ ദൈവത്തിന്റെ സഹായത്താൽ ഞാൻ കോട്ട ചാടികടക്കുമെന്ന്" എനിക്ക് പൂർണ്ണവിശ്വാസമുണ്ടായിരുന്നു. പരിശുദ്ധനായവൻ അല്പസമയത്തേക്ക് എന്നിൽ പ്രവേശിച്ചു. വലിയൊരു അത്ഭുതം അവിടെ നടന്നു. ഫിലിസ്ത്യർ അത് കണ്ടു ബോധിച്ചു. കർത്താവേ അങ്ങയുടെ വഴികൾ ആർക്കു ഗ്രഹിക്കാനാകും? ലോകത്തിലുള്ള സകല മനുഷ്യരേയും അങ്ങയിലേക്ക് ആകർഷിക്കണമേയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. വിജാതീയർ ആരും ഉണ്ടാകരുതേ. എല്ലാവരും ദൈവമക്കൾ എന്ന സ്ഥാനത്തേക്കുയർത്തപ്പെടണമേ. ഈ പാപിയായ ദാസൻ അങ്ങയോട് അപേക്ഷിക്കുന്നു നാഥാ, കരുണ ആയിരിക്കേണമേ,

(സാംസൺ കുമ്പിട്ടാരാധിക്കുന്നു)

(പ്രൗഢഗംഭീര നാദത്തോടെ തന്റെ തംബുരു മീട്ടിക്കൊണ്ട് ദാവീദ് മുമ്പോട്ടു വന്നു മുട്ടുകുത്തുന്നു, ആരാധിക്കുന്നു)

ദാവീദ് : എന്റെ പൂർവ്വപിതാക്കന്മാരുടെ ദൈവമായ കർത്താവേ അങ്ങ് വാഴ്ത്തപ്പെട്ടവൻ! സ്തുതിക്കപ്പെട്ടവൻ!

സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവുമായവനേ ആരാധിക്കുന്നു! ആരാധിക്കുന്നു!

(കുമ്പിട്ടാരാധിക്കുന്നു)

www.malankaralibrary.com


എന്റെ മകനേ! എന്റെ തമ്പുരാനേ, ഞാൻ പാപിയാണ്. സൈന്യങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ കൃപയിൻ പ്രകാരം എന്റെ പാപം പൊറുത്ത് എന്നോട് ക്ഷമിക്കേണമേ. ഞാൻ പാപം ചെയ്തുപോയി! ഞാൻ പാപം ചെയ്തുപോയി! എന്റെ പിഴ! എന്റെ പിഴ!

അങ്ങയുടെ തിരുരക്തമാകുന്ന സോപ്പാകൊണ്ട് എന്നെ കഴുകണമേ. എന്റെ പാപക്കറ കഴുകിക്കളയുവാൻ മറ്റൊന്നിനും കഴിയുമായിരുന്നില്ല. എന്റെ അമ്മയുടെ ഉദരത്തിൽ ഉരുവായപ്പോഴേ ഞാൻ പാപിയാണ്. അങ്ങയുടെ നിഷ്കളങ്ക രക്തത്താൽ എന്നെ വിശുദ്ധീകരിക്കണമേ.

യേശു : പ്രിയമകനേ ദാവീദ്, എന്റെ നിർമ്മല രക്തത്താൽ നിന്നെ ഞാൻ കഴുകി ശുദ്ധീകരിച്ചു. നീ വിഷമിക്കേണ്ട. നിന്റെ പാപമെല്ലാം രക്ഷാകര പദ്ധതിയുടെ ഭാഗമായിരുന്നു. ഇനിയും ജനിക്കാനിരിക്കുന്നവർക്കു പോലും ഏതു പ്രതിസന്ധി ഘട്ടത്തിലേക്കും വേണ്ട ആശ്വാസകരമായ സങ്കീർത്തനം ഉണ്ടായത് അതുകൊണ്ടാണ്. അല്ലെങ്കിൽ ആ സങ്കീർത്തനങ്ങൾ ഉണ്ടാകുമായിരുന്നില്ല. എന്റെ ജനം ആ സങ്കീർത്തനങ്ങൾ കാണാതെ പഠിച്ചിട്ടുണ്ട്. ഓരോ സന്ദർഭത്തിലും ഞങ്ങൾ അതു ചൊല്ലുമായിരുന്നു. കുരിശിൽ മരണവേദന അനുഭവിക്കുമ്പോൾ പോലും ഞാൻ സങ്കീർത്തനം ചൊല്ലി. പിതാവിന് സ്തോത്രം അർപ്പിച്ചിട്ടാണ് ഗത്സെമനിയിലേക്ക് പോയത്. ഇപ്രകാരം ഏതൊരു യഹൂദനും സങ്കീർത്തനങ്ങൾ ആലപിച്ചിരുന്നു. അതുകൊണ്ട് മകനേ, ആശ്വസിക്കുക. തിന്മയിൽ നിന്നു പോലും നന്മയുളവാക്കുന്ന പിതാവിനെ വാഴ്ത്തുക.

ദാവീദ് : എന്റെ നാഥനും കർത്താവുമായവനേ! എന്റെ കൊച്ചുമകൻ റഹോബോവാമിന്റെ കാലം മുതൽ തിന്മയുടെ അരാചകത്വം ആയിപോയല്ലോ. അവർ അങ്ങയെ ഉപേക്ഷിച്ച്, നിന്ദിച്ച്, വിഷമിപ്പിച്ചുവല്ലോ. ഏകസത്യദൈവമായ അങ്ങയെ ഉപേക്ഷിച്ച് അന്യദേവന്മാരിലേക്ക് തിരിഞ്ഞ് അങ്ങ് ഏറ്റവും അധികം വെറുക്കുന്ന

www.malankaralibrary.com


വിഗ്രഹാരാധനയ്ക്കും വ്യഭിചാരം എന്ന തിന്മയ്ക്കും അടിമകൾ ആയിപ്പോയല്ലോ. അതിന്റെ ശിക്ഷ അവർക്കു താക്കീതായി ലഭിച്ചുവെങ്കിലും അവർ പഠിച്ചില്ല. പണത്തേയും പ്രതാപത്തേയും സ്നേഹിക്കുന്ന അവരുടെ മഹാപുരോഹിതന്മാർ വഴി അവർ വീണ്ടും പാപത്തിലായി. ലോകത്തിലേക്കു വന്ന പ്രകാശത്തെ കാണാൻ അവർക്കു കഴിഞ്ഞില്ല. പ്രകാശത്തെക്കാൾ കൂടുതലായി അവർ അന്ധകാരത്തെ സ്നേഹിച്ചു. എന്റെ ജനത്തിനു ഹാ കഷ്ടം!

യേശു : അവരുടെ കുബുദ്ധി മൂലം അവർ എന്നെ കുടുക്കാൻ പുറകേ നടന്നു. എന്നാൽ ഞാൻ അവരെ തിരുത്താൻ പരമാവധി ശ്രമിച്ചുകൊണ്ടിരുന്നു. ഞാൻ ഭൂമിയിൽ ചെന്നതിന്റെ ഉദ്ദേശം എനിക്കറിയാമായിരുന്നെങ്കിലും അവർ പാപം ചെയ്യരുതെന്ന് ഞാൻ അതിയായി ആഗ്രഹിച്ചു. അവരുടെ നന്മയ്ക്കുവേണ്ടി ഞാൻ പറഞ്ഞതെല്ലാം അവർ തെറ്റിദ്ധരിച്ചു. പാവം മക്കൾ! ഞാൻ ചെല്ലുമെന്ന് അവർക്കറിയാമായിരുന്നു. അതിനായി അവർ ഏറെ ആകാംക്ഷയോടെ കാത്തിരിക്കുകയുമായിരുന്നു. എന്നാൽ ഞാൻ അവിടെ എത്തിയപ്പോൾ അവർ എന്നെ മനസിലാക്കിയില്ല. അവർ ഇപ്പോഴും എനിക്കായി കാത്തിരിക്കുന്നു.

ദാവീദ് : നാഥാ... എന്റെ ജനത്തോട് ക്ഷമിക്കേണമേ. അവരുടെ അബദ്ധം പൊറുക്കേണമേ.

യേശു : ഞാനവരോട് ക്ഷമിച്ചുകഴിഞ്ഞു. പക്ഷേ ആ ക്ഷമ ഉൾക്കൊള്ളാൻ അവർക്കു കഴിയണം. വഴിയും സത്യവും ജീവനുമായ ഞാൻ അവർക്കു വാതിൽ തുറന്നു കൊടുത്തു. എന്റെ വിരിമാറിലൂടെ അവർ അകത്തു പ്രവേശിക്കണം. അതിനായി ഞാൻ എന്റെ ചങ്കു പിളർന്നുകൊടുത്തു. പക്ഷേ അവർ പ്രവേശിച്ചില്ല. അവർക്കു മാത്രം ഉള്ളതല്ല വിശുദ്ധസ്ഥലം. എല്ലാവരേയും എന്നിലേക്ക് അടുപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നു കാണിച്ചുകൊണ്ട് അവരുടെ അതിവിശുദ്ധസ്ഥലത്തിന്റെ വാതിൽ മറ മുകൾ മുതൽ താഴെ

www.malankaralibrary.com


വരെ രണ്ടായി കീറി എല്ലാവർക്കുമായി തുറന്നുകൊടുത്തു. ഇതൊന്നും അവർ മനസിലാക്കിയില്ല. അവർ അന്ധകാരത്തിലായിപ്പോയി. അല്പനേരത്തേയ്ക്ക്, പട്ടാപകൽ, ഭൂമി മുഴുവൻ അന്ധകാരത്തിലായി. ഇതൊന്നും അവർ മനസിലാക്കിയില്ല. കാരണം അവർ പ്രകാശത്തെക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. അന്ധകാരത്തിൽ തപ്പിതടയുന്നതായിരുന്നു അവർക്കിഷ്ടം. അതിനാൽ പ്രകാശമായവന്റെ ഉള്ളിൽ കയറാൻ അവർ ശ്രമിച്ചില്ല. മൂലക്കല്ലായവനെ അവർ തള്ളിക്കളഞ്ഞു. എന്നാൽ അകത്തു കയറാൻ യോഗ്യത ഇല്ലാതിരുന്നവർ ഞാനാകുന്ന വാതിലിലൂടെ അകത്തു പ്രവേശിച്ചു. അങ്ങനെ മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആയി.

ദാവീദ് : ഞാൻ ഖേദിക്കുന്നു, നാഥാ. എന്റെ ജനത്തിനു ലഭിച്ച അവകാശത്തെ അവർ തിരിച്ചറിഞ്ഞില്ലല്ലോ.

യേശു : ഞാൻ ഈ ചെറിയ ജനത്തെ തിരഞ്ഞെടുത്തത് അവർക്കുവേണ്ടി മാത്രമായിരുന്നില്ല. അവരിലൂടെ പുറത്തുള്ളവർ അകത്തു പ്രവേശിക്കാൻ കൂടി വേണ്ടിയായിരുന്നു. പുറത്തുള്ളവരും എന്റെ മക്കളാണല്ലോ. ഇവർക്ക് കൊടുത്തതുപോലെ ഞാനവർക്കും കൊടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അത് എന്റെ കാര്യമല്ലേ. അങ്ങനെ എന്റെ ഒരു ദനാറ സ്വീകരിച്ചു പുറത്തുള്ളവരെല്ലാം അകത്തെത്തി കഴിയുമ്പോൾ ഇവരും അകത്തു കയറും. അപ്പോഴേ എന്റെ രക്ഷാകര പദ്ധതി പൂർത്തിയാവുകയുള്ളൂ. അതുവരെ ഇതു തുടർന്നുകൊണ്ടേയിരിക്കും.

ദാവീദ് : അങ്ങയുടെ പദ്ധതി മനസിലാക്കാൻ ആർക്കു കഴിയും. ഈ ദിവ്യരഹസ്യം മനസിലാക്കുവാൻ അങ്ങ് അനുവദിച്ചവർക്കു മാത്രമേ കഴിയുകയുള്ളൂ. അങ്ങയുടെ പിതാവ് ആകർഷിച്ചാലല്ലാതെ ആർക്കും അങ്ങയുടെ അടുക്കലേക്ക് വരാനാവില്ല. അതിന് പരിശുദ്ധാത്മാവിന്റെ സഹായം വേണം. അങ്ങയുടെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുത്തു കളയരുതേയെന്നു

www.malankaralibrary.com


ഞാൻ എപ്പോഴും പ്രാർത്ഥിക്കാറുണ്ട്.

യേശു : ഞാൻ പോന്നതുകാരണം അവർ അനാഥരായി പോകാതിരിക്കാൻ അവർക്ക് പരിശുദ്ധാത്മാവിനെ നൽകുമെന്ന് ഞാൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഉടനെതന്നെ അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയും. ഞാൻ പഠിപ്പിച്ചതെല്ലാം പരിശുദ്ധാത്മാവ് അവരെ ഓർമ്മിപ്പിക്കും.

ദാവീദ് : നാഥാ നന്ദി! അവർക്ക് സ്ഥിരമായി പരിശുദ്ധാത്മാവിനെ കൊടുക്കുവാൻ അങ്ങ് കനിവായല്ലോ.

യേശു : ഞാൻ എന്റെ ശിഷ്യന്മാരെ എല്ലാം പഠിപ്പിച്ചിട്ടാണ് പോന്നത്. പരിശുദ്ധാത്മാവ് അവരെ നയിച്ച് അവർ ലോകം മുഴുവനും എന്നെ പ്രഘോഷിച്ചുകൊള്ളും. അങ്ങനെ എന്റെ പിതാവിന്റെ പദ്ധതി പരിശുദ്ധാത്മാവിന്റെ സഹായത്താൽ എന്റെ ശിഷ്യന്മാരിലൂടെ തുടർന്നുകൊണ്ടേയിരിക്കും. എല്ലാവരും എന്നിൽ ഒന്നായിത്തീരുവോളം ഇതു തുടർന്നുകൊണ്ടേയിരിക്കും. ഇനിയും പരിശുദ്ധാത്മാവിയിരിക്കുമെന്റെ സഭയെ നയിക്കുക.

ദാവീദ് : എന്റെ നാഥനും രാജാവുമായ എന്റെ യേശുവേ അങ്ങയുടെ പദ്ധതിയ്ക്കായി അങ്ങയെ വാഴ്ത്തുന്നു. സ്തുതിക്കുന്നു. യേശുവേ മഹത്വം! മഹത്വം! സ്തുതി സ്തുതി.

(സോളമൻ വന്ന് സർവ്വജ്ഞാനത്തിന്റേയും ഉടമയും രാജാധിരാജനുമായ യേശുവിനെ വണങ്ങുന്നു.)

സോളമൻ : സർവ്വജ്ഞാനവും സമ്പത്തും ഈ എളിയ ദാസനു നൽകി ഭൂമിയിൽ എന്നെ ഏറ്റവും അധികം ബഹുമാനിച്ച എന്റെ രാജാധിരാജാവേ, ജ്ഞാനത്തിന്റെ ഉറവിടമേ, അങ്ങേയ്ക്കാരാധന! മഹത്വം! മഹത്വം!

യേശു : മകനേ, സോളമൻ! ദൈവത്തിന്റെ ജ്ഞാനത്തെ നീ മനസിലാക്കിയല്ലോ,

www.malankaralibrary.com



സോളമൻ : നാഥാ, ഞാൻ നന്ദിഹീനൻ, പാപി... എന്റെ സഹോദരങ്ങളുടെ ഇടയിൽ അയോഗ്യനായ എന്നെ അവിടുന്ന് രാജസിംഹാസനം ഏല്പിച്ചു. എന്റെ പിതാവ് രാജ്യത്തെ ശത്രുക്കളെ എല്ലാം നിഗ്രഹിച്ച് ഭദ്രമാക്കിയിട്ട് ഒറ്റ രാജ്യമായി എനിക്കു തന്നു. എന്നാൽ ഞാൻ കാരണം ഒന്നായിരുന്ന അങ്ങയുടെ രാജ്യം രണ്ടാകുന്നതിന് ഇടയായി. അങ്ങയുടെ ദാനമായ സർവ്വമഹിമ പ്രതാപത്തിൽ കഴിഞ്ഞിരുന്ന ഞാൻ, വിദേശരാജാക്കന്മാരെ പ്രീതിപ്പെടുത്താൻ വേണ്ടി അവരുടെ പെൺമക്കളെ ഭാര്യമാരാക്കി. അതു നിമിത്തം ഏകസത്യദൈവമായ അങ്ങയെ ഉപേക്ഷിച്ച് അന്യദേവാരാധനയും കാവുകളും ഈ ഭാര്യമാർക്കുവേണ്ടി തുടങ്ങി. ഞാനാണ് അങ്ങയുടെ സ്വന്തം ജനത്തിന്റെ അധഃപതനത്തിന് ആരംഭമിട്ടത്. എന്റെ സർവ്വസ്വവുമായ അങ്ങയെ ഉപേക്ഷിച്ച് ഭാര്യമാരെ പ്രീതിപ്പെടുത്താൻ പോയ ഞാൻ എത്ര ഭാഗ്യദോഷി. “നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു. ഞാനല്ലാതെ അന്യദൈവം നിനക്കുണ്ടാകരുത്” എന്ന ഏറ്റം പ്രധാനമായ കല്പന എപ്പോഴും ഹൃദയത്തിൽ ഉണ്ടായിരുന്നെങ്കിലും അതിനു വില കല്പിക്കാതെ ഞാൻ പ്രവർത്തിച്ചു. ദൈവമേ ഞാൻ പാപിയാണ്....

യേശു : മകനേ, ലോകത്തിൽ നിന്നെക്കാൾ ജ്ഞാനമുള്ളവർ ഇല്ലായിരുന്നു. ആ ജ്ഞാനം നിന്റെ ദൈവമായ കർത്താവിനെ മഹത്വപ്പെടുത്താൻ നീ ഉപയോഗിച്ചു. അതിമനോഹരമായ ഒരു ദൈവാലയം നീ എനിക്കുവേണ്ടി പണിതു. എന്റെ വാഗ്ദാനപേടകത്തെ ഭക്തിയോടെ നീ ദൈവാലയത്തിൽ പ്രതിഷ്ഠിച്ചു. നിന്നെക്കൊണ്ടു ദൈവാലയം പണിയിക്കണമെന്നുള്ളത് എന്റെ പിതാവിന്റെ തീരുമാനം ആയിരുന്നു. യഥാർത്ഥ ദൈവാലയത്തിന്റെ മുന്നോടിയായി, പാപപരിഹാര ബലി അർപ്പിക്കുവാൻ നീ ദൈവാലയം പ്രതിഷ്ഠിച്ചുവല്ലോ. എന്റെ ജനത്തെ മുഴുവൻ ഒരുമിച്ചു നിർത്തുന്നതിൽ അവരുടെ

www.malankaralibrary.com


ഏകദൈവത്തെ ആരാധിക്കുന്നതിന് വേണ്ടിയായിരുന്നു അത്. നീ ചെയ്ത നല്ല കാര്യത്തിനു നിന്നെ അഭിനന്ദിക്കുന്നു.

സോളമൻ : എന്റെ കർത്താവേ ഞാൻ കാരണം ആ ലക്ഷ്യമെല്ലാം തകർന്നുപോയി. ഞാൻ അതിൽ ഖേദിക്കുന്നു. എന്റെ പിതാവായ ദാവീദ് തന്റെ രാജ്യമെന്നെ ഏല്പിച്ചതാണ്. അത് രണ്ടാക്കുന്നതിന് ഞാൻ തുടക്കമിട്ടു. എന്റെ മകൻ റഹോബോവാം അതു നടപ്പിലാക്കി. അങ്ങയുടെ മക്കളെ രണ്ടാക്കിയപ്പോൾ അങ്ങ് അനുഭവിച്ച വേദന ഇന്നു ഞാൻ മനസ്സിലാക്കുന്നു. ജറോബോവാം അങ്ങയുടെ ജനത്തെ അങ്ങയുടെ ആലയത്തിൽ നിന്ന് അകറ്റി. അന്യദേവന്മാരെ ആരാധിപ്പിച്ചു. യഥാർത്ഥ ദൈവാലയം ജറുസലേമിൽ ആണെന്നറിയാമെങ്കിലും അവർ സമരിയായിലെ മലമുകളിൽ ബലിപീഠമുണ്ടാക്കി. ഇത് കാരണം അങ്ങ് അനുഭവിച്ച വേദന... എനിക്ക് സഹിക്കാൻ പറ്റുന്നില്ല. രാജ്യത്തെ രണ്ടായി മുറിച്ചതിന്റെ ഫലമായുണ്ടായ സംഭവങ്ങൾ അങ്ങയുടെ കുരിശുമരണം വരെ എത്തിച്ചു. അതേ, ഇരു രാജ്യങ്ങളേയും ബന്ധിപ്പിക്കാൻ അങ്ങേക്ക് കുരിശിൽ മരിക്കേണ്ടി വന്നു. അങ്ങയുടെ ഈ കുരിശുമരണത്തിന് ഉത്തരവാദി ഞാൻ കൂടെയാണ്. നാഥാ എന്നോട് ക്ഷമിക്കണമേ.

യേശു : എന്റെ മകനേ, എന്റെ കുരിശുമരണം ഓർത്തു നീ വിഷമിക്കേണ്ട. യഥാർത്ഥ ദേവാലയം എല്ലാവർക്കും വേണ്ടി തുറന്നു കൊടുക്കാനായിരുന്നു കുരിശുമരണം. ഞാൻ തെരഞ്ഞെടുത്ത ആ ചെറിയ ജനം ലോകത്തിലുള്ള മുഴുവൻ ജനത്തേയും പ്രതിനിധീകരിക്കുന്നതായിരുന്നു. ലോകത്തിലുള്ള എല്ലാവരേയും ഞാനാകുന്ന ദേവാലയത്തിൽ പ്രവേശിപ്പിക്കാൻ വേണ്ടിയായിരുന്നു ഈ ചെറിയ ജനത്തിന്റെ തിരസ്കാരവും ദേവാലയത്തിന്റെ നാശവും. യഹൂദജനത്തിന്റെ ദേവാലയം കല്ലിന്മേൽ കല്ലു ശേഷിക്കാതെ പൂർണ്ണമായി തകർക്കപ്പെടും. നാനാജാതി-മതസ്ഥർ 'ഞാനാകുന്ന' ദൈവാലയത്തിലേക്ക്, ഞാൻ സ്ഥാപിച്ച സഭയിലേക്ക് ഒഴുകിക്കൊണ്ടേ

www.malankaralibrary.com


യിരിക്കും. യഥാർത്ഥ ദൈവാലയമായ എന്നിലേക്ക് ലോകം വന്നുകൊണ്ടിരിക്കുന്നു. അതിനാണ് എന്റെ ശിഷ്യന്മാർ ഇന്ന് പ്രവർത്തിക്കുന്നത്. അതിനാൽ എന്റെ മകനേ സമാധാനത്താലേ വസിക്കുക.

സോളമൻ : എന്റെ രാജാവും കർത്താവുമായ തമ്പുരാനേ, അടിയൻ ഒരു ശിശു. ഇതൊന്നും മനസിലാക്കിയിരുന്നില്ല. അങ്ങാണ് സർവ്വശക്തൻ എന്നു മാത്രം അറിയാം. ഒന്നുമാത്രം ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ പിഴ നിമിത്തം ചിതറിപ്പോയ എന്റെ ജനത്തെ ഒന്നിപ്പിക്കേണമേ. എന്റെ പിൻഗാമികളായ രാജാക്കന്മാരേയും അനുഗ്രഹിക്കണമേ. അവരോടും ക്ഷമിക്കണമേ.

എന്റെ രാജാവേ, എന്റെ തമ്പുരാനേ,

അങ്ങേയ്ക്കു മഹത്വം! മഹത്വം! ആരാധന! ആരാധന!

## രംഗം 8

(സൈന്യങ്ങളുടെ കർത്താവിന് ആരാധന എന്നുപറഞ്ഞുകൊണ്ട് ഏലിയ പ്രവാചകൻ മുട്ടുകുത്തി വന്ദിക്കുന്നു.)

യേശു : ഇസ്രായേലിന്റെ ധീരനായ പ്രവാചകാ, നിന്നെ ഞാൻ അനുഗ്രഹിക്കുന്നു.

ഏലിയാ : എന്റെ കർത്താവും എന്റെ ദൈവവുമേ, സൈന്യങ്ങളുടെ കർത്താവിനെക്കുറിച്ചുള്ള തീഷ്ണതയാൽ മരുഭൂമിയിൽ വച്ച് എന്റെ ഹൃദയം ജ്വലിച്ചതിനേക്കാൾ പത്തിരട്ടി തീഷ്ണതയോടെ എന്റെ ഹൃദയം ഇപ്പോൾ ജ്വലിക്കുന്നു. പിതാവ് ഏല്പിച്ച ദൗത്യം മഹത്വത്തോടെ പൂർത്തിയാക്കി വിജയോന്മത്തനായി സ്വന്തം ഭവനത്തിൽ തിരിച്ചെത്തിയ അങ്ങയെക്കുറിച്ചുള്ള തീഷ്ണതയിൽ ജ്വലിച്ചെരിയുന്നു ഞാൻ. ആ അഹങ്കാരിയായ ജസബലിന്റെ ഭർത്താവ് ആഹാബിന്റെ മുമ്പിൽ എന്നെ നാണം കെടുത്താതെ, അഗ്നി ഇറക്കി ബലിവസ്തു ദഹിപ്പിച്ച ദൈവമേ ആരാധന! ആരാധന!

ആ ദുഷ്ടസ്ത്രീ ജസബലിന്റെ രക്തം നായ്ക്കൾ നക്കി

www.malankaralibrary.com


കുടിച്ചിട്ടും അത്യുന്നത ദൈവത്തിന്റെ വചനം ആ ജനം വിശ്വസിച്ചില്ലല്ലോ. അവരോടു ക്ഷമിക്കാൻ അങ്ങയുടെ തിരുരക്തത്തിനു മാത്രമേ സാധിക്കുകയുള്ളൂ.

യേശു : ആ ദുഷ്ടസ്ത്രീയോടും ഇസ്രായേലിന്റെ രാജാവിനോടും നാന്നൂറ് പ്രവാചകന്മാരോടും ഒറ്റയ്ക്ക് നിന്ന് പൊരുതിയ ഏലിയായുടെ ശക്തിയോടു കൂടിയാണല്ലോ എനിക്കു സാക്ഷ്യം നല്കാൻ സ്നാപകയോഹന്നാനെ ഞാൻ വീണ്ടും അയച്ചത്."

(ഏലീശാ താഴ്മയോടെ വന്നു താണു വണങ്ങി വന്ദിക്കുന്നു)

ഏലീശാ : യേശുവേ മഹത്വം!

കർത്താവേ നിലം ഉഴുതു നടന്ന എന്നെ, ആ ശൂനാംകാരിയെക്കൊണ്ട് ദൈവപുരുഷൻ എന്നു വിളിപ്പിച്ച ദൈവമേ, കാളയെപ്പോറ്റാൻ മാത്രം അറിയാമായിരുന്ന എന്നെക്കൊണ്ട് നാമാന്റെ കുഷ്ഠരോഗം സൗഖ്യമാക്കിച്ച ദൈവമേ, മരിച്ച കുട്ടിക്ക് അങ്ങയുടെ ജീവൻ എന്നെക്കൊണ്ട് കൊടുപ്പിച്ച ദൈവമേ! ആരാധന! ആരാധന! സ്തോത്രം.

യേശു : ഇസ്രായേലിലെ ദൈവപുരുഷനായ പ്രവാചകാ, സമാധാനത്താലേ വസിക്കുക.

(യേശയ്യയും ജറമിയായും എസക്കിയേലും വന്ന് ആരാധിക്കുന്നു. വിശുദ്ധ മന്ദിരവും ഇടർച്ചയുടെ ശിലയും ഇസ്രായേലിന്റെ ഇരുഭവനങ്ങളേയും നിലം പതിപ്പിക്കുന്ന പാറയും ആയവനെ ആരാധിക്കുന്നു. ആരാധന! ആരാധന!

സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ! പരിശുദ്ധൻ!)

ഏശയ്യ : യേശുവേ, നാഥാ, അങ്ങയെ മനസിലാക്കാൻ കഴിയാത്ത എന്റെ ജനത്തിനു ഹാ കഷ്ടം! അവർ അനുസരണം ഇല്ലാത്തവർ ആയിപ്പോയല്ലോ. അവരെ അങ്ങ് ഉപേക്ഷിക്കരുതേ. അവരുടെ അറിവില്ലായ്മയുടെ ചെയ്തികൾ നിമിത്തം പീഡനങ്ങളും ദുരിതങ്ങളും

www.malankaralibrary.com


മാത്രം അനുഭവിച്ചവരാണവർ. അവർ എക്കാലവും വിദേശരാജാക്കന്മാരുടെ അടിമകൾ ആയിരുന്നു. അവരെ അങ്ങ് തള്ളിക്കളയരുതേ.

യേശു : ഞാനവരെ ഉപേക്ഷിക്കുകയില്ല. "യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും" എന്ന തിരുവചനം അവരുടെ അധരത്തിൽ എപ്പോഴും ഉണ്ട്. ഇന്നും അവർ ആ ഇമ്മാനുവേലിനു വേണ്ടി കാത്തിരിക്കുന്നു. "യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും" എന്ന് പണ്ട് ബാലാം പറഞ്ഞത് കേട്ട് അവർ കാത്തിരിക്കുന്നു. "യൂദായിലെ ബേത്‌ലഹേം സകല നഗരങ്ങളേക്കാൾ ഭാഗ്യവതി" ആണെന്ന് അവർക്കറിയാം. "ഇസ്രായേലിനെ ഭരിക്കാനുള്ളവൻ ബേത്‌ലഹേമിൽ നിന്ന് വരും" എന്ന് അവർ കാത്തിരിക്കുന്നു. പക്ഷേ അവർ ഇപ്പോഴും "നസ്രത്തിൽ നിന്ന് നന്മയുണ്ടാകുമോ" എന്നുപറഞ്ഞ് അവർ കണ്ടിട്ടുള്ള നസ്രായനെ തള്ളിപ്പറയുന്നു. ഇത് അവർക്ക് കഷ്ടം.

ഏശയ്യ : ഞാൻ അറിയാതെ എന്റെ അധരങ്ങളിലൂടെ അവരോട് ഇതു സംസാരിച്ച ദൈവമേ, അങ്ങ് ഈ പറഞ്ഞതൊന്നും അവർക്ക് മനസ്സിലാക്കാൻ സാധിച്ചില്ലല്ലോ. എന്റെ ജനം എപ്പോഴും അവരുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടി അങ്ങയെ നോക്കിയിരിക്കുകയായിരുന്നു.

യേശു : ഞാൻ ധാരാളം ഉപമകളിലൂടെ, അടയാളങ്ങളിലൂടെ, പ്രബോധനങ്ങളിലൂടെ, അവരെ മനസിലാക്കാൻ ശ്രമിച്ചു. പക്ഷേ ഞാൻ തന്നെ അവരുടെ ഹൃദയം കഠിനമാക്കിയതുകൊണ്ട് അവർ എന്നെ ഗ്രഹിച്ചില്ല. "ജനത്തിനു വേണ്ടി ഒരു മനുഷ്യൻ മരിക്കുന്നത് നല്ലതാണെന്ന്" അവരുടെ മഹാപുരോഹിതൻ പറഞ്ഞിട്ടുപോലും അവർ തെറ്റിദ്ധരിച്ചു. എന്റെ മകനേ, ഏശയ്യാ, ഈ കുരിശുമരണ ഉത്ഥാനത്തിലൂടെയുള്ള രക്ഷ ആദിയിലെ തന്നെ എന്റെ പിതാവും ഞാനും തീരുമാനിച്ചിരുന്നു. കാണാപ്പുറത്ത് ഇരുന്നുകൊണ്ട് പരിശുദ്ധാത്മാവ് എല്ലാം ക്രമീകരിച്ചു.

www.malankaralibrary.com


(ജെറെമിയ താണു വണങ്ങുന്നു സ്തുതിക്കുന്നു)

ജെറെമിയ : നാഥാ കരുണ ആയിരിക്കണമേ. അങ്ങയുടെ എളിയ ദാസനോട് കരുണ ആയിരിക്കണമേ.

യേശു : എന്റെ, ശക്തനായ പ്രവാചകാ, ധൈര്യമായിരിക്കുക.

ജെറെമിയ : കർത്താവേ, അങ്ങ് എന്നെ ഏല്പിച്ച ജോലി സ്തുത്യർഹമാംവിധം നടത്താൻ എനിക്കു കഴിഞ്ഞില്ല. എന്നോട് ക്ഷമിക്കേണമേ.

ഞാൻ എത്ര ശ്രമിച്ചിട്ടും "ജീവന്റെ ഉറവയായ അങ്ങയെ ഉപേക്ഷിച്ച് ജലം സൂക്ഷിക്കാൻ കഴിവില്ലാത്ത പൊട്ടക്കിണറുകൾ അവർ കുഴിച്ചു." അങ്ങനെ അവർ ദുരിതങ്ങളിൽ അകപ്പെട്ടു. അവരുടെ ദുരിതങ്ങളിൽ ഞാൻ അവരെ എപ്പോഴും ബലപ്പെടുത്തിക്കൊണ്ടിരുന്നു. "ഒന്നും നിങ്ങളുടെ നാശത്തിനല്ല, നിങ്ങളുടെ ക്ഷേമത്തിനാണ്. നിങ്ങൾക്ക് ശുഭമായ ഒരു ഭാവിയും പ്രത്യാശയും ലഭിക്കുന്നതിനാണ്" എന്ന് ഞാൻ അവരെ ബലപ്പെടുത്തിക്കൊണ്ടിരുന്നു. അവർ അടിമകളായപ്പോൾ, നിങ്ങൾ നഷ്ടപ്പെട്ടു പോകാതിരിക്കാനാണ് ഇതെല്ലാം സംഭവിച്ചത് എന്ന് പറഞ്ഞ് അവരെ ബലപ്പെടുത്തി.

യേശു : എല്ലാം ഞാൻ കാണുന്നുണ്ടായിരുന്നു മകനേ.

ജെറെമിയ : അവർ എന്നെ പൊട്ടക്കിണറ്റിലിട്ടു കൊല്ലാൻ ശ്രമിച്ചെങ്കിലും അങ്ങയുടെ സംരക്ഷണയാൽ ഒന്നും പറ്റിയില്ല. എനിക്ക് അവരെപ്രതിയായിരുന്നു ഉത്ക്കണ്ഠ. അവർ നഷ്ടപ്പെട്ടു പോകരുതേ എന്ന് ഞാൻ തീവ്രമായി ആഗ്രഹിച്ചു. അവരെ രക്ഷിക്കാൻ വേണ്ടി അങ്ങു സഹിച്ച വേദന ഓർത്താൽ കരയാത്തവരാരുണ്ട്? നാഥാ അങ്ങയെ പീഡിപ്പിച്ചവരോടു ക്ഷമിക്കേണമേ.

യേശു : മകനെ നിന്റെ ക്ലേശങ്ങളെ ഓർത്തു ഞാൻ നിന്നെ അനുഗ്രഹിക്കുന്നു.

ജെറെമിയ : നാഥാ, അവരുടെ പ്രവാസകാലത്ത് അങ്ങ് എത്ര കരുണയോടെയാണ് അവരെ ആശ്വസിപ്പിച്ചത്! "എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ്." "എഫ്രായീം, എന്റെ വത്സല പുത്രൻ, എന്റെ ഓമനക്കുട്ടൻ" എന്ന്

www.malankaralibrary.com



പറഞ്ഞ് ആശ്വസിപ്പിച്ചു. സൈന്യങ്ങളുടെ ദൈവമായ കർത്താവ്, അപ്പന്റെ ശാസനം ആണ് അവർക്ക് നൽകിയതെന്ന് അവർ മനസിലാക്കിയില്ല. കർത്താവേ അവരോട് ക്ഷമിക്കേണമേ.

യേശു : മകനേ, എന്റെ പിതാവിനോട് അവർക്കു വേണ്ടി ക്ഷമ യാചിച്ചിട്ടാണ് ഞാൻ പോന്നത്.

(ജെറെമിയ ആരാധിച്ചുകൊണ്ട് വണങ്ങുന്നു). മഹത്വം! മഹത്വം!

(എസക്കിയേൽ ജ്വലിക്കുന്ന തീക്കനൽ കയ്യിൽ പിടിച്ചുകൊണ്ട് ആരാധിക്കുന്നു)

എസക്കിയേൽ : കേബാർ നദീതീരത്ത് പ്രവാസികളെ ബലപ്പെടുത്താൻ എളിയവനായ എന്നെ അയച്ചവനേ ആരാധന! കെരൂബുകളുടെ ഇടയിൽ നിന്ന് ജ്വലിക്കുന്ന തീക്കനൽ കൈനിറയെ എടുത്ത് നഗരത്തിൽ വിതറാൻ കല്പിച്ചവനേ ഞാൻ കണ്ട മഹത്വം വർണ്ണിക്കാൻ കഴിയുന്നതല്ല. അങ്ങ് പരിശുദ്ധൻ! പരിശുദ്ധൻ!

യേശു : എന്റെ അനുഗ്രഹം നിന്നോടു കൂടിയുണ്ട്.

എസക്കിയേൽ : “മന്ത്രച്ചരടു നെയ്യുന്നവർക്കു ദുരിതം.” വിഗ്രഹാരാധനയും വ്യഭിചാരവും നിമിത്തം ദേശത്തെ അങ്ങ് വിജനമാക്കും എന്ന താക്കീത് ഒന്നും അവർ അനുസരിച്ചില്ല. അവരുടെ വിഗ്രഹാരാധനയും വ്യഭിചാരവും കണ്ട് സഹിച്ച്, ക്ഷമിച്ച് ദയയോടെ അവരുടെ തിരിച്ചു വരവിനായി കാത്തിരുന്ന അങ്ങ് എത്ര കാരുണ്യവാൻ. അങ്ങ് സ്നേഹനിധിയാണ്. ഒരു പുതിയ മാംസള ഹൃദയം അവർക്കു നൽകാൻ അങ്ങു കാത്തിരുന്നു.

“ഞാൻ കല്ലറകൾ തുറന്ന് നിങ്ങളെ ഉയർത്തും, എന്റെ ആത്മാവിനെ നിങ്ങളിൽ നിവേശിപ്പിക്കും” എന്ന് അങ്ങ് പറഞ്ഞു. വി. കുഞ്ഞാടേ അത് ഇപ്പോഴാണ് വ്യക്തമായത്. അവർക്കു വേണ്ടി യാഗ വിരുന്ന് ഒരുക്കിയവനേ, ദൈവത്തിന്റെ കുഞ്ഞാടേ, വാഴ്ത്തുന്നു, വാഴ്ത്തുന്നു.

യേശു : എന്റെ മകനെ എന്റെ ജനം തന്നിഷ്ടം നിമിത്തം തെറ്റു ചെയ്തെങ്കിലും ശിക്ഷണം ലഭിച്ചപ്പോൾ അവരുടെ

www.malankaralibrary.com



മനസു തിരിഞ്ഞു. എങ്കിലും എനിക്ക് അവരോടുള്ള സ്നേഹക്കൂടുതൽ കൊണ്ട് അവരെ രക്ഷിക്കാൻ വേണ്ടിയാണ് അവർ പ്രവാസികൾ ആകേണ്ടിവന്ന തെന്ന് അവർ മനസിലാക്കിയില്ല.

എന്റെ ദാസൻ ദാനിയേലിന്റെ പ്രാർത്ഥനകളും യാചനകളും നിമിത്തം ശൂന്യമായിക്കിടന്ന എന്റെ ആലയത്തെയോർത്ത് ഞാനവരോട് കരുണ കാട്ടി. ഞാൻ എന്റെ പ്രധാന ദൂതനായ മിഖായേലിനെ അവന്റെ സഹായത്തിനയച്ചു.

(ഏശയ്യയും ജറമിയയും എസക്കിയേലും വീണ്ടും കുമ്പിടുന്നു)

സൈന്യങ്ങളുടെ കർത്താവിന് ആരാധന! ആരാധന!

(പ്രകാശം നിറഞ്ഞ കണ്ണുകളുമായി തോബിത് വന്ന് കുമ്പിട്ടാരാധിക്കുന്നു)

യേശു : എന്റെ സ്നേഹിതനും വിശ്വസ്തദാസനുമായ തോബിത്, ഞാൻ നിന്നെ അനുഗ്രഹിക്കുന്നു. നീ അസ്സീറിയായിലെ ഷൽമനേസറിന്റെ കാലത്ത് നിനവേയിലെ നിന്റെ സഹോദരർക്കു ചെയ്ത ഉപകാരം ഒന്നും ഞാൻ മറന്നിട്ടില്ല.

തോബിത് : എന്റെ പരിശുദ്ധനായവനേ, എന്റെ പിതാവ് നഫ്താലി, ബാൽകാളക്കുട്ടിക്ക് ബലിയർപ്പിച്ചപ്പോൾ എന്റെ സ്വർഗ്ഗീയ പിതാവിനു മാത്രം ബലിയർപ്പിക്കാൻ എന്നെ അങ്ങ് കടാക്ഷിച്ചതിന് നന്ദി അർപ്പിക്കുന്നു നാഥാ.

യേശു : എന്റെ മകനേ, നീ ദശാംശം ഉചിതമായി കൊടുക്കുന്നതിലും നഗ്നർക്ക് വസ്ത്രം നൽകുന്നതിലും മരിച്ചവരെ സംസ്കരിക്കുന്നതിലും എത്ര സംതൃപ്തി കണ്ടെത്തിയിരുന്നു. നീ ചെയ്ത നന്മകൾ ഒന്നും ഒരു കാലത്തും ആരും മറക്കുകയില്ല.

തോബിത് : കർത്താവേ, അടിയനും അടിയന്റെ സഹോദരങ്ങളും പാപികൾ. അങ്ങയുടെ പരിശുദ്ധാത്മാവ് എന്നെ നയിച്ചതുകൊണ്ടാണ് എന്തെങ്കിലും ചെയ്യാൻ സാധിച്ചത്.

www.malankaralibrary.com



എന്റെ കണ്ണ് അന്ധമായി പോയപ്പോഴും നിന്റെ കൃപ എന്നിൽ വസിച്ചിരുന്നു. നാഥാ അടിയന് എന്തു യോഗ്യത? എനിക്ക് എന്തു നന്മയുണ്ടെങ്കിലും അതൊക്കെ അങ്ങയുടെ ദാനം മാത്രമായിരുന്നു.

യേശു : അതേ മകനേ, ഞാൻ നിന്റെ അടുത്തുണ്ടായിരുന്നു.

തോബിത് : എന്റെ കുടുംബത്തിന് അങ്ങ് പ്രദാനം ചെയ്ത നന്മകൾ എത്രയോ അവർണ്ണനീയം! അങ്ങയുടെ പ്രധാന ദൂതന്മാരിൽപ്പെട്ട റഫായേലിനെ എന്റെ ഭവനത്തിലേക്കയയ്ക്കാൻ അടിയന്റെ കുടുംബം എന്തുള്ളൂ? നാഥാ സ്തോത്രം! അങ്ങയുടെ പരിശുദ്ധനാമം മഹത്വപ്പെടട്ടെ.

യേശു : എന്റെ പ്രിയ റഫായേൽ ഇവിടെ നില്പുണ്ട്. എല്ലാം കേട്ടുകൊണ്ട് അവൻ പുഞ്ചിരിക്കുന്നു. അവൻ ഭൂമിയിൽ വന്ന് നിങ്ങളോടു കൂടി മാത്രമാണ് താമസിച്ചിട്ടുള്ളത്.

തോബിത് : അങ്ങയുടെ മാലാഖയെ കാണാൻ എനിക്കെന്തു യോഗ്യത? അങ്ങ് എന്നോട് കരുണ ആയിരിക്കണമേ. എന്റെ കുടുംബാംഗങ്ങളിൽ നിന്നു വന്നുപോയ തെറ്റുകൾ ക്ഷമിക്കണമേ. ഞങ്ങളുടെ ചാർച്ചക്കാരെല്ലാം പരമ പരിശുദ്ധനായ അങ്ങയെ ഉപേക്ഷിച്ച് ആ നിനവേക്കാരുടെ ആചാരങ്ങളിൽ മുഴുകി. അങ്ങ് എല്ലാവരോടും ക്ഷമിക്കേണമേ. അവർ എക്കാലവും ചെയ്ത പാപങ്ങളാണ് അങ്ങയുടെ കുരിശുമരണത്തിന് കാരണം ആയതെന്നോർത്തു ഞാൻ വേദിക്കുന്നു. യഹൂദജനത്തോട് അങ്ങ് കരുണ ആയിരിക്കണമേ.

യേശു : മകനേ, തോബിത്, നീ കണ്ണീരോടെ അർപ്പിച്ച പ്രാർത്ഥന ഞങ്ങളുടെ സന്നിധിയിൽ സ്വീകരിക്കപ്പെട്ടു. ഹൃദയം നുറുങ്ങിയവരെ എന്റെ പിതാവായ ദൈവം കടാക്ഷിക്കും. നിന്റെ കണ്ണുനീർത്തുള്ളികൾ ഞാൻ കുപ്പിയിൽ ശേഖരിച്ചിരുന്നു. വിളിച്ചാൽ 'ഇതാ ഞാനെന്ന്' മറുപടി പറയുന്നവനാണ് എന്റെ പിതാവ്. നിന്റെ അനുതാപവും പ്രാർത്ഥനയും ഇവിടെ സുഗന്ധധൂപം ആയിത്തീർന്നിരിക്കുന്നു.

തോബിത് : ഓ കർത്താവേ, അയോഗ്യനായ അടിയൻ അങ്ങയുടെ

www.malankaralibrary.com



കാരുണ്യം പ്രാപിച്ചിരിക്കുന്നു. അങ്ങയുടെ കുരിശു മരണത്തെ വാഴ്ത്തുന്നു. നാഥാ, അങ്ങയുടെ കുരിശു മരണം വർണ്ണിക്കാൻ എന്റെ നാവുകൾക്ക് ശക്തി പോരാ. ഞങ്ങൾക്കുവേണ്ടി കുരിശുമരണം വരിച്ചവനേ ഞങ്ങളോടു കരുണ ആയിരിക്കണമേ.

യേശു : മകനേ, റഫായേൽ മാലാഖ വഴി എന്റെ സാന്നിദ്ധ്യം നീ അറിഞ്ഞുവെങ്കിൽ, എന്റെ കുരിശുമരണ-ഉത്ഥാനം വഴി എന്നെ പൂർണ്ണമായി, അവർക്ക് കൊടുത്തിട്ടാണ് ഞാൻ പോന്നത്. അവർക്ക് ഭൂമിയിൽ ഇനിയും യാതൊരു കുറവുമില്ല. എപ്പോൾ വേണമെങ്കിലും എന്നെ കാണാം. എന്റെ മണവാട്ടി സഭ എന്റെ അടുത്തെപ്പോഴും ഉണ്ട്. അവർ എന്നെ സൂക്ഷിച്ചു വയ്ക്കുന്ന പേടകത്തിൽ ഞാൻ ഒറ്റയ്ക്കിരിക്കുന്നതിനേക്കാൾ എനിക്കിഷ്ടം അവർ ആരെങ്കിലും എന്റെ അടുത്തിരിക്കുന്നതാണ്. അവരുടെ ആരാധനയിലും സ്തുതിയിലും വസിക്കുമ്പോൾ ഞാൻ അവരുമായൊന്നാകുന്നു. എനിക്കേറ്റവും ഇഷ്ടം അവരുടെ സ്നേഹമുള്ള മാംസള ഹൃദയത്തിൽ ഞാൻ വസിക്കുന്നതാണ്.

തോബിത് : നാഥാ, അങ്ങ് സൃഷ്ടിച്ച മനുഷ്യനെ അങ്ങ് സ്നേഹിക്കുന്ന വിധം എത്രയോ അവർണ്ണനീയം! അവരുടെ ഭാരങ്ങൾ ഇറക്കി വയ്ക്കുവാൻ അങ്ങ് സ്ഥാപിച്ച വി. കുർബ്ബാന വഴി അങ്ങ് അവരുടെ അടുത്തുണ്ടല്ലോ. ഓ! അവർ ഭാഗ്യവാന്മാർ.

യേശു : മകനേ, ഭൂമിയിൽ ഉള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുക. നിന്റെ നന്മ അവർക്കും ഉണ്ടാകട്ടെ.

തോബിത് : നാഥാ നന്ദി. സ്തോത്രം കർത്താവേ. അങ്ങയുടെ നാമം പൂജിതമാകണമേ.

(ആരാധിക്കുന്നു, കുമ്പിടുന്നു)

www.malankaralibrary.com


(ഹോസിയ പ്രവാചകൻ വന്നു താണുവണങ്ങുന്നു)

ഹോസിയ : കർത്താവേ എന്റെ ഭാര്യ ഇസ്രായേലിനു വേണ്ടി ഞാൻ അവിടത്തോടു മാപ്പ് അപേക്ഷിക്കുന്നു. അവൾ എന്നെ ഉപേക്ഷിച്ച് അന്യപുരുഷന്മാരുടെ പുറകെ പോയി. അതുകാരണം അവൾ വളരെയേറെ ദുരിതം അനുഭവിച്ചു.

യേശു : അതുകൊണ്ടല്ലേ ഹോസിയ, നീ അവളെ തിരിച്ചു സ്വീകരിക്കണം എന്നു ഞാൻ പറഞ്ഞത്. നീ സ്വീകരിച്ചില്ലെങ്കിൽ അവൾ അനാഥ ആയി പോയേനെ. അവൾ നിരപരാധി ആണ്. അവിവേകം പ്രവർത്തിച്ചു എന്നേയുള്ളൂ.

ഹോസിയ : എന്റെ ഭാര്യയുടെ തെറ്റ് എനിക്ക് പൊറുക്കാൻ കഴിയുന്നതല്ല. അവളുടെ അഹങ്കാരവും വ്യഭിചാരവും അങ്ങ് ക്ഷമിച്ചതുകൊണ്ടാണ് ഞാൻ ക്ഷമിച്ചത്.

യേശു : അതേ, ഹോസിയ, അവർ വിഗ്രഹാരാധനയായ വ്യഭിചാരം നടത്തിയിരുന്നു. കൂടാതെ അവർ അഹങ്കരിച്ചിരുന്നു. അവർ മാത്രം എന്റെ സ്വന്തം എന്ന് അവർ അഹങ്കരിച്ചിരുന്നു. ഞാനല്ലേ അവരെ തെരഞ്ഞെടുത്തത്. അവർ എന്നെ തെരഞ്ഞെടുക്കുക അല്ലായിരുന്നുവല്ലോ. മുന്തിരിത്തോട്ടത്തിലെ ജോലിക്ക് ആദ്യമേ പ്രവേശിക്കുന്നതിന് ഞാനല്ലേ അവരെ വിളിച്ചത്. എല്ലാവരും കൂടെ ചന്ത സ്ഥലത്ത് ആയിരുന്നപ്പോൾ അവർക്ക് യാതൊരു പ്രത്യേക യോഗ്യതയും ഇല്ലായിരുന്നു. അവരെ ആദ്യം ഞാൻ വിളിച്ചതുകൊണ്ട് അവർ മുമ്പന്മാരായി. പിന്നെ രക്ഷ അവർക്കു മാത്രമെന്ന് എന്തിന് അവർ അഹങ്കരിച്ചു. ഞാൻ വെറുക്കുന്ന രണ്ടു തിന്മയാണ് അഹങ്കാരവും വ്യഭിചാരവും. ഇതു രണ്ടിനും അവർ മുമ്പിലായിരുന്നു. “എല്ലാം ദാനമായി ലഭിച്ചിരിക്കേ ദാനമല്ല എന്ന മട്ടിൽ അവർ അഹങ്കരിച്ചു.” “എന്റെ സൗജന്യദാനമാണ്” അവർ അനുഭവിച്ചതെല്ലാം എന്ന് ഇനിയെങ്കിലും അവർ മനസിലാക്കിയിരുന്നെങ്കിൽ.

www.malankaralibrary.com


ഹോസിയ : ഈ രണ്ടു വലിയ തിന്മയും സ്വന്തമായിട്ടുള്ള അവരെ വീണ്ടും സ്വീകരിക്കാൻ മനസായിരിക്കുന്ന നാഥാ അങ്ങ് എത്ര കരുണയുള്ളവൻ. അങ്ങയുടെ കരുണ മനസിലാക്കാൻ ഈ ജനത്തിന് കഴിയുന്നില്ലല്ലോ. നാഥാ ക്ഷമിക്കണമേ, കരുണ ആയിരിക്കണമേ.

(ദാനിയേൽ മുട്ടുകുത്തി കുമ്പിടുന്നു)

ദാനിയേൽ : രാജാധിരാജനും സർവ്വശക്തനുമായ എന്റെ നാഥാ ഞാൻ ബാബിലോണിൽ സിംഹക്കുഴിയിൽ ആയിരുന്നപ്പോൾ യൂദയായിൽ നിന്ന് ഹബബൂക്ക് വഴി എനിക്ക് ഭക്ഷണം കൊടുത്തയച്ച അങ്ങേയ്ക്കു നന്ദി പറയുവാൻ എന്റെ നാവുകൾ പോര. അങ്ങയുടെ ശക്തി ആർക്കു വർണ്ണിക്കാനാകും?

(ദാനിയേൽ കുമ്പിട്ടു വണങ്ങുന്നു)

യേശു : നിന്റെ വിശ്വാസം മതിയായിരുന്നല്ലോ അവരെ രക്ഷിക്കാൻ. എത്ര ധീരതയോടെ നീ അവിടെ പെരുമാറി. നിന്റേയും നിന്റെ മൂന്ന് കൂട്ടുകാരുടെയും ഉപവാസത്തിന്റേയും, നോമ്പിന്റേയും, പ്രാർത്ഥനയുടേയും ശക്തി അവരെ രക്ഷിച്ചു. അഗ്നികുണ്ഡത്തിന്റെ നടുവിൽ ശീതള മന്ദമാരുതൻ പ്രവഹിച്ചത് നിങ്ങളുടെ വിശ്വാസം മൂലമായിരുന്നു. തീച്ചൂളയിലാണ് നിൽക്കുന്നതെന്ന് അവർ മൂന്നുപേരും കണ്ടില്ല. ഒരിക്കൽ പത്രോസ് വിശ്വാസത്തോടെ എന്നെക്കണ്ട് കടലിൽ ചാടി. എന്നാൽ കടൽ കണ്ടപ്പോൾ അവൻ ഭയന്നു. എന്നാൽ തീയിൽ നിന്ന ആ മൂന്നു പേരും തീ കണ്ടില്ല. പകരം എന്നെക്കണ്ടു. അതുപോലെ പ്രിയ മകനേ, നീ ബാബിലോണിൽ ആയിരുന്നപ്പോൾ നിന്റെ ജനാല തുറന്നിട്ട് ദൂരെയുള്ള ജറുസലേം ദൈവാലയത്തിലേക്കു നോക്കി പ്രാർത്ഥിച്ചു. ആ സമയം നീ ബാബിലോൺ കണ്ടില്ല. പകരം ജറുസലേം ദൈവാലയത്തിൽ ഇരിക്കുന്ന എന്നെ കണ്ടു. സിംഹക്കുഴിയിൽ നീ കിടന്നപ്പോഴും നീ സിംഹത്തെ കണ്ടില്ല. എന്നെ കണ്ടു. സത്യത്തിൽ

www.malankaralibrary.com



ഞാൻ നിന്റെ അടുത്തുണ്ടായിരുന്നു. നിന്റെ ആ വിശ്വാസത്തെ ഞാൻ അഭിനന്ദിക്കുന്നു. ആ വിശ്വാസമാണ് നിങ്ങളെ ബാബിലോണിൽ നിന്ന് രക്ഷിക്കാൻ കാരണമായത്.

ശക്തനും ധീരനും ആയ പ്രവാചകാ, നീ നിഷ്കളങ്കയായ സൂസന്നയെ രക്ഷിക്കാൻ പോയപ്പോഴും ഞാൻ നിന്റെ കൂടെ ഉണ്ടായിരുന്നു. നിന്റെ പേര് നിനക്ക് യോജിച്ചതാണ്. നിന്നെ ഞാൻ അനുഗ്രഹിക്കുന്നു.

ദാനിയേൽ : എന്റെ നാഥാ എനിക്ക് ചെറുപ്പത്തിലേ അങ്ങു തന്ന വിശ്വാസത്തിനു നന്ദി. അങ്ങു നൽകാത്തതായി എന്റെ ജീവിതത്തിൽ ഒന്നും ഇല്ല. ഞാൻ അങ്ങയെ വന്ദിക്കുന്നു, സ്തുതിക്കുന്നു. എന്റെ പാവം ജനത്തോടു കരുണ ആയിരിക്കണമേയെന്ന് ഇന്നും അങ്ങയോട് പ്രാർത്ഥിക്കുന്നു.

യേശുവേ നന്ദി! യേശുവേ മഹത്വം!

(യോന അതീവ ദുഃഖഭാരത്തോടെ കടന്നുവന്നു കുമ്പിടുന്നു)

യേശു : എന്റെ പ്രവാചകനായ യോനായേ, നീ മത്സ്യത്തിന്റെ ഉള്ളിൽ മൂന്നു ദിവസം കിടന്നപ്പോൾ ഭയന്നുപോയോ? ഞാൻ മൂന്നു ദിവസം പാതാളത്തിൽ പോയതു വഴി നിന്റെ വിഷമം മാറിയല്ലോ.

യോന : എന്റെ നാഥനും കർത്താവുമായ ദൈവമേ, അങ്ങ് എന്നെ എത്രമാത്രം സ്നേഹിക്കുന്നു എന്നെനിക്കറിയാം. മത്സ്യത്തിനകത്ത് ഞാൻ സുഖമായി വസിച്ചു. ഞാനെന്റെ ജീവിതകാലം മുഴുവൻ പ്രാർത്ഥിച്ചതിൽ കൂടുതൽ മത്സ്യത്തിന്റെയുള്ളിലിരുന്നുകൊണ്ട് പശ്ചാത്തപിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. മത്സ്യത്തിന്റെ ഉള്ളിൽ വച്ചാണ് എനിക്ക് എന്റെ കുറവുകളെ കാണാൻ കഴിഞ്ഞത്. അതുവരെ ഞാനൊരു യഹൂദനാണെന്നും എനിക്കും എന്റെ കൂട്ടർക്കും മാത്രം അബ്രഹാത്തിന്റെ മടിയിൽ സ്ഥാനമുണ്ടെന്നും അഹങ്കരിച്ചിരുന്നു. തന്നെയുമല്ല, വലിയൊരു പാപം

www.malankaralibrary.com


എന്നിലുണ്ടായിരുന്നു. ഞങ്ങൾ യഹൂദരല്ലാതെ വിജാതീയർ ആരും തന്നെ സ്വർഗ്ഗത്തിന്റെ പടിവാതിൽ പോലും കാണരുതെന്ന് എനിക്ക് നിർബന്ധമുണ്ടായിരുന്നു. അത്രയ്ക്കു വിരോധം ആയിരുന്നു എനിക്കവരോട്. ഞങ്ങൾ പ്രവാസത്തിൽ നിന്നും വന്ന് ജറുസലേം ദേവാലയം പുനരുദ്ധരിച്ചപ്പോൾ ആ സമരിയാക്കാർ വന്ന് എത്രമാത്രം തടസപ്പെടുത്തി. ഞങ്ങൾ അവരെയെല്ലാവരേയും ശത്രുക്കളായി കണ്ടിരുന്നു. അവരാരും രക്ഷപ്പെടരുതെന്ന് ഞങ്ങൾക്ക് നിർബന്ധമായിരുന്നു.

നിനവേക്കാരോട് അങ്ങയെപ്പറ്റി പ്രസംഗിക്കാൻ പറഞ്ഞപ്പോൾ ആ രോഷം എന്നിൽ ആളിക്കത്തി. അതാണ് ഞാൻ സ്നേഹിച്ചിരുന്ന, ആരാധിച്ചിരുന്ന എന്റെ ദൈവത്തെ അനുസരിക്കാതെ ഞാൻ പോയത്. നാഥാ ഈ സമയം അങ്ങയോടു മാപ്പു ചോദിക്കുന്നു. എന്റെ അനുസരണക്കേട് ഗത്സെമനിയിൽ അങ്ങ് സഹിച്ച വേദനയ്ക്ക് ആക്കം കൂട്ടി എന്നതിൽ ഞാൻ ലജ്ജിക്കുന്നു. നാഥാ മാപ്പ് ചോദിക്കുന്നു. അങ്ങ് സർവ്വ മനുഷ്യരുടെയും ദൈവമാണെന്ന് ഞാൻ ഏറ്റുപറയുന്നു.

യേശു : നിന്റെ അനുസരണക്കേടിനെ ഓർത്ത് നീ പശ്ചാത്തപിച്ചുവല്ലോ. നിന്റേയും രക്ഷയാണ് ഞാനാഗ്രഹിച്ചിരുന്നത്.

യോന : മത്സ്യത്തിന്റെ ഉള്ളിൽ വച്ചുള്ള എന്റെ പ്രാർത്ഥന കേട്ട എന്റെ ദൈവമേ അങ്ങ് കാരുണ്യവാൻ, സ്നേഹസ്വരൂപൻ. അങ്ങയെപോലെ ക്ഷമിക്കുന്ന ഒരു ദൈവം ആരുണ്ട്? അങ്ങുമാത്രം പരിശുദ്ധൻ.

യേശു : നിനക്ക് ദൈവത്തിന്റെ യഥാർത്ഥ സ്വഭാവമന്നു മനസിലായതിനാൽ, നീ സകലവും ഗ്രഹിച്ചതിനാൽ ഞാൻ സന്തോഷിക്കുന്നു. മകനേ, എല്ലാവരും ഒന്നായി ഏകസത്യ ദൈവത്തിൽ വിശ്വസിച്ച്, ത്രിയേക ദൈവത്തെ ആരാധിച്ച്, നിത്യജീവൻ പ്രാപിക്കണം എന്നുമാത്രമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

www.malankaralibrary.com


യോന : കർത്താവേ അങ്ങയുടെ ശിഷ്യന്മാരും അവരുടെ പിൻഗാമികളും അതിനുവേണ്ടി ശ്രമിക്കുകയാണല്ലോ. അങ്ങയുടെ അനുഗ്രഹത്താൽ അങ്ങ് അവർക്കയച്ചു കൊടുക്കാൻ പോകുന്ന, പിതാവിൽ നിന്ന് പുറപ്പെടുന്ന പരിശുദ്ധാത്മാവിന്റെ സഹായത്താൽ എല്ലാവരും നിത്യ ജീവൻ പ്രാപിക്കണമേയെന്ന് ഞങ്ങൾ അപേക്ഷിച്ചു കൊള്ളാം. എന്റെ നിനുവേക്കാർ മാനസാന്തരപ്പെട്ടതു പോലെ ഇതും സാദ്ധ്യമായി തീരുമെന്ന് അങ്ങയുടെ കുരിശു മരണത്തിന്റേയും തിരുരക്തത്തിന്റേയും യോഗ്യതയാൽ, അങ്ങയുടെ തിരുനാമത്തിന്റേയും വചനത്തിന്റേയും ശക്തിയാൽ ഞങ്ങൾ പ്രത്യാശിക്കുന്നു. നാഥാ അങ്ങേയ്ക്കു വന്ദനം! ആരാധന! മഹത്വം.

(കുമ്പിട്ടാരാധിക്കുന്നു, വണങ്ങുന്നു)

യേശു : നിങ്ങൾ, എന്റെ പ്രവാചകന്മാർ എന്നെപ്പറ്റി എന്റെ ജനത്തോടു പറഞ്ഞിരുന്നതെല്ലാം അവർ എന്നോടു ചെയ്തു. അവർ എന്റെ മുഖത്തു തുപ്പി. ഞാങ്ങണ എടുത്തു ശിരസിൽ അടിച്ചു. എന്റെ ആടുകൾ എല്ലാം ചിതറിപോയി. ഞാൻ ഒരു നിമിഷം പതറിപ്പോയി. എനിക്ക് മുപ്പതു ഷെക്കൽ വെള്ളി അവർ വില കല്പിച്ചു. എന്റെ താടിമീശ പറിച്ചെടുത്തു.

(സഖറിയ പ്രവാചകൻ ചങ്കുപൊട്ടികരയുന്നു)

സഖറിയ പ്രവാചകൻ: അയ്യോ എനിക്കു ഹാ കഷ്ടം! ഞാൻ ഒന്നും അറിയാതെയാണ് പ്രവചിച്ചത്. ഇതെല്ലാം എന്നിലൂടെ അങ്ങ് പറഞ്ഞുവല്ലോ. ആ സമയം അങ്ങയെ ഒന്നു സഹായിക്കാൻ പോലും കഴിയാതെ ഞങ്ങൾ തികച്ചും അശക്തരായിരുന്നുവല്ലോ. ഇവിടെ ഞങ്ങൾ എല്ലാവരും നിസ്സഹായരായിരുന്നു. അങ്ങയെ ഒന്നു നോക്കാൻ പോലും കഴിയാതെ ഞങ്ങൾ മൂകരായി പോയി.

യേശു : സഖറിയ, എന്റെ മകനേ വിഷമിക്കേണ്ട. ഇതെല്ലാം ഞങ്ങളുടെ പദ്ധതി ആയിരുന്നു. ഇതിനുവേണ്ടിയാണ് 33 വർഷം മുമ്പ് നിങ്ങളെ വിട്ടിട്ട് ഞാൻ ഇവിടെ നിന്നും ഭൂമിയിലേക്ക് പോയത്. ഇതെല്ലാം സംഭവിക്കുമെന്നും

www.malankaralibrary.com


ഇതിനായിട്ടാണ് ഞാൻ പോകുന്നതെന്നും എനിക്ക് നന്നായി അറിയാമായിരുന്നു. എല്ലാ മനുഷ്യരും ജനിക്കുന്നതുപോലെയല്ല ഞാൻ ജനിച്ചത്. എല്ലാവരും ജനിച്ച് ഭൂമിയിൽ ജീവിച്ച് വലിയ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയാണ് ജനിക്കുന്നത്. എന്നാൽ ഞാൻ ജനിച്ചത് എന്റെ മരണത്തിനുവേണ്ടി മാത്രമായിരുന്നു. എന്റെ മരണത്താൽ ലോകത്തിന് ലഭിക്കുന്ന രക്ഷ.... അതുമാത്രമായിരുന്നു എന്റെ ലക്ഷ്യം.

സഖറിയ : നാഥാ, ഞാൻ പ്രവചിച്ചതെല്ലാം അങ്ങേക്ക് സഹിക്കേണ്ടി വന്നുവല്ലോ.

യേശു : മകനേ, ഞാൻ തന്നെയാണ് എന്റെ കുരിശുമരണത്തിന്റെ സമയവും അതിന്റെ സ്ഥലവും അതിന്റെ സൂത്രധാരകരേയും തീരുമാനിച്ചത്. ഞാനാണ് എന്റെ കുരിശുമരണത്തിന്റെ ഉത്തരവാദി. ആരും എന്നെ ക്രൂശിച്ചതല്ല. നിങ്ങൾ വിഷമിക്കേണ്ട.

പക്ഷേ, അവർ വീണ്ടും പാപത്തിൽ തുടരുന്നതോർത്താണ് എന്റെ വിഷമം. എന്റേതായി തെരഞ്ഞെടുക്കപ്പെട്ടവർ ഒരിക്കലും നഷ്ടപ്പെട്ടു പോകരുത്. അതു മാത്രമാണ് എന്റെ ആഗ്രഹം.

എന്റെ വിശ്വസ്തദാസരേ, മലകൾ നിരപ്പാക്കാൻ ഞാൻ നേരത്തേ അയച്ചവരേ, നിങ്ങൾ വിശ്വസ്തതയോടെ നിങ്ങളുടെ ദൗത്യം നിർവ്വഹിച്ചു. നിങ്ങളെ ഞാൻ അനുഗ്രഹിക്കുന്നു. സമാധാനത്താലെ വസിക്കുക.

സഖറിയ : സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. കർത്താവിന് മഹത്വം! കർത്താവിന് ആരാധന!

(യേശു കൈയുയർത്തി അനുഗ്രഹിക്കുന്നു. അവർ എല്ലാവരും കുമ്പിട്ടാരാധിക്കുന്നു)

www.malankaralibrary.com


(എസ്രായും നെഹമിയയും ഒന്നിച്ചു വന്നു കുമ്പിടുന്നു)

യേശു : തകർന്നുപോയ ജറുസലേം ദൈവാലയം പുതുക്കി പണിയുവാൻ ഞാൻ തെരഞ്ഞെടുത്തു നിയോഗിച്ച എന്റെ പ്രവാചകരും പുരോഹിതരുമായവരേ, നിങ്ങളെ ഞാനഭിനന്ദിക്കുന്നു. നിങ്ങളെ ഏല്പിച്ച ജോലി നിങ്ങൾ സ്തുത്യർഹമായി ചെയ്തു. അതിനു തക്ക തായ പ്രതിഫലം നിങ്ങൾക്കു ലഭിക്കും.

എസ്രാ : ഞങ്ങളുടെ നാഥനും കർത്താവുമായ ദൈവമേ, അങ്ങ യുടെ ഈ ദാസൻ ബലഹീനൻ. ബാബിലോണിൽനിന്ന് അങ്ങ് തിരിച്ചുകൊണ്ടുവന്ന സെറൂബാബേലിന്റെയും യഷുവായുടെയും നേതൃത്വത്തിൽ അങ്ങയുടെ ആലയം പുനരുദ്ധരിക്കുന്നതിന് അങ്ങ് അനുവദിച്ചുവ ല്ലോ. ബലി അർപ്പിക്കുവാൻ... അങ്ങയെ ആരാധിക്കു വാൻ.... അങ്ങയുടെ നാമത്തിൽ ഒരുമിച്ചു കൂടുവാനുള്ള ദേവാലയം, അങ്ങയുടെ ഇരിപ്പിടം, തകർന്നു പോയ തായിരുന്നു ബാബിലോൺ പ്രവാസത്തെക്കാൾ ഞങ്ങളെ വേദനിപ്പിച്ചത്.

യേശു : നിങ്ങളുടെ വേദന ഞാൻ മനസിലാക്കിയിരുന്നു മക നേ,

എസ്രാ : എന്നാൽ ഇന്ന് ഞങ്ങളുടെ മക്കളായിരിക്കുന്നവർ തന്നെ യഥാർത്ഥ ദേവാലയമായ അങ്ങയെ ശാരീരിക മായി തകർത്തു. ബലിപീഠമല്ല, ബലിപീഠത്തിൽ വസി ക്കുന്നവൻ ആണ് പ്രധാനപ്പെട്ടതെന്ന് അവർ മനസി ലാക്കിയില്ല. ജറുസലേം ദേവാലയം അങ്ങയുടെ ആലയം മാത്രമാണ്, അങ്ങ് മാത്രമാണ് യഥാർത്ഥ ദേവാ ലയം എന്ന് അവർ മനസിലാക്കിയില്ല. “ഈ ആലയം തകർക്കുക, മൂന്നു ദിവസം കൊണ്ട് ഞാനിതു പുനരു ദ്ധരിക്കും” എന്നു അങ്ങ് പറഞ്ഞിട്ടുപോലും അവർ മനസിലാക്കിയില്ല. അവരുടെ ഹൃദയം അന്ധകാര പൂർണ്ണമായിരുന്നു. “അങ്ങയുടെ ആലയത്തിൽ വസി ക്കുന്നവർ ഭാഗ്യവാന്മാർ,'' എന്ന് ദിവസേന സങ്കീർത്തനം ചൊല്ലിയിട്ടും യഥാർത്ഥ ദേവാലയത്തെ

www.malankaralibrary.com


അവർ മനസിലാക്കായില്ല. കർത്താവേ അവരുടെ സ്ഥാനത്ത് ഞങ്ങളായിരുന്നെങ്കിലും ആ സത്യം ഞങ്ങൾ മനസിലാക്കുമെന്ന് തോന്നുന്നില്ല. എന്റെ കർത്താവേ, ഞങ്ങളോടും ഞങ്ങളുടെ മക്കളോടും ഞങ്ങളുടെ അറിവില്ലായ്മയെ പ്രതി ക്ഷമിക്കേണമേ.

യേശു : നിങ്ങൾ വിഷമിക്കേണ്ട. ഞാൻ അല്ലയോ നിങ്ങളുടെ കണ്ണുകൾ അന്ധമാക്കിയത്. നിങ്ങളുടെ കണ്ണുകൾക്ക് ആ സത്യം മൂടപ്പെട്ടിരുന്നു. നിങ്ങൾ അറിയരുതെന്ന് എനിക്ക് നിർബന്ധം ഉണ്ടായിരുന്നു. അതുകൊണ്ടാണല്ലോ, കേസറിയ ഫിലിപ്പിയിൽ വച്ച് "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന്" പത്രോസ് പറഞ്ഞപ്പോൾ ആരോടും പറയരുതെന്ന് ഞാൻ പത്രോസിനെ വിലക്കിയത്; അതുപോലെ പിശാചുക്കൾ എന്നെ തിരിച്ചറിഞ്ഞപ്പോൾ "മിണ്ടരുതെന്ന്" ഞാനവരെ വിലക്കി. ഞങ്ങളുടേത് ലോക രക്ഷയ്ക്കുവേണ്ടിയുള്ള പദ്ധതിയാണ്. യഹൂദർക്കുവേണ്ടി മാത്രമുള്ളതല്ല. അതുകൊണ്ടാണല്ലോ ഞാൻ ദേവാലയത്തിന്റെ മറ കീറി, സകലജനത്തിനും-വിജാതീയനും, സ്വജാതീയനും, അതിലേക്കു പ്രവേശിക്കുവാൻ തുറന്നു കൊടുത്തത്. അവിടെ ചുങ്കക്കാരനെന്നോ വ്യഭിചാരിയെന്നോ പുറജാതിയെന്നോ യഹൂദനെന്നോ വ്യത്യാസം ഇല്ല. "എന്റെ ആലയം മോഷ്ടാക്കളുടെ ഗുഹയല്ല", എന്റെ സ്വരം തിരിച്ചറിഞ്ഞ് പ്രവേശിക്കുന്നവർക്ക് മാത്രമുള്ളതാണ്.

എസ്രാ : കർത്താവേ, തകർന്നു കിടന്ന ജറുസലേം ദേവാലയത്തിന്റെ പുനരുദ്ധാരണം ഒരു യോഗ്യതയുമില്ലാത്ത ഞാനും എന്റെ കൂട്ടാളികളും ചേർന്ന് നിർവ്വഹിച്ചു. ഒന്നും മനസിലാക്കാതെ ആണെങ്കിലും അതിൽ പങ്കാളി ആകുവാൻ അങ്ങ് തന്ന കൃപയ്ക്കു നന്ദി.

www.malankaralibrary.com



(നെഹമിയ വന്ദിക്കുന്നു, കുമ്പിടുന്നു)

നെഹമിയ : കർത്താവേ അങ്ങയുടെ ദേവാലയം ഭദ്രമാക്കാൻ വേണ്ടി മതിൽ പണിയാൻ യോഗ്യത ഇല്ലാത്ത അടിയനേയും അങ്ങ് ചുമതലപ്പെടുത്തിയതിനാൽ നന്ദി അർപ്പിക്കുന്നു. എന്നാൽ അങ്ങയുടെ മക്കളായ സമരിയാക്കാരെ ചേർത്തു നിർത്താൻ അടിയനു കഴിഞ്ഞില്ല. അവരും യഥാർത്ഥ യഹൂദർ ആയിരുന്നുവെന്ന് ഞാൻ മറന്നു. ദേവാലയവും പുരോഹിതന്മാരും ഒന്നും ഇല്ലാത്ത അവസ്ഥയിലാണല്ലോ അവർ വിജാതീയരുമായി ബന്ധത്തിലായിപ്പോയത് എന്ന കാര്യം ഞാൻ പരിഗണിച്ചില്ല. അവർ സ്നേഹത്തോടെ അടുത്തുവന്നെങ്കിലും അങ്ങ് അവരെ സ്നേഹിച്ചതുപോലെ ഞങ്ങൾക്ക് അവരെ സ്നേഹിക്കാൻ കഴിഞ്ഞില്ല. അങ്ങ് ആ സമരിയാക്കാരെ രക്ഷിക്കാൻ വന്നു. ഞങ്ങളോ അവരെ അകറ്റി നിർത്തി. ഇന്ന് ഇതൊക്കെ ചിന്തിക്കുമ്പോൾ ലജ്ജ തോന്നുന്നു.

യേശു : അവരും എന്റെ മക്കളാണ്. അവരേയും തേടിയാണ് ഞാൻ അവിടെ പോയത്. അവർ തിരസ്ക്കരിക്കപ്പെട്ടതുകൊണ്ട് അവരുടെ സിക്കാർ പട്ടണത്തിൽ ഞാൻ പോയി. അവർ സത്യത്തിൽ ഇടയൻ ഇല്ലാത്ത ആടുകളേപോലെ ആയിരുന്നു. അവർ നിരപരാധികൾ ആയിരുന്നു. അവർക്ക് മലമുകളിൽ കർത്താവിനെ ആരാധിക്കേണ്ടി വന്നു. നഷ്ടപ്പെട്ടു പോയെന്നു കരുതിയ ആ ജനത്തേയും എന്നിലേക്ക് സ്വീകരിക്കാനാണ് ഞാൻ വന്നത്.

നെഹമിയ : കർത്താവേ, അവരെ പൂർണ്ണമായി അകറ്റി നിർത്തുന്നതിൽ ഞാനും മുഖ്യ പങ്കുവഹിച്ചുവല്ലോ. ഇതെല്ലാം അങ്ങയുടെ കുരിശുമരണത്തിനു കാരണമായി. കർത്താവേ അങ്ങയെ കുരിശിൽ തറച്ചവരിൽ ഞാനും എന്റെ കൂട്ടാളികളും പങ്കുകാരായി. മാപ്പർഹിക്കാത്ത പ്രവൃത്തിയാണ് ഞങ്ങൾ ചെയ്തത്. നാഥാ, ഞങ്ങളോട് ക്ഷമിക്കേണമേ.

www.malankaralibrary.com


യേശു : നെഹമിയ, എന്റെ കുരിശുമരണത്തിന് ഉത്തരവാദികളായ എല്ലാവരോടും ഞാൻ ക്ഷമിച്ചു കഴിഞ്ഞു. അവർ പശ്ചാത്തപിച്ചാൽ എന്റെ കൃപ അവർക്കു ലഭിക്കും.

നെഹമിയ : കർത്താവേ, അങ്ങയുടെ കൃപ ഞങ്ങൾക്കും തരേണമേ. ഞങ്ങളുടെ മേൽ കനിയണമേ.

(എല്ലാരും ഒന്നുചേർന്നു കുമ്പിടുന്നു, ആരാധിക്കുന്നു)

യേശുവേ മഹത്വം! മഹത്വം!

പരിശുദ്ധനായവനേ നന്ദി.

(യൂദിത്ത് തല മുഴുവൻ മൂടിക്കൊണ്ട് വന്ന് യേശുവിനെ കുമ്പിടുന്നു)

യേശു : ദൈവവിശ്വാസവും പ്രാർത്ഥനാശക്തിയും കൈമുതലായിരുന്ന ധീരയായ യൂദിത്ത്, നിന്റെ ദൈവാശ്രയബോധത്തെ ഞാൻ അഭിനന്ദിക്കുന്നു. എന്റെ പരിശുദ്ധാത്മാവാണ് നിന്നെ നയിച്ചതും ബലപ്പെടുത്തിയതും.

യൂദിത്ത് : നാഥാ, എന്റെ കർത്താവേ, അങ്ങയുടെ ആത്മാവ് എന്റെ മേൽ ഉണ്ടായിരുന്നുവെന്ന് ഈ ബലഹീന അറിയുന്നു. ദൈവമേ അങ്ങേയ്ക്കെന്താണ് അസാദ്ധ്യം? ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. നിസഹായരായ എന്റെ ജനത്തെ ഞാൻ മൂലം രക്ഷിക്കണമെന്ന് അങ്ങ് തീരുമാനിച്ചിരുന്നു. അങ്ങെന്നിൽ പ്രവർത്തിച്ചു. നെബുക്കെദനേസറിന്റെ സർവ്വസൈന്യാധിപനായ ഹോളോഫർണസിന്റെ തല എന്റെ കയ്യിൽ തരുവാൻ അബലയായ ഞാൻ ആര്? എന്റെ പരിശുദ്ധനായ തമ്പുരാനേ, ഈ എളിയ ദാസിയെ അനുഗ്രഹിക്കണമേ.

യേശു : മകളെ ധീരയായിരിക്കുക. എന്റെ ദൈവരാജ്യം കെട്ടിപ്പടുക്കുന്നതിൽ എല്ലാവർക്കും പങ്കുണ്ടല്ലോ. നിന്റെ ദൗത്യം വിശ്വസ്തയായി നീ നിർവ്വഹിച്ചു. അതിൽ നിന്റെ ജനം മുഴുവൻ അഭിമാനിക്കുന്നു.

യൂദിത്ത് : നാഥാ, രക്തപങ്കിലമായ ഈ കൈകളെ അങ്ങയുടെ

www.malankaralibrary.com


തിരുരക്തം കൊണ്ട് കഴുകി വിശുദ്ധീകരിക്കേണമേ. ഒരു പാപക്കറ പോലും എന്നിൽ അവശേഷിപ്പിക്കരുതേ. നിത്യമായി അങ്ങയോടൊപ്പം വസിക്കാൻ എനിക്കും കൃപ തരേണമേ.

യേശു : മകളേ, ധൈര്യമായിരിക്കുക. നീ എന്റേതാണ്. നിന്റെ പ്രാർത്ഥനയോടും വിശ്വാസത്തോടും കൂടിയ പുണ്യ ജീവിതം നിനക്ക് കോട്ടയായിരിക്കും.

യൂദിത്ത് : നാഥാ, നിന്റെ അമ്മയുടെ പുണ്യങ്ങളിൽ ഞാൻ ശരണപ്പെടുന്നു. തിന്മ നിറഞ്ഞ ലോകത്തെ രക്ഷിക്കാൻ മതിയായവയാണല്ലോ ആ പുണ്യപൂർണ്ണത. ഞങ്ങൾക്ക് എന്നും മാതൃക ആ അമ്മയാണ്. അങ്ങയുടെ പരി. അമ്മ നിർഭാഗ്യരുടെ സങ്കേതമാകുന്നു. അനാഥരുടെ അമ്മയാകുന്നു. ആ അമ്മ 'സ്വർഗ്ഗത്തിന്റെ പ്രവേശന കവാടമാണ്.' സഹനങ്ങളിൽ ദൈവഹിതത്തിന് പൂർണ്ണമായി വിധേയപ്പെട്ടവൾ. ആ അമ്മയുടെ പുണ്യസഹനത്തിന്റെ യോഗ്യതയാൽ ഞങ്ങളെല്ലാവരേയും രക്ഷിക്കേണമേ. ദൈവകൃപ ലഭിക്കാത്ത എന്റെ ജനത്തിന്റെ പാപം ഓർക്കരുതേ. അങ്ങയോടു ഞാൻ അപേക്ഷിക്കുന്നു. അങ്ങയോടു ക്രൂരത കാട്ടിയ എന്റെ ജനത്തോട് ക്ഷമിക്കേണമേ. അവരെ കൈവിടരുതേ. അവരുടെ അകൃത്യം ഓർക്കരുതേ. അന്ന് എന്റെ ജനത്തിനു വേണ്ടി ഞാൻ യാചിച്ചതുപോലെ ഇന്നും ഞാൻ അങ്ങയോട് യാചിക്കുന്നു. അവരെ രക്ഷിക്കണമേ.

യേശു : യൂദിത്ത്, എന്റെ മകളേ, നിന്റെ ആ പ്രാർത്ഥന ഇന്നും എന്റെ പിതാവിന്റെ സന്നിധിയിൽ ഉണ്ട്. നിന്റെ അപേക്ഷ ഞാൻ തള്ളിക്കളയുകയില്ല. അവർ അവരുടെ അധർമ്മത്തിൽ നിന്ന് പിൻതിരിയുന്നതിന് നീ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. നിങ്ങളുടെ പ്രാർത്ഥനയ്ക്കു മാത്രമേ അവരെ രക്ഷിക്കാൻ കഴിയൂ. നിങ്ങൾ സ്വർഗ്ഗവാസികൾ എല്ലാവരും അവർക്കുവേണ്ടി പ്രാർത്ഥിക്കുക. എന്റെ പിതാവിന്റെ അനുഗ്രഹം നിങ്ങളോടുകൂടിയുണ്ട്.

www.malankaralibrary.com


യൂദിത്ത് : നാഥാ, കർത്താവേ, നന്ദി, നന്ദി.

(അങ്ങേയ്ക്കു മഹത്വം ആരാധന)

(യൂദിത്ത് കുമ്പിടുന്നു, വണങ്ങുന്നു)

(എസ്തേർ വേഷവിഭൂഷിതയായി വന്ന് കുമ്പിട്ട് വണങ്ങുന്നു.)

എസ്തേർ : സർവ്വലോകത്തിന്റേയും കർത്താവും രാജാധിരാജനുമായ എന്റെ പൊന്നുതമ്പുരാനേ മഹത്വം! മഹത്വം!

യേശു : എന്റെ ജനത്തെ രക്ഷിക്കാൻ തെരഞ്ഞെടുക്കപ്പെട്ട മകളേ ആനന്ദത്തോടെ വസിക്കുക.

എസ്തേർ : എന്റെ നാഥാ, യൂദാവംശത്തിലെ ഏറ്റം എളിയ ഗോത്രമായ ബഞ്ചമിൻ ഗോത്രത്തിലെ ഒരു സാധുകുടുംബത്തിൽ അനാഥയായി ജീവിച്ച അശക്തയായ ഈ എളിയ ദാസിയിലൂടെ അങ്ങ് പ്രവർത്തിച്ച വൻകാര്യം ഓർക്കാൻ പോലും ഇന്ന് എനിക്ക് ശക്തിയില്ല. എന്നിലൂടെ എല്ലാം പ്രവർത്തിച്ച എന്റെ ദൈവമേ, അങ്ങ് സ്തുതിക്ക് യോഗ്യനാകുന്നു.

യേശു : എന്റെ മകളേ നിനക്കുവേണ്ടിയെല്ലാം പ്രവർത്തിച്ച് നിന്നെ അഹസ്വേരൂസ് രാജാവിന്റെ കൊട്ടാരത്തിൽ എത്തിച്ചതു ഞാനാണ്. ഞാൻ അറിയാതെ ഒന്നും നിന്റെ ജീവിതത്തിൽ നടന്നിട്ടില്ല. എന്റെ ജനത്തെ അവരുടെ അത്യാവശ്യ സന്ദർഭങ്ങളിൽ രക്ഷിക്കാൻ ഞാൻ തിരഞ്ഞെടുത്ത വഴികളിൽ നിന്നേയും പങ്കാളിയാക്കി.

എസ്തേർ : എന്റെ കർത്താവേ, ഒരു ധൈര്യവും ഇല്ലാതിരുന്ന എന്നിലൂടെ അങ്ങ് ആ വൻകാര്യം സാധ്യമാക്കിയല്ലോ.

യേശു : മകളേ, പരിശുദ്ധാത്മാവിന്റെ ശക്തി നിന്നിലൂടെ പ്രവർത്തിച്ചു. നിങ്ങളുടെ ജനത്തിന്റെ ഉപവാസവും പ്രാർത്ഥനയും നിന്നെ ശക്തയാക്കി. പ്രാർത്ഥനയാലും ഉപവാസത്താലും നടക്കാത്ത എന്തു കാര്യമാണുള്ളത്? പിശാചുക്കൾ പോലും പുറത്ത് പോകുന്നു.

എസ്തേർ : അതേ, നാഥാ, അഹസ്വേരൂസ് രാജാവിനെ കാണാൻ പോലും എനിക്കു ഭയമായിരുന്നു. ആ എന്നെക്കൊണ്ട്

www.malankaralibrary.com


അങ്ങയുടെ പദ്ധതി നടപ്പിലാക്കി. ഞാനൊരു ഉപകരണം മാത്രമായിരുന്നു. കർത്താവേ, അങ്ങയെ ആരാധിക്കുന്നു. അങ്ങയുടെ നാമം മഹത്വപ്പെടട്ടെ. ബാബിലോണിൽ നിന്നും അവരെ വിമോചിപ്പിച്ച കർത്താവേ, അവരെ രക്ഷിക്കാൻ ഭൂമിയിൽ അവതരിച്ച, അവർ കാത്തിരുന്ന ക്രിസ്തുവാണ് അങ്ങ് എന്ന് അവർ മനസിലാക്കിയില്ല. അവരുടെ അവസ്ഥയോർത്ത് അങ്ങയോട് ഞാൻ മാപ്പു ചോദിക്കുന്നു. എന്റെ ജനത്തോട് കരുണയായിരിക്കണമേയെന്ന് അഹസ്വേരൂസ് രാജാവിനോട് കേണപേക്ഷിച്ച ഈ ദാസി ഇന്ന് രാജാധിരാജനായ അങ്ങയുടെ രാജത്വത്തിൻ മുമ്പാകെ എന്റെ ജനത്തിനു വേണ്ടി അപേക്ഷിക്കുന്നു. നാഥാ, എന്റെ അപേക്ഷ കേൾക്കേണമേ. അവരോട് ക്ഷമിക്കേണമേ.

യേശു : എന്റെ മകളേ, നിന്റെ പ്രാർത്ഥന എന്റെ പിതാവിന്റെ സന്നിധിയിൽ ഉണ്ട്. അവർ എന്റേയും മക്കളാണല്ലോ. തിന്മയ്ക്കെതിരേ പോരാടിയ നിന്നെ ഞാൻ അനുഗ്രഹിക്കുന്നു.

എസ്തേർ : നാഥാ, നന്ദി, സ്തോത്രം, ആരാധന! (കുമ്പിടുന്നു, വന്ദിക്കുന്നു)

(കൈ കൂപ്പി വണങ്ങി നമ്രശിരസ്ക്കനായി അലക്സാണ്ടർ ചക്രവർത്തി കടന്നുവന്ന് കുമ്പിടുന്നു)

അലക്സാണ്ടർ : എന്റെ രാജാധിരാജനായ ചക്രവർത്തിയേ, അങ്ങേ ആരാധിക്കുന്നു, നമസ്കരിക്കുന്നു, സ്തുതിക്കുന്നു.

കർത്താവേ, ഈ വിശുദ്ധരുടെ ഇടയിൽ എനിക്ക് യോഗ്യതയില്ലെന്ന് അറിയാം. ഭൂമിയിലെ പ്രതാപം, വിജയം, രാജത്വം എന്നിവയൊക്കെ ഒന്നുമല്ലെന്ന് ഏറ്റവും അവസാനമാണ് ഞാൻ മനസിലാക്കിയത്. ഞാൻ ലോകം മുഴുവനും പിടിച്ചടക്കി നടന്നു. സകലതും എന്റേതാണെന്ന് അഹങ്കരിച്ചു. എല്ലാം മായയെന്ന് അവസാനം മനസിലാക്കി, ശൂന്യമായ കൈകളുമായി ഞാൻ പോന്നു. എന്റെ കൈകൾ തുറന്നു മലർത്തി

www.malankaralibrary.com


ശവമഞ്ചത്തിന്റെ പുറത്തേക്കിടാൻ ഞാൻ ആവശ്യപ്പെട്ടിരുന്നു. മറ്റുള്ളവർ മനസിലാക്കിക്കൊള്ളട്ടെ എന്നു ചിന്തിച്ചിട്ടാണങ്ങനെ ചെയ്തത്. ഞാൻ പാടി:

ഗാനം : നഗ്നനായി ഞാൻ ലോകത്തിൽ വന്നു
നഗ്നനായിത്തന്നെ പോകുന്നേ
ലോകത്തിലെനിക്കില്ല യാതൊന്നും
എന്റെ കൂടൊന്നു പോരുവാൻ

യേശു : ഈ സംഭവം ലോകം മുഴുവൻ അറിയാവുന്ന കാര്യമാണ്. എല്ലാവരും ഇത് എടുത്തുപറഞ്ഞ് പ്രസംഗിക്കുന്നുണ്ട്. എന്നാൽ ആരും അത് മനസിലാക്കി ജീവിക്കുന്നില്ല. അതാണ് എന്നെ വേദനിപ്പിക്കുന്നത്. ലോകരാഷ്ട്രങ്ങളുടെ തലവന്മാർ മുതൽ സാധാരണ കുടുംബാംഗങ്ങൾ വരെ ഈ സത്യം മനസിലാക്കുന്നില്ല. പ്രതാപവും പ്രശസ്തിയും അധികാരവും സമ്പത്തും കയ്യടക്കി വയ്ക്കാനാണ് എല്ലാവരും ശ്രമിക്കുന്നത്. സ്വർഗ്ഗരാജ്യത്തേക്ക് എത്താനുള്ള സ്വന്തം ആത്മാവിനെപ്പറ്റി മാത്രം ഒരു ചിന്തയുമില്ല. അങ്ങനെ ഒരു കാര്യം ഉണ്ടോ എന്നുപോലും ആരും ചിന്തിക്കുന്നില്ല.

അലക്സാണ്ടർ : എന്റെ കർത്താവും രാജാവുമേ, എന്റെ അഹങ്കാരം കലർന്ന, ധാർഷ്ഠ്യ മനോഭാവത്തെ ഓർത്തു ഖേദിക്കുന്നു. അടിയനോട് ക്ഷമിക്കേണമേ.

(മത്താത്തിയാസും യൂദാ-മക്കബായൻ ഉൾപ്പെടെ അഞ്ചു പുത്രന്മാരും യേശുവിന്റെ മുമ്പിൽ വന്ന് കുമ്പിട്ട് ആരാധിച്ച് വണങ്ങുന്നു.)

യേശു : മത്താത്തിയാസ്, ഇസ്രായേലിന്റെ വീരപുരുഷാ, നിന്റെ പുത്രന്മാരോടൊപ്പം നീ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. തിന്മയുടെ വേരായിരുന്ന ആ അന്തിയോക്കസ് എപ്പിഫാനസിന്റെ കുതന്ത്രങ്ങളിൽ നിന്നും ദൈവദൂഷണങ്ങളിൽ നിന്നും നിന്റെ രാജ്യത്തെ രക്ഷിക്കാൻ ഞാൻ തിരഞ്ഞെടുത്ത എന്റെ പ്രിയമക്കളാണ് നിങ്ങൾ. സൈന്യങ്ങളുടെ കർത്താവിനെ അവഹേളിക്കുന്നതിനെതിരേയുള്ള തീഷ്ണതയാൽ നിന്റെ ഹൃദയം

www.malankaralibrary.com


ജ്വലിച്ചത് ഞാൻ കണ്ടിരുന്നു. നിന്റെ അടുത്തു ഞാനുണ്ടായിരുന്നു. പരിശുദ്ധാത്മാവ് നിറഞ്ഞവനായി നീ ധീരതയോടെ പെരുമാറി. നിങ്ങളുടെ കർത്താവിനോടുള്ള നിങ്ങളുടെ വിശ്വാസ തീഷ്ണത നിന്റെ ജനത്തെ രക്ഷിച്ചു. അന്തിക്രിസ്തു എന്ന് ഇന്ന് ലോകം അറിയുന്ന ആ അന്തിയോക്കസ് എപ്പിഫാനസിനോട് പോരാടാൻ തിരഞ്ഞെടുക്കപ്പെട്ടവരാണ് യൂദാ മക്കബായനും സഹോദരങ്ങളും.

യൂദാ മക്കബായൻ : എന്റെ കർത്താവേ, അങ്ങയുടെ ദൈവാലയം ശുദ്ധീകരിക്കുവാൻ ഈ ദാസനെ നിയോഗിച്ച ദൈവമേ, അതു വിശ്വസ്തതയോടെ നിർവ്വഹിക്കുവാൻ എന്നെ പ്രാപ്തനാക്കിയ കർത്താവേ അങ്ങേയ്ക്ക് മഹത്വം! ഞങ്ങൾ സാധാരണക്കാരായ യഹൂദർ. അങ്ങയുടെ ആത്മാവിന്റെ ശക്തിയാൽ ഞങ്ങളുടെ ദേവാലയത്തേയും ജനത്തേയും അശുദ്ധമാക്കാതെ രക്ഷിക്കുവാനുള്ള കൃപ നൽകിയതിന് നന്ദി കർത്താവേ, അങ്ങയുടെ ആലയം കച്ചവടസ്ഥലമാക്കിയ പുരോഹിത പ്രമാണിമാരോട് അങ്ങേയ്ക്കുണ്ടായ രോഷം ഞങ്ങൾ മനസിലാക്കിയിരുന്നു. കർത്താവേ, അതെല്ലാം പരമപരിശുദ്ധനായ അങ്ങ് അങ്ങയുടെ ജനത്തെ പാപത്തിൽ നിന്ന് രക്ഷിക്കുന്നതിനും അങ്ങാകുന്ന ആലയത്തിലൂടെ രക്ഷ പ്രദാനം ചെയ്യുന്നതിനും ആയിരുന്നുവെന്ന് ഇപ്പോഴാണ് മനസിലായത്. ആ രക്ഷാകര കർമ്മത്തിൽ ഈ എളിയ ദാസരേയും പങ്കാളികളാക്കിയ ദൈവമേ അങ്ങ് വാഴ്ത്തപ്പെട്ടവനാകുന്നു.

യേശു : മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ മാതൃക കാണിച്ചുകൊടുത്ത യൂദാ, നിന്റെ ആ പ്രവൃത്തിയാണ് ഞാൻ അവരെ പഠിപ്പിച്ചിട്ടുള്ളതിനോടൊപ്പം ഇന്നും അവർക്കുള്ള ബലം. ഞങ്ങളുടെ പിതാക്കന്മാർ മുമ്പും ഇങ്ങനെ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടെന്ന് അവർ നിങ്ങളെ നോക്കി ബലപ്പെടുന്നു. ഭൂമിയിൽ മനുഷ്യമക്കൾ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടത്

www.malankaralibrary.com


വളരെ അത്യാവശ്യമുള്ള കാര്യമാണ്. നീയാണ് അതിന് തുടക്കം കുറിച്ചത്. യൂദാ നിന്നെ ഞാൻ അനുഗ്രഹിക്കുന്നു.

യൂദാ മക്കബായൻ : കർത്താവേ അങ്ങേയ്ക്കു നന്ദി. അങ്ങയുടെ ഭൂമിയിലെ ആലയത്തെ സംരക്ഷിക്കണമെന്നുള്ള വ്യഗ്രതയാൽ എന്തെല്ലാമോ ചെയ്തുപോയി. ഞങ്ങളുടെ അപരാധങ്ങൾ ഒന്നും അങ്ങ് കണക്കാക്കരുതേ. അങ്ങേയ്ക്കെതിരായി ഞങ്ങളിൽ നിന്നു വന്നുപോയ തെറ്റുകൾ ക്ഷമിക്കേണമേ. ഞങ്ങൾ അങ്ങയിൽ ശരണപ്പെടുന്നു, വിശ്വസിക്കുന്നു. വിശ്വസിച്ചാൽ നിത്യജീവൻ ലഭിക്കുമെന്ന് അങ്ങ് വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവമേ ഞങ്ങളേയും ഞങ്ങളുടെ ജനത്തേയും വാഴ്ത്തേണമേ. ഞങ്ങളെ അനുഗ്രഹിക്കണമേ.

(മത്താത്തിയാസും മക്കളും കർത്താവിനെ കുമ്പിട്ടാരാധിക്കുന്നു)

മഹത്വം! മഹത്വം! ആരാധന!

## രംഗം 9

(ജോബ് താഴ്മയോടെ വന്ന് കുമ്പിടുന്നു)

ജോബ് : എന്റെ നാഥനും പിതാവും കർത്താവുമായ ദൈവമേ, അങ്ങയെ ആരാധിക്കുന്നു.

യേശു : എന്റെ വിശ്വസ്ത ദാസനായ ജോബ്, നിന്നെപ്പോലെ വിശ്വസ്തൻ ആരുണ്ട്. കൊടും ദുരിതത്തിൽ പോലും എന്നെ ഉപേക്ഷിക്കാത്ത എന്റെ വിശ്വസ്ത സ്നേഹിതൻ! ആരെല്ലാം പ്രലോഭിപ്പിച്ചിട്ടും എന്നെ ഉപേക്ഷിക്കാത്ത എന്റെ വിശ്വസ്തൻ. അന്ന് പിശാച് നിന്നെ ഉപദ്രവിക്കാനുള്ള അനുവാദം വാങ്ങിക്കാൻ ഇവിടെ വന്നിരുന്നു. എനിക്ക് നിന്നിൽ പൂർണ്ണവിശ്വാസമുള്ളതുകൊണ്ടാണ് പിശാചിനെ എന്റെ ദാസനായ നിന്റെടുക്കലേക്ക് വരാൻ ഞാൻ അനുവദിച്ചത്.

www.malankaralibrary.com


ജോബ് : എന്റെ കർത്താവേ, എന്നിൽ നിന്നും വന്ന തെറ്റായ വാക്കുകൾ ക്ഷമിക്കേണമേ. നല്ലവരായ എന്റെ സ്നേഹിതരേയും അനുഗ്രഹിക്കണമേ.

(ജോബ് ആരാധിച്ചുകൊണ്ട് മടങ്ങുന്നു)

(പിശാച് തലയിൽ തുണിയിട്ട്, നാണംകെട്ട് വിളറി, മഞ്ഞളിച്ച് പ്രത്യക്ഷപ്പെടുന്നു)

പിതാവ് : നീ വീണ്ടും ഇവിടെ വന്നോ? ഇവിടെ ഇനിയും നിനക്കെന്തു കാര്യം. എന്റെ പുത്രൻ നിന്റെ തല തകർക്കാനാണ് വന്നത്. അതിൽ എന്റെ മകൻ യേശു വിജയിച്ചു. ഇനിയും നിനക്കിവിടെ കാര്യമില്ല. ഒരിക്കൽ നീ ഇവിടെ വന്ന് ആവശ്യപ്പെട്ടപ്പോൾ എന്റെ ജോബിന്റെ അടുത്ത് നിന്നെ ഞാനയച്ചു. ഇനിയും നിനക്കിവിടെ സ്ഥാനമില്ല. ഇതു വിശുദ്ധരുടെ മാത്രം സ്ഥലമാണ്. നിന്നെ കീഴടക്കി വന്ന എന്റെ പുത്രനാണ് ഇനി സ്വർഗ്ഗം ഭരിക്കുന്നത്. നിനക്ക് തല താഴ്ത്തി ലജ്ജിച്ചു മടങ്ങാം.

ഉപവാസവും പ്രാർത്ഥനയും നടത്തി എന്റെ പുത്രന്റെ തിരുശരീരരക്തത്തിന്റെ സംരക്ഷണം നേടുന്ന എന്റെ മക്കളുടെ അടുത്തേക്ക് നീയിനി ഒരിക്കലും വരരുത്. ഉം.... പോകൂ അശുദ്ധാരൂപിയേ.

(പിശാച് ഓടി മറയുന്നു)

(സ്വർഗ്ഗത്തിന്റെ ശോഭ ഒന്നുകൂടി വർദ്ധിക്കുന്നു. മാലാഖമാർ സകല വിശുദ്ധരുമൊന്നിച്ച് ഹാലേലൂയ്യ കീർത്തനം നിർത്താതെ ആലപിക്കുന്നു.)

പിതാവായ ദൈവം : എന്റെ വാത്സല്യഭാജനമേ! ഇന്ന് സ്വർഗ്ഗത്തിന്റെ ആനന്ദം പൂർണ്ണമായി. സ്വർഗ്ഗവാസികൾ നിന്റെ വരവിനായി കാത്തിരിക്കുകയായിരുന്നു. ഞാൻ നിന്നിലേൽപ്പിച്ച ദൗത്യം മഹത്വപൂർണ്ണമായി നിർവ്വഹിച്ചു വിജയശ്രീലാളിതനായി വന്ന മകനേ, സ്വർഗ്ഗത്തിന്റേയും ഭൂമിയുടെയും സകല അധികാരവും നിന്നെ ഞാനേല്പിക്കുന്നു. വിധിക്കാനുള്ള അധികാരവും നിന്റേതാണ്.

www.malankaralibrary.com


എന്റെ മകനേ, നിന്നെ മുഴുവനായി വിശുദ്ധ കുർബാനയിലൂടെ ലോകത്തിന് നൽകിയതിനാൽ നിന്റെ ശിഷ്യന്മാർക്കും നിന്റെ സാന്നിദ്ധ്യം അനുഭവിക്കാമല്ലോ. എപ്പോൾ വേണമെങ്കിലും അവർക്ക് നിന്നെ കാണാം. ഇന്ന് അവർ സംതൃപ്തരാണ്. വി. കുർബാനയിലൂടെ നീ അവരോടു കൂടെയുണ്ട്. വി.കുർബാന വഴി എന്റെ മകൻ അവരുടെയുള്ളിൽ വസിക്കുന്നു. ഇമ്മാനുവേൽ.... നിന്റെ ആ പ്രവൃത്തിയെ ഞാൻ ഏറ്റം അഭിനന്ദിക്കുന്നു.

യേശു : എന്റെ അപ്പാ, എന്റെ പിതാവേ, വി. കുർബാന സ്ഥാപിച്ച സമയം ആയിരുന്നു എന്റെ കുരിശുമരണത്തേക്കാൾ വേദനാജനകം. രക്തം ചിന്താതെയുള്ള, കുരിശുമരണമാണ് ഞാൻ ആ വ്യാഴാഴ്ച സഹിച്ചത്. എന്റെ ശരീരവും രക്തവും അപ്പത്തിന്റേയും വീഞ്ഞിന്റേയും രൂപത്തിൽ ഞാനവർക്കു നൽകി. യഥാർത്ഥത്തിൽ ആ മുറിച്ചു നൽകൽ നടന്നത് പരിശുദ്ധാത്മാവിന്റെ ആവാസത്താലാണ്. പരിശുദ്ധാത്മാവ് എന്റെ ജനനത്തിന് സഹായിച്ചതുപോലെ വി. കുർബാന സ്ഥാപനത്തിലും എന്നെ സഹായിച്ചു. എന്റെ പിതാവേ, പരിശുദ്ധാത്മാവിനെ അയച്ച അങ്ങേയ്ക്കു നന്ദി. ഞാൻ ചോദിക്കാതെ എന്റെ കാര്യങ്ങളെല്ലാം അവിടുന്നു ക്രമീകരിക്കുകയായിരുന്നു. അങ്ങയെക്കൂടാതെ ഇതൊന്നും സാദ്ധ്യമല്ലായിരുന്നു. ആ സമയം അങ്ങയുടെ സാന്നിദ്ധ്യം ഞാൻ അനുഭവിച്ചു. അതുകൊണ്ടാണ് അവർ ആ സമയം "പിതാവായ ദൈവം നമ്മോടുകൂടെ, പുത്രനായ ദൈവം നമ്മോടുകൂടെ, പരിശുദ്ധാത്മാവായ ദൈവം നമ്മോടു കൂടെ" എന്ന് മനമുരുകി പ്രാർത്ഥിക്കുന്നത്.

ആ നിമിഷം അവരും നമ്മിൽ ഒന്നായിത്തീരുന്നു. എന്റെ പിതാവേ എത്ര മഹനീയമായ സന്ദർഭമാണത്. എന്നെക്കൊണ്ട് അപ്രകാരം ചെയ്യിച്ച ദൈവമേ നന്ദി.

പിതാവ് : എന്റെ മകനേ, നീ എന്റേതാണല്ലോ. ഞാൻ നിന്റേതും. നീ എന്നിലും ഞാൻ നിന്നിലുമാണല്ലോ. നിന്നെക്കാ

www.malankaralibrary.com


ണുന്നവൻ എന്നെ കാണുന്നു. നമ്മിൽ നിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവും കൂടെ ചേർന്ന് നമ്മൾ പൂർണ്ണരാവുന്നു. പിതൃപുത്ര-പരിശുദ്ധാത്മ-ത്രിയേക ദൈവമാകുന്നു. അതാണല്ലോ നമുക്കു മാത്രം മനസിലാകുന്ന, നമ്മുടെ ദിവ്യരഹസ്യം.

യേശു : അതെ അപ്പാ, അങ്ങേയ്ക്ക് എല്ലാത്തിനും നന്ദി. നമ്മുടെ ത്രിത്വരഹസ്യം നമുക്കുമാത്രം മനസിലാകുന്നത്,

പിതാവ് : നിന്റെ പുത്രസ്ഥാനം മഹത്വപ്പെടുത്തുവാൻ മുപ്പത്തിമൂന്നു വർഷം മുമ്പ് നീ ഭൂമിയിലേക്ക് പോയ അന്നു മുതൽ ഈ മഹാദിവസത്തിനായി കാത്തിരിക്കുക ആയിരുന്നു ഞങ്ങളെല്ലാവരും. ഒന്നായിരിക്കുന്ന, ത്രിത്വമായിരിക്കുന്ന നമ്മളിലുള്ള സഹായകനായ പരിശുദ്ധാത്മാവ് എല്ലാം ക്രമീകരിച്ചു.

യേശു : അപ്പാ ഞാൻ ഒരു കാര്യം വളരെയധികം ആഗ്രഹിക്കുന്നു. എന്റെ അമ്മയേയും ഇവിടെ വേഗം കൂട്ടിക്കൊണ്ടു വരണം. എന്റെ ജനനം അറിഞ്ഞ നിമിഷം മുതൽ മരണം വരെ അമ്മയ്ക്ക് സഹനം മാത്രമായിരുന്നു. ഇത്രത്തോളം സഹിച്ച ഒരു അമ്മ ഭൂമിയിൽ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുകയും ഇല്ല.

അമ്മയുടെ പുണ്യങ്ങളെല്ലാം എന്റെ പിതാവിനറിയാമല്ലോ. അമ്മയുടെ നിശബ്ദ സഹനം അപാരം. വളരെയധികം അത്ഭുതങ്ങൾ ചെയ്തിട്ടുള്ള എനിക്കു പോലും ഇത് വലിയ അത്ഭുതമാണ്. എങ്കിലും എന്റെ അമ്മയുടെ സഹനം ഓർക്കുമ്പോൾ.... അല്പനേരത്തേക്ക് (മുഖം മങ്ങുന്നു).

പിതാവ് : മകനേ, പരിശുദ്ധാത്മാവ് നിന്റെ ശിഷ്യരുടെ അടുത്തേക്ക് ചെന്നതിനു ശേഷം അവരൊന്നു ബലപ്പെടട്ടെ. അവർ ആരുമില്ലാത്ത സാധുക്കളാണ്. എന്നാൽ പരിശുദ്ധാത്മാവ് ചെന്നു കഴിയുമ്പോൾ അവർ ശക്തിയുള്ളവരായിത്തീരും. അവർ ലോകത്തെ കീഴ്മേൽ മറിക്കും. അവർ ലോകം മുഴുവൻ സഞ്ചരിക്കുമ്പോൾ

www.malankaralibrary.com


പരിശുദ്ധാരൂപിയും ഒപ്പമുണ്ടായിരിക്കും. അതിനാൽ അവർ വിവിധ ഭാഷകളിൽ സംസാരിക്കും. ബുദ്ധിഹീനരും അറിവില്ലാത്തവരും ആയിരുന്ന അവർ ഏറ്റവും അറിവുള്ളവരായിത്തീരും. നിന്റെ കുരിശുമരണത്തിൽ പേടിച്ചോടിയ അവർ പരിശുദ്ധാത്മ സഹായത്താൽ എവിടെയും നിന്നെക്കുറിച്ച് പ്രസംഗിക്കാൻ ധൈര്യമുള്ളവരായിത്തീരും. നീ കൊളുത്തിയ ദീപം അവർ ലോകം മുഴുവൻ എത്തിക്കും. എന്റെ തെരഞ്ഞെടുക്കപ്പെട്ടവരാണവർ. നിന്റെ നാമത്തിന്റെ ശക്തിയാൽ നിന്റെ തിരുരക്തത്തിന്റെ അഭിഷേകം പ്രാപിച്ച് അവർ നിന്റെ തിരുസഭയെ വളർത്തും. ലോകാവസാനത്തോളം തിരുസഭ ലോകത്തെ നയിക്കും. അവരുടെ ഓട്ടം പൂർത്തിയാകുമ്പോൾ ധീര രക്തസാക്ഷികളായി ഇവിടെയെത്തും. എന്നിട്ട് പന്ത്രണ്ട് സിംഹാസനങ്ങളിൽ വാഴും. ശിഷ്യന്മാരെ പറ്റി ഒട്ടും അധൈര്യപ്പെടണ്ട. തുടക്കത്തിൽ അവരെ ശക്തിപ്പെടുത്താനായി മറിയം അവരോടൊപ്പമുണ്ടാകണം മകനേ.

യേശു : പിതാവേ എല്ലാം അവിടുത്തെ തിരുവിഷ്ടം പോലെ.

പിതാവ് : മകനേ, സഹനത്തിന്റെ പ്രതീകമായ എന്റെ മറിയത്തെക്കാൾ ശക്തരായി ആരുണ്ട് ഭൂമിയിൽ. ഒരു പൈശാചിക ശക്തിക്കും അവളുടെ അടുത്തുവരാൻ സാധിക്കുകയില്ല. സഹനവും അനുസരണവും ശൂന്യവൽക്കരണവും മൂലം, ലോകത്തെ കീഴടക്കിയവളാണ് എന്റെ മകൾ മറിയം. അവൾ ത്രിലോകരാജ്ഞിയാണ്. അമലോത്ഭവയായി ജനിച്ചവളാണ്. അവളുടെ പുണ്യങ്ങൾ മൂലം ദൈവമാതൃസ്ഥാനത്തിന് യോഗ്യയായവൾ. അവൾ ലോകത്തിനു മുഴുവൻ അമ്മയാണ്. അവൾ ഏറ്റവും വലിയ ഗുരുനാഥയാണ്, മദ്ധ്യസ്ഥയാണ്. അവളെ സമീപിക്കുന്ന ആർക്കും ഒരിക്കലും നിരാശപ്പെടേണ്ടി വരികയില്ല. അവൾ ആശ്വാസദായിനിയാണ്, യാത്രയിൽ സംരക്ഷകയാണ്. അവളിൽ ശരണപ്പെടുന്നവർക്ക് യേശുവിനെ ലഭിക്കും. കാരണം അവളാണ് ലോകത്തിന് യേശുവിനെ നൽകിയത്. അവളുടെ പരി

www.malankaralibrary.com


ശുദ്ധാത്മാവ് മൂലമുള്ള ഗർഭധാരണം വന്ദിക്കപ്പെട്ട താണ്. അതിനുവേണ്ടി അനാദിയിലേ തെരഞ്ഞെടു ക്കപ്പെട്ടവളാണ് എന്റെ മറിയം. കാലത്തികവിൽ അവൾ വിശുദ്ധരായ മാതാപിതാക്കളിൽ നിന്നും ജനിച്ചു എന്നേയുള്ളു. പഠിക്കുന്തോറും പഠിച്ചു തീരാത്ത പ്രതി ഭാസമാണെന്റെ മറിയം.

യേശു : എന്റെ അമ്മ, ആ നിഷ്കളങ്കയായ മാടപ്രാവ്... ആ ദുഷ്ട രുടെ ഇടയിലാണെന്നോർക്കുമ്പോൾ.....

പിതാവ് : എന്റെ മകനേ, അവൾ ഭൂമിയിൽ സുരക്ഷിതയായി രിക്കും. അവളുടെ മരണവും പ്രത്യേക വിധത്തിലായി രിക്കും. ലോകം കണ്ടിട്ടില്ലാത്ത വിധത്തിലുള്ള മരണ മായിരിക്കും അവളുടേത്. അവൾ ഇവിടെ വന്ന് ത്രിലോകരാജ്ഞിയായി ഇവിടെ പരിലസിക്കും. അതു കൊണ്ട് മകനേ, നിന്റെ അമ്മയെപ്പറ്റി വിഷമിക്കേണ്ട. അല്പം കാലതാമസമേയുള്ളു. നീ ഏറ്റവും അധികം സ്നേഹിച്ച, നിന്നോടുള്ള വിശ്വാസത്താൽ ഇറങ്ങി പുറ പ്പെട്ട നിന്റെ ശിഷ്യന്മാർ അനാഥരാകരുതല്ലോ. ആ ശിഷ്യന്മാരെ എന്റെ മറിയം സ്നേഹിക്കുന്നുണ്ട്. നീ അവളെ അവർക്ക് അമ്മയായി കൊടുത്തിട്ടു പോന്നത് ഏറ്റം ഉചിതമായി. ആ മാതൃസ്നേഹത്തിൽ അവർ ശക്തിപ്പെടട്ടെ.

സ്വർഗ്ഗീയ ശബ്ദം : സമുദ്രതാരമേ സ്വസ്തീ! മേരി മാതേ വണക്കം!

ഗാനം :

നന്മ നിറഞ്ഞവൾ മേരീ
പൂർണ്ണ ലാവണ്യധാമമാം റാണി
സൂര്യനവൾക്കു വസനം
ചന്ദ്രൻ സുന്ദര പാദോപധാനം (2)

(സ്വർഗ്ഗം മുഖരിതമാകുന്നു)

(പഴകിയ വസ്ത്രധാരിയായ ലാസർ വന്ന് കുമ്പിട്ട്, വന്ദിക്കുന്നു.)

യേശു : ലാസർ, നിന്റെ കാര്യം ഞാൻ എന്റെ സ്നേഹിതർക്കു പറഞ്ഞുകൊടുത്തു. ആ ധനവാന്റെ കാര്യം മനസി ലാക്കി അവർ ജീവിതം മെച്ചപ്പെടുത്തട്ടെ എന്നു കരുതി.

www.malankaralibrary.com


ലാസർ : എന്റെ കർത്താവേ, പാപിയായ എന്നെയും രക്ഷിക്കാൻ അവിടുന്ന് കുരിശിൽ മരിച്ചുവല്ലോ. ഭൂമിയിലെ കഷ്ട പ്പാടുകൾ ഒന്നും ഞാനോർക്കുന്നില്ല. പക്ഷേ ഞങ്ങ ളെപ്പോലെയുള്ളവർക്കുവേണ്ടി അങ്ങ് സഹിച്ച വേദന ചിന്തിക്കാൻ പോലും കഴിയുന്നില്ല.

യേശു : ലാസർ, നീ നല്ലവനായി ജീവിച്ചുവെങ്കിലും യാതൊരു നന്മയുമില്ലാത്ത എത്രയോ മനുഷ്യർ ഭൂമിയിൽ ഉണ്ട്.

ലാസർ : എന്റെ കർത്താവേ, എന്റെ യജമാനനായ ധനവാനു വേണ്ടി ഞാൻ അങ്ങയോട് കൃപ യാചിക്കുന്നു. അദ്ദേഹം അത്ര നന്മയില്ലാത്തവൻ അല്ല. മുഷിഞ്ഞ വേഷം ധരിച്ച്, വ്രണങ്ങൾ ബാധിച്ച്, ധനവാന്റെ മുറ്റത്തു കിടന്ന എന്നെ ധനവാൻ ഓടിച്ചു വിട്ടില്ലല്ലോ. അല്പ മെങ്കിലും വയർ നിറച്ചത് ധനവാന്റെ വീട്ടിൽ നിന്നാണ ല്ലോ. ഇതിലൊക്കെ വലിയൊരു നന്മ ഞാൻ ധനവാ നിൽ ശ്രദ്ധിച്ചത്, അവൻ സ്വന്തം സഹോദരങ്ങളോട് സ്നേഹമുള്ളവൻ ആയിരുന്നു. ഇന്ന് സ്വന്തം സഹോ ദരങ്ങളോട് സ്നേഹം ഇല്ലാത്തവർ വളരെയുണ്ട്. ഇവിടെ നിന്ന് ആരെയെങ്കിലും സ്വന്തം സഹോദരങ്ങ ളുടെ അടുത്തു വിടാൻ അവൻ ആവശ്യപ്പെട്ടുവല്ലോ. അവരെങ്കിലും രക്ഷപ്പെടട്ടെ എന്നു കരുതി. എന്നാൽ മനുഷ്യർ അങ്ങനെയല്ല. എനിക്കിങ്ങനെ ആയി; അതു കൊണ്ട് മറ്റുള്ളവരും അങ്ങനെയാകട്ടെ എന്ന് ധരിക്കുന്നു. എന്നാൽ ധനവാൻ തനിക്കു വന്നത് മറ്റു ള്ളവർക്കു വരരുതെന്ന് ആഗ്രഹിച്ചു. അത് അദ്ദേഹ ത്തിനുള്ള വലിയൊരു ഗുണമാണ്.

യേശു : അതേ മകനേ, ഞാനതു ശ്രദ്ധിച്ചു. എങ്കിലും എന്റെ പിതാവ് തീരുമാനിക്കട്ടെ.ഞാൻ പിതാവിനോട് മാദ്ധ്യസ്ഥം അപേക്ഷിക്കും.

ലാസർ : എന്റെ പൊന്നുതമ്പുരാനേ അങ്ങേയ്ക്കു നന്ദി.

യേശു : ലാസർ, നിനക്ക് ഇനിയും ഭൂമിയിലേക്ക് പോകാൻ സാധിക്കുകയില്ലെങ്കിലും നീ ഇവിടെ ഇരുന്നുകൊണ്ട് അവർക്കു വേണ്ടി പ്രാർത്ഥിക്കുക. നിന്റെ പ്രാർത്ഥന

www.malankaralibrary.com



അവരെ ശക്തിപ്പെടുത്തട്ടെ. അങ്ങനെ എന്റെ കരുണയുടെ നനവ് അവർക്ക് ലഭിക്കട്ടെ.

ലാസർ : എന്റെ രക്ഷിതാവേ, അങ്ങ് കാൽവരിയിൽ ചിന്തിയ തിരുരക്തത്താൽ അവർ പാപമോചിതരായി, സൃഷ്ടാവും കർത്താവുമായവനെ വിശ്വസിച്ച്, അങ്ങ് കല്പിച്ചതൊക്കെ അനുസരിച്ച് നിത്യജീവൻ പ്രാപിക്കാൻ സാധ്യമാക്കേണമേ, ആരും നഷ്ടപ്പെട്ടു പോകരുതേ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

യേശു : ലാസർ, എന്റെ മകനേ, നീ ഭൂമിയിൽ കഷ്ടപ്പെട്ടതിനു പകരം ഇവിടെ ഈ സ്വർഗ്ഗത്തിൽ സമാധാനത്തോടെ വസിക്കുക. ഞാൻ നിന്നെ അനുഗ്രഹിക്കുന്നു.

ലാസർ : യേശുവേ ആരാധന! യേശുവേ മഹത്വം! നന്ദി കർത്താവേ!

(ലാസർ ആരാധിക്കുന്നു)

(സ്നാപക യോഹന്നാൻ മുന്നോട്ടുവന്ന് ആരാധിക്കുന്നു)

സ്നാപകയോഹന്നാൻ : സൈന്യങ്ങളുടെ ദൈവമായ കർത്താവ് പരിശുദ്ധൻ! പരിശുദ്ധൻ! പരിശുദ്ധൻ! കർത്താവിന്റെ നാമത്തിൽ വന്നവൻ അനുഗ്രഹീതൻ! ദൈവത്തിനു മഹത്വം!

സ്നാപകൻ : ലോകത്തിന്റെ പാപം നീക്കിയ ദൈവത്തിന്റെ കുഞ്ഞാടേ, വന്ദനം. നിനക്കു മുന്നോടി ആയി എന്നെ അയച്ച പിതാവ് വാഴ്ത്തപ്പെട്ടവൻ ആകുന്നു. പ്രാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവ് വന്നില്ലായിരുന്നുവെങ്കിൽ എനിക്കു അങ്ങയെ മനസിലാകുകയില്ലായിരുന്നു. പരിശുദ്ധാത്മാവേ നന്ദി, നന്ദി. പരി.ത്രിത്വത്തിന് ആരാധന!

യേശു : സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ ഏറ്റവും വലിയ പ്രവാചകനായ യോഹന്നാനേ നിനക്കു വന്ദനം.

സ്നാപകൻ : എന്റെ അമ്മയുടെ ഉദരത്തിൽ വച്ച് ഞാൻ അങ്ങയെ കണ്ടുവെങ്കിലും ജോർദാൻ നദിയിൽ വച്ചാണ് ശരിക്കും മനസിലായത്. പിന്നീട് ഞാൻ സംശയം ചോദിച്ചതൊക്കെ എന്റെ ശിഷ്യന്മാർ മനസിലാക്കുന്നതിന്

www.malankaralibrary.com


വേണ്ടി ആയിരുന്നു.

യേശു : ഞാൻ പഴയനിയമ ഉദ്ധരണിയിലൂടെ അവർക്ക് പറഞ്ഞു കൊടുക്കാൻ ശ്രമിച്ചുവെങ്കിലും അവർ ഗ്രഹിക്കാൻ അശക്തരായിരുന്നു.

സ്നാപകൻ : എന്റെ കർത്താവേ എന്റെ സഹോദരന്മാരായ പ്രവാച കന്മാരിൽ ഭൂമിയിൽ വച്ച് അങ്ങയെ കാണാൻ ഭാഗ്യം കിട്ടിയത് എനിക്കാണ്. ബാക്കിയുള്ളവർ എല്ലാം നിനക്കു വേണ്ടി ജീവിച്ച് മരിച്ചു. നിന്റെ പാത അവർ നേരെയാക്കിക്കൊണ്ടേ ഇരുന്നു. അതുകൊണ്ട് എന്റെ ജോലി എളുപ്പമായിരുന്നു. അവർ നിരപ്പാക്കിയിടത്ത് ഒന്നു വൃത്തിയാക്കിയാൽ മതിയായിരുന്നെനിക്ക്.

എന്റെ ചാർച്ചയിൽത്തന്നെ നീ വന്നു ജനിച്ചത് എല്ലാ ത്തിനും ഒരനുഗ്രഹമായി. അതുകൊണ്ട് നിന്റെ അമ്മ ദൈവത്തിന്റെ അമ്മയാണെന്ന് സകല മനുഷ്യരും ഇനിയും വരാനിരിക്കുന്നവരും പ്രകീർത്തിക്കാൻ ഇട യായി. ആ വലിയ സത്യം ലോകത്തിനു വെളിപ്പെടു ത്താൻ വേണ്ടിയിട്ട് കൂടിയാണ് ഗബ്രിയേൽ മാലാഖ എന്റെ അമ്മ ആറു മാസം ഗർഭിണിയാണെന്ന വിവരം നിന്റെ അമ്മയെ അറിയിച്ചത്. പിതാവായ ദൈവത്തിന്റെ പദ്ധതി ആർക്ക് വിവരിക്കാനാവും.

ദൈവമേ സ്തോത്രം! പിതാവേ മഹത്വം!

യേശു : എന്റെ ബന്ധു ആയ യോഹന്നാനേ... ചെറുപ്പത്തിൽ വളരെ അപൂർവ്വമായിട്ടാണെങ്കിലും നമുക്കു കാണാൻ അവസരം ലഭിച്ചുവല്ലോ. നിന്റെ ഓരോ ധീരപ്ര വർത്തിയും ഞാൻ അറിയുന്നുണ്ടായിരുന്നു. നിന്റെ ആദ്യശിഷ്യന്മാരായിരുന്ന എന്റെ ശിഷ്യന്മാർ വഴി ഞാൻ നിന്റെ വിവരങ്ങൾ അറിഞ്ഞിരുന്നു. നീ എന്റെ പിതാ വിന്റെ ഇഷ്ടം പ്രവർത്തിച്ചതിനു വളരെയധികം ഞാൻ നിന്നെ അഭിനന്ദിക്കുന്നു.

സ്നാപകൻ : എന്റെ നാഥനായ യേശുവേ അങ്ങേയ്ക്കു നന്ദി.

(യോഹന്നാൻ വണങ്ങുന്നു, ആരാധിക്കുന്നു.)

www.malankaralibrary.com



## രംഗം 10

(നീതിമാനായ ജോസഫ് സ്വതസിദ്ധമായ ആനന്ദത്തോടും വിശുദ്ധിയോടും കൂടി കടന്നുവന്ന് മകനെ ആശ്ലേഷിക്കുന്നു)

ജോസഫ് : എന്റെ ഈ കരങ്ങളിൽ കിടന്നുറങ്ങിയ എന്റെ പൊന്നു മകനേ, സ്ഫുടത വരാത്ത ശിശുനാദത്തോടെ എന്നെ അപ്പാ എന്നു വിളിച്ചവനേ, എന്റെ പൊന്നു കുഞ്ഞേ, എന്റെ ഓമന മകനേ!

യേശു : എന്നെ നിലത്തു തൊടീക്കാതെ കരങ്ങളിൽ കൊണ്ടു നടന്ന എന്റെ താതാ!

(രണ്ടുപേരും വീണ്ടും ആനന്ദത്തോടെയും വാത്സല്യത്തോടെയും ആശ്ലേഷിക്കുന്നു).

യേശു : താതൻ ഇങ്ങുപോന്നു കഴിഞ്ഞ് എന്റെ താതനെ ഓർക്കാത്ത ഒരു നിമിഷവും ഇല്ലായിരുന്നു. എന്റെ കളിത്തോഴനും താതനുമെല്ലാം അങ്ങായിരുന്നല്ലോ.

ജോസഫ് : എന്റെ നാഥനും കർത്താവുമായ എന്റെ മകനേ!

യേശു : എന്റെ ജനനത്തിനുവേണ്ടി അങ്ങു സഹിച്ച നിശബ്ദ വേദന... എന്റെ അമ്മയ്ക്ക് ഒരു പോറൽ പോലും വരാതിരിക്കാൻ അങ്ങ് ഹൃദയത്തിൽ സഹിച്ച വേദന... ദൈവം അങ്ങയെ അറിയിച്ചതെല്ലാം ഉൾക്കൊള്ളാൻ കഴിഞ്ഞ അങ്ങയുടെ വിശ്വാസം... ദൈവദൂതന്റെ സ്വപ്നം ശിരസാ വഹിക്കാൻ കഴിഞ്ഞത്... സർവ്വോപരി അങ്ങയുടെ മൗനമെന്ന പുണ്യം... അങ്ങയുടെ വിശുദ്ധി... ഇവയെല്ലാം മൂലം പുണ്യങ്ങൾ കൊണ്ടു തിളങ്ങുന്ന എന്റെ അമ്മക്ക് യോജിച്ച വരൻ അങ്ങുമാത്രമായിരുന്നു. എന്റെ അമ്മയ്ക്കുവേണ്ടിയുള്ള എന്റെ പിതാവായ ദൈവത്തിന്റെ തെരഞ്ഞെടുപ്പ് ഏറ്റം അനുയോജ്യമായിരുന്നു.

പാപലേശമേശിടാത്ത എന്റെ അമ്മയ്ക്ക് പുണ്യതാതനായ അങ്ങയെ എന്റെ പിതാവ് യോജിപ്പിച്ച് നൽകി.

ജോസഫ് : അതേ മകനേ, ദൈവത്തിന്റെ അമ്മയായ ആ നിർമ്മല മണവാട്ടിയുടെ സംരക്ഷണ ചുമതല അയോഗ്യനായ

www.malankaralibrary.com


എന്നെ ഏല്പിച്ചു. നിഷ്കളങ്കയായ എന്റെ മറിയം എന്റെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിച്ചു.

യേശു : താതാ, എന്നേയും അമ്മയേയുംകൊണ്ട് ഈജിപ്തിലേക്കുള്ള പലായനം, അപ്പോൾ താതൻ അനുഭവിച്ച ക്ലേശങ്ങൾ... എല്ലാം ഞാനിപ്പോഴും ഓർക്കുന്നു.

ജോസഫ് : മകനേ, എനിക്കതൊന്നും ക്ലേശമല്ലായിരുന്നു. ആനന്ദമായിരുന്നു. ദൈവപുത്രനേയും, അവന്റെ അമ്മയേയും സംരക്ഷിക്കാനുള്ള ചുമതല എനിക്കു തന്നുവല്ലോ. ആനന്ദത്താൽ എന്റെ ഉള്ളം നിറയുകയായിരുന്നു.

ഉണ്ണിയായ എന്റെ ദൈവപുത്രനും എന്റെ മറിയത്തിനും ഒരാപത്തും വരരുതേ എന്ന ഒരേയൊരു ചിന്ത മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനു പരിശുദ്ധാത്മാവ് എന്നെ സഹായിച്ചു.

യേശു : എന്റെ താതാ ഞങ്ങൾക്കുവേണ്ടി അങ്ങ് സഹിച്ച ത്യാഗമെല്ലാം എന്റെ ഹൃദയത്തിലുണ്ട്. എന്റെ മരണനേരത്ത് താതൻ അവിടെ ഇല്ലാഞ്ഞത് നന്നായി. അല്ലെങ്കിൽ താതന്റെ വിഷമം കൂടി എനിക്കു സഹിക്കേണ്ടി വരുമായിരുന്നു.

ജോസഫ് : എന്റെ കുഞ്ഞുപൈതലേ അതേപ്പറ്റി ഓർക്കാൻ പോലും എനിക്കു ശക്തിയില്ല. നിന്റെ അമ്മ അവളുടെ പുണ്യങ്ങളുടെ യോഗ്യതയാൽ എങ്ങനെയോ പിടിച്ചു നിന്നു. എന്റെ മകൻ സഹിച്ച വേദന, അതു കണ്ടു നിന്ന എന്റെ മറിയം, ഇതൊന്നും എനിക്കു ചിന്തിക്കാൻ പോലും കഴിയുന്നില്ല.

യേശു : എന്റെ നിർമ്മലനായ താതാ അങ്ങയുടെ പുണ്യങ്ങൾ ഏതൊരു പുരുഷനും മാതൃകാായോഗ്യമാണ്.

ജോസഫ് : എന്റെ മകനേ, എനിക്കു ലഭിച്ച ഒരു വലിയ ഭാഗ്യത്തെ ഓർത്തു ഞാൻ സന്തോഷിക്കുന്നു. ദൈവപുത്രന്റെ സന്നിധിയിൽ വച്ച്, ദൈവത്തിന്റെ അമ്മയുടെ പരിചരണമേറ്റ് മരിക്കാൻ ലഭിച്ച വലിയ ഭാഗ്യം! ലോകത്തിൽ ഒരു മനുഷ്യനും ലഭിക്കാത്ത മഹാഭാഗ്യം! ഇങ്ങനെ

www.malankaralibrary.com


എത്രയെത്ര വൻകാര്യങ്ങൾ ആണ് പിതാവ് എനിക്കായി ചെയ്തു തന്നത്. വെറും മരപ്പണിക്കാരനായിരുന്ന എന്നെ ഇത്രത്തോളം ഉയർത്തിയ എന്റെ ദൈവമേ അങ്ങേയ്ക്ക് നന്ദി.

(യേശുവും ജോസഫും വീണ്ടും ആശ്ലേഷിക്കുന്നു)

## രംഗം 11

(ശ്രവ്യമധുരമായ സ്വരത്തിൽ ഒരു സ്ത്രീനാദം)

ശബ്ദം : മകനേ എന്റെ പൊന്നുമകനേ!

(യേശു എഴുന്നേറ്റ് എലിസബത്തിനെ വാരിപുണരുന്നു)

യേശു : എന്റെ അമ്മച്ചീ!

എലിസബത്ത് : എന്റെ മകനേ ഇതു സന്തോഷിക്കേണ്ട സമയം ആണ്. ഞങ്ങൾ നാല്പതു ദിവസമായി ഈ ഒരുക്കങ്ങൾ നടത്തുകയായിരുന്നു. സ്വർഗ്ഗം ആഹ്ലാദിച്ച് ആനന്ദിക്കുകയായിരുന്നു. വർണ്ണപ്പകിട്ടാർന്ന തോരണങ്ങളും കണ്ണഞ്ചിപ്പിക്കുന്ന മനോഹരമായ വെളിച്ചവും മോൻ കാണുന്നില്ലേ. നാല്പതു ദിവസമായി ഇവിടെയുള്ളവർ ആഹ്ലാദത്തിമിർപ്പിലാണ്. മുപ്പത്തിമൂന്ന് വർഷം മുമ്പ് ഇവിടെ നിന്നു പോയ പൊന്നോമന മകൻ വിജയത്തിന്റെ പൊൻതൂവൽ ചാർത്തി തിരിച്ചുവന്നതിന്റെ ഉത്സവം. അതുകണ്ട് ഞങ്ങളുടെ വിഷമമെല്ലാം മാറി.

എന്റെ മറിയവും നിന്റെ ശിഷ്യന്മാരും അവിടെ ഉണ്ടല്ലോ.

യേശു : അമ്മച്ചീ, അവരെ നയിക്കാൻ പരിശുദ്ധാത്മാവ് ഉടനെ ഭൂമിയിൽ ചെല്ലും. അവരെല്ലാം ശക്തരായിത്തീരും. എല്ലാം ഒന്നു ക്രമീകരിക്കുന്നതുവരെ എന്റെ അമ്മ അവരോടൊപ്പമുണ്ട്. അമ്മ കൂടെയുണ്ടെങ്കിൽ ഒന്നും ഭയപ്പെടാനില്ല.

എലിസബത്ത് : പാവം എന്റെ മറിയം. അവളുടെ സഹനം വർണ്ണനാതീതമാണ്. അവളെ താരതമ്യപ്പെടുത്താൻ ലോകത്തിൽ

www.malankaralibrary.com


ഒന്നുമില്ല. അതിനു യോഗ്യനായത് നീ മാത്രമേയുള്ളൂ. അവളുടെ പുണ്യം! കുരിശുമരണത്തോളം വലിയ സഹനമാണ് അവളുടെ സഹനം. ഓമന മകന്റെ കുരിശുമരണവും അവനേറ്റ ചാട്ടവാറടിയും പരിഹാസവും നിന്ദനവും അവനെ മുൾക്കിരീടം അണിയിച്ചതുമെല്ലാം നേരിൽ കണ്ട് ഹൃദയത്തിൽ സഹിച്ചവൾ.

ആ ദുഷ്ടന്മാരുടെ ഇടയിൽ ഇനിയും ആ മാടപ്രാവിനെ ഇട്ടേയ്ക്കാതെ വേഗം ഇവിടേക്ക് കൊണ്ടു വരണമെന്നാണെന്റെ ആഗ്രഹം. ഇവിടെ ഇരുന്നാലും നിന്റെ സഭയെ സംരക്ഷിക്കാൻ നിന്റെ സഹായത്താൽ അവൾക്കു കഴിയും. പരിശുദ്ധാത്മാവ് സദാ സഭയിൽ ഉണ്ടാവുമല്ലോ.

യേശു : എന്റെ അമ്മച്ചി എന്റെ സഭയെ എത്ര സ്നേഹിക്കുന്നു.

എലിസബത്ത് : അത് അതിശയമാണോ? ഞാനല്ലോ എന്റെ കർത്താവിനെ ആദ്യം കണ്ടത്. മകൾ മറിയം എന്നെ ശുശ്രൂഷിക്കാൻ എന്റെരികിൽ വന്നപ്പോൾ അവളുടെ ഉദരത്തിലായിരുന്ന ശിശുവിനെ പരിശുദ്ധാത്മാവ് എനിക്ക് കാണിച്ചുതന്നു. ഞാനാണ് ഭൂമിയിൽ എന്റെ കർത്താവിനെ ആദ്യം കണ്ടത്. അതിൽപ്പരം ഭാഗ്യം എനിക്കു ലഭിക്കാനുണ്ടോ? എന്റെ മറിയത്തിന്റെ ഉദരത്തിൽ എന്റെ കർത്താവ്! എന്റെ മറിയം, എന്റെ കർത്താവിന്റെ അമ്മ! ഓ! എന്തൊരു സൗഭാഗ്യം. എന്നാൽ പാവം എന്റെ മറിയം സഹിച്ചത് ആർക്കും വർണ്ണിക്കാനാവുന്നതല്ല.

യേശു : എല്ലാം ഞാൻ അറിഞ്ഞിരുന്നു അമ്മച്ചീ. ഞാൻ അയച്ച എനിക്കു മുന്നോടിയായി വന്നവൻ അമ്മച്ചിയുടെ ഉദരത്തിൽ ആയിരിക്കുന്നത് ഭൂമിയിൽ വച്ചുകണ്ടപ്പോൾ ഞാൻ സന്തേഷിച്ചു തുള്ളിച്ചാടിപ്പോയി. നിങ്ങൾ രണ്ട് അമ്മമാരും അതു മനസിലാക്കി. ഇതെല്ലാം എന്റെ പിതാവിന്റെ പദ്ധതി ആയിരുന്നു. ഇനിയും എല്ലാ മനുഷ്യരും "തമ്പുരാന്റെ അമ്മേ" എന്ന് എന്റെ അമ്മയെ വിളിക്കുമല്ലോ.

www.malankaralibrary.com



കുരിശുമരണത്തിലെ എന്റെ വേദന മുഴുവൻ കാണാൻ എന്റെ അമ്മയെ ഞാൻ അനുവദിച്ചു. ഞാൻ സഹിച്ചതുപോലെ എന്റെ അമ്മയും സഹിച്ചു. അതിനു വേണ്ടി ആദിയിലേ തന്നെ പിതാവ് തിരഞ്ഞെടുത്തവളാണ്. അനുസരണവും സഹനവും ശൂന്യവൽക്കരണവും വഴി ലോകത്തെ രക്ഷിക്കാൻ എന്നോടൊപ്പം സഹകരിച്ചവളാണ് എന്റെ അമ്മ.

എലിസബത്ത് : അതേ, എന്റെ മകനെ.

യേശു : എന്നെ വിശ്വസിച്ച് ഏറ്റു പറയുന്നവർ എന്റെ അമ്മയേയും വിശ്വസിക്കണം. എന്റെ അമ്മയിലൂടെ അവർക്ക് എന്റെ അടുത്തുവരുവാനെളുപ്പം ആണ്. എന്റെ കുരിശുമരണസമയത്ത് ഒരു നിമിഷം പോലും വിട്ടുമാറാതെ നിന്ന എന്റെ അമ്മ എന്തു ചോദിച്ചാലും ഞാനതു കൊടുക്കും. അമ്മയുടെ ഒരാവശ്യവും നിരസിക്കാൻ എനിക്കു കഴിയുകയില്ല. എന്റെ ചേതനയറ്റ ശരീരം അമ്മയുടെ മടിയിൽ കിടത്തിയപ്പോൾ അമ്മ അനുഭവിച്ച വേദന എനിക്കറിയാം. ഏറ്റവുമൊടുവിൽ ഞാൻ മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കും എന്നു വിശ്വസിച്ചിരുന്നതും എന്റെ അമ്മ മാത്രമാണ്. ഞാൻ എത്രയോ തവണ പഠിപ്പിച്ച എന്റെ ശിഷ്യർക്കുപോലും ആ വിശ്വാസമില്ലായിരുന്നു. ഞായറാഴ്ച വെളുപ്പിനെ എന്റെ കല്ലറയിൽ സുഗന്ധം പകരാൻ അമ്മ വന്നതുമില്ല. കാരണം ജീവിക്കുന്നവനെ മരിച്ചവരുടെയിടയിൽ അന്വേഷിക്കേണ്ട കാര്യമില്ലല്ലോ. ഞാൻ ഉയിർത്തെഴുന്നേൽക്കുമെന്നു വിശ്വസിച്ചത് എന്റെ അമ്മ മാത്രം.

എലിസബത്ത് : അതുകൊണ്ടാണോ ഉയിർത്തെഴുന്നേറ്റിട്ട് യേശു അമ്മയ്ക്കു മാത്രം പ്രത്യക്ഷപ്പെടാത്തത്?

യേശു : അതേ വിശ്വാസക്കുറവുള്ളവർക്കു മാത്രമാണ് ഞാൻ പ്രത്യക്ഷപ്പെട്ടത്. എന്റെ അമ്മയ്ക്ക് അതിന്റെ ആവശ്യം ഇല്ലായിരുന്നു. എന്നിൽ പൂർണ്ണവിശ്വാസം അർപ്പിച്ച എന്റെ അമ്മയെ അധികം താമസിക്കാതെ തന്നെ ഇങ്ങുകൊണ്ടു വരും. എന്റെ ഒപ്പം ആയിരിക്കട്ടെ.

www.malankaralibrary.com


എലിസബത്ത് : ഞാൻ ആ ദിവസത്തിനായി നോക്കിയിരിക്കുന്നു, മകനേ.

യേശു : ഇതെല്ലാം പിതാവ് വിഭാവനം ചെയ്ത രക്ഷാകരപദ്ധതിയുടെ ഭാഗമാണ്. ഇനി നടക്കാൻ പോകുന്നതും അവിടുന്ന് നേരത്തേ തന്നെ കണ്ടുവച്ചിരുന്നു. അതു പിതാവിന് ഇഷ്ടമാകുമ്പോൾ വെളിപ്പെടുത്തട്ടെ. അതൊക്കെ പിതാവിനല്ലാതെ പുത്രനുപോലും അറിയത്തില്ല.

എലിസബത്ത് : സർവ്വശക്തനായ പിതാവ് വാഴ്ത്തപ്പെട്ടവനാകുന്നു. പിതാവിന് ആരാധന.

യേശു : എന്നാൽ മനുഷ്യർക്കുള്ള വിധി മുഴുവൻ പിതാവ് എന്നെ ഏല്പിച്ചിരിക്കുകയാണ്. അങ്ങനെ പിതാവും പുത്രനും പരിശുദ്ധാത്മാവും കൂടെ സഭയെ നയിച്ചുകൊള്ളും. അതിനുവേണ്ടി ഞാൻ ഒരു വലിയ സമ്മാനം അവർക്കു കൊടുത്തിട്ടാണ് പോന്നത്. അവർക്ക് സ്വപ്നം കാണാനാവാത്ത സമ്മാനം. ഞാൻ എന്നെത്തന്നെ പൂർണ്ണമായി അവർക്കു കൊടുത്തിട്ടാണ് പോന്നത്. ഞാൻ വി. കുർബാന സ്ഥാപിച്ച് അവർക്കു കൊടുത്തു. രക്തം ചിന്താതെയുള്ള ദിവ്യബലി, ഞാൻ കാൽവരിയിൽ അർപ്പിച്ച അതേ ബലി അർപ്പിച്ച് അവർ ഉത്ഥാനത്തിൽ പങ്കുചേരുന്നു. അതുകൊണ്ട് അവർക്ക് എന്റെ അസാന്നിദ്ധ്യം ഉണ്ടാകില്ല. ഞാനും അവരും എപ്പോഴും ഒന്നിച്ചുണ്ടാകും. അങ്ങനെ വിശ്വാസക്കണ്ണാൽ എന്നെ കാണാം, സംസാരിക്കാം. എന്റെ യഥാർത്ഥസാന്നിദ്ധ്യമാണ് അവിടെ ഉള്ളത്.

എലിസബത്ത് : ഇത്രയും ദൈവീക രഹസ്യങ്ങൾ ഞാൻ മനസിലാക്കിയല്ലോ. നിന്റെ അമ്മച്ചിക്ക് ക്ഷമയോടെ ഇത്രയും പറഞ്ഞു മനസിലാക്കിത്തന്നല്ലോ. നന്ദി മകനേ. എന്റെ ആരാധനയും സ്തോത്രവും പുകഴ്ചയും എപ്പോഴും മകനോടു കൂടി ഉണ്ടായിരിക്കും.

(വീണ്ടും ആശ്ലേഷിക്കുന്നു)

www.malankaralibrary.com


(യൂദാസ്കറിയോത്ത തല മുഴുവൻ മൂടിക്കൊണ്ട് യേശുവിന്റെ അടുത്തുവരാൻ ധൈര്യമില്ലാതെ മാറിനിന്ന് കുമ്പിടുന്നു)

യേശു : എന്റെ സ്നേഹിതനും സഹചരനും ആയിരുന്ന യൂദാസേ ഇങ്ങടുത്തു വരൂ.

യൂദാസ് : എനിക്ക് അതിനുള്ള യോഗ്യതയില്ല നാഥാ. ലോകത്തിലേക്കും പാപിയാണ് ഞാൻ. ഗുരുവും നാഥനും ഉറ്റ സ്നേഹിതനുമായിരുന്ന എന്റെ കർത്താവിനെ ഒറ്റുകൊടുത്ത നീചപാപിയാണ്.

യേശു : എന്റെ യൂദാസ്, അടുത്തു വരൂ. നിന്നോട് എനിക്ക് ദേഷ്യമാണെന്ന് ആരുപറഞ്ഞു? നീ അന്ന് ഒരു നിമിഷം എന്നെ നോക്കിയിരുന്നെങ്കിൽ അപ്പോഴേ നിന്നെ ഞാൻ രക്ഷിക്കുമായിരുന്നു. ഞാനല്ല നിന്നിൽ നിന്നും അകന്നുപോയത്; നീയാണ് എന്നിൽ നിന്നും അകന്നത്.

യൂദാസ് : എന്റെ കർത്താവേ, എന്റെ ദൈവമേ, പാപിയാണ് ഞാൻ!

യേശു : എന്റെ യൂദാസ് നിന്നെ ഞാൻ എത്ര സ്നേഹിച്ചിരുന്നു. നീയല്ല തെറ്റുകാരനെന്ന് എനിക്കറിയാം. എന്നോടുള്ള ദേഷ്യം തീർക്കാൻ പിശാച് നിന്നെ ഉപയോഗിച്ചതാണ്. നിനക്കു പകരം ആരെ വേണമെങ്കിലും അവന് ഉപയോഗിക്കാമായിരുന്നു. അല്പം ബലഹീനതയുള്ളവരെയാണ് പിശാചിന് എളുപ്പം പിടികിട്ടുന്നത്. അതിനായി നിന്നെ ഉപയോഗിച്ചുവെന്നുമാത്രം. പിശാചിനു ലക്ഷ്യം ഞാനായിരുന്നു. എന്നെ തകർത്തെങ്കിലേ അവന്റെ രാജ്യം സ്ഥാപിക്കാൻ പറ്റുമായിരുന്നുള്ളൂ. ഞാൻ ജനിച്ച അന്നുമുതൽ അവനതിനുള്ള അവസരം പാർത്തിരിക്കുകയായിരുന്നു. യൂദാസ്, നീ അവന്റെ ഇരയായിത്തീർന്നു എന്നുമാത്രം.

യൂദാസ് : എന്റെ യേശുവേ, എന്നെ ഏറ്റവും അധികം സ്നേഹിച്ചിരുന്ന നിന്നോടുതന്നെ ഞാൻ ഈ ചതി ചെയ്തുവല്ലോ. ആ മഹാപുരോഹിതന്മാർ എന്നെ കരുവാക്കിയല്ലോ. ആ വഞ്ചകക്കൂട്ടത്തിന്റെ പിടിയിൽ ഞാൻ അകപ്പെട്ടു പോയല്ലോ. ഈ സ്വർഗ്ഗത്തിന്റെ മുഴുവൻ

www.malankaralibrary.com


രാജാവായ അങ്ങേയ്ക്കു ഞാൻ മുപ്പതു വെള്ളിക്കാശ് വില കല്പിച്ചുവല്ലോ! ഞാൻ പാപി! ഞാൻ പാപി! ഞാൻ മഹാപാപി! കരുണയ്ക്ക് അർഹത ഇല്ലാത്തവൻ.

യേശു : യൂദാസ്, നിന്നെ തെരഞ്ഞെടുക്കുന്നതിനു മുമ്പേ ഞാൻ നിന്നെക്കണ്ടിരുന്നു. ഓരോരുത്തരും എന്താണെന്ന് ഓർത്തുകൊണ്ടല്ല, എന്താകും എന്നു കണ്ടുകൊണ്ടാണ് ഞാൻ തെരഞ്ഞെടുത്തത്. ഹൃദയങ്ങളെ അറിയുന്നവനാണ് ഞാൻ. നിനക്ക് പിന്നീട് കുറ്റബോധം ഉണ്ടായെങ്കിലും പാപബോധവും പശ്ചാത്താപവും ഉണ്ടായില്ല. കുറ്റബോധത്തിൽ കാര്യമില്ല. അതു മനുഷ്യനെ നിരാശയിലേക്കും നാശത്തിലേക്കും നയിക്കും. അനുതപിച്ച് എന്നിലേക്ക് തിരിയണം. നീ അത് ചെയ്തില്ല.

യൂദാസ് : എനിക്ക് നീ ശിക്ഷിക്കുമോ എന്നുള്ള ഭയമില്ലായിരുന്നു. ഞാൻ തെറ്റ് ചെയ്തല്ലോ എന്ന ചിന്ത ആയിരുന്നു. എനിക്ക് എന്നെപ്പറ്റി അല്ലായിരുന്നു, നിന്നെപ്പറ്റി ആയിരുന്നു ചിന്ത.

യേശു : നീ ചെയ്തതിനേക്കാൾ വലിയ പാപം ആണ് പത്രോസ് ചെയ്തത്. എന്നെ കണ്ടിട്ടുപോലുമില്ലെന്നവൻ ആണയിട്ടു പറഞ്ഞു. പക്ഷേ അതിന്റെ നൂറിരട്ടി അനുതാപത്തോടെ അവൻ പശ്ചാത്തപിച്ചു. അവന്റെ പാപം അപ്പോൾത്തന്നെ ക്ഷമിക്കപ്പെട്ടു. അവൻ എനിക്കുവേണ്ടി രക്തസാക്ഷി ആയിത്തീരുവാനുള്ളവനാണ്. നിങ്ങൾ രണ്ടുപേരും എന്നോടു ചെയ്തതിൽ ഗൗരവം കൂടുതൽ അവന്റേതായിരുന്നു. നീ അനുതപിച്ചില്ല. നിരാശപ്പെട്ടതേയുള്ളൂ. നീ ഓടി എന്റെ അടുത്തു വന്നിരുന്നെങ്കിലെ എന്നു ഞാനാഗ്രഹിച്ചിരുന്നു. എന്നാൽ നീ വന്നില്ല. പത്രോസ് എന്റെ നോട്ടത്തിൽ പശ്ചാത്തപിച്ചു.

യൂദാസ് : എന്റെ നാഥാ, എനിക്ക് ആ ദൈവകൃപ ഇല്ലായിരുന്നു. കാരണം ഞാൻ പിശാചിന്റെ ദാസനായിപ്പോയി. കൃപ സമ്പാദിക്കുവാൻ കഴിയാത്ത ഹതഭാഗ്യനാണ് ഞാൻ.

www.malankaralibrary.com



സഞ്ചിയിലെ പണത്തിലായിരുന്നു എന്റെ കണ്ണ്. ആ പണം തന്നെ എനിക്കു നാശത്തിനു കാരണമായി.

യേശു : മകനേ, യൂദാസ് എന്റെ കുരിശുമരണം ലോകസൃഷ്ടിക്കു മുമ്പേ തീരുമാനിച്ചതാണ്. എന്നാൽ അത് ആര് മൂലം ഉണ്ടാകുന്നുവോ ആ മനുഷ്യന് ദുരിതം. അത് നീ ആയിത്തീർന്നുവല്ലോ. എന്റെ പിതാവ് നിന്നോട് കരുണ കാണിക്കട്ടെ. എനിക്ക് ഒരു പരിഭവവും ഇല്ല. നിന്നെ ഞാൻ അനുഗ്രഹിക്കുന്നു.

യൂദാസ് : എന്റെ യേശുവേ! എന്റെ യേശുവേ! എന്നോട് ഇപ്രകാരം കരുണാപൂർവ്വം പെരുമാറിയ നീ ആരാണ്? എന്റെ ദൈവമേ എനിക്കൊന്നും ചിന്തിക്കാൻ കഴിയുന്നില്ല. യേശുവേ നീ എന്നേയും ഓർക്കേണമേ.

(യൂദാസ് വലിയ ഭാരത്തോടെ നടന്നുപോകുന്നു)

(കൈ കൂപ്പി വണങ്ങി എത്രയും നന്ദിയോടെ വലതുഭാഗത്തെ കള്ളൻ വന്നു കുമ്പിട്ടാരാധിക്കുന്നു)

വ.കള്ളൻ : നല്ലവനും കാരുണ്യവാനും കൃപാനിധിയുമായ പൊന്നേശു തമ്പുരാനേ ആരാധന! നന്ദി! നന്ദി!

യേശു : അവസാനം സ്വർഗ്ഗവും കയ്യിലടക്കിയവനേ, നിന്നെ ഞാൻ അഭിനന്ദിക്കുന്നു.

വ. കള്ളൻ : എന്റെ യേശുവേ ഞാൻ വലിയ കള്ളനും തീവ്രവാദിയുമാണല്ലോ, ഈ നല്ല മനുഷ്യരുടെ ഗണത്തിൽ നിൽക്കാൻ യോഗ്യത ഇല്ലാത്തവൻ. അങ്ങയുടെ കരുണകൊണ്ടുമാത്രമാണ് എനിക്ക് ഇവിടെ നിൽക്കാനായത്.

യേശു : നീ കുരിശിൽ പിടയുമ്പോൾ ഞാൻ ദൈവപുത്രനാണെന്ന് നീ മനസിലാക്കിയല്ലോ. നിന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുവാൻ എനിക്കു കഴിയുമെന്ന് നീ മനസിലാക്കിയല്ലോ. നിന്റെ വിശ്വാസം അത്രമേൽ വലുത്.

വ. കള്ളൻ : അങ്ങ് വേദന അനുഭവിക്കുന്നത് കാണുന്നതായിരുന്നു

www.malankaralibrary.com


എന്നെ ഏറ്റവും വേദനിപ്പിച്ചത്. നിഷ്കളങ്ക കുഞ്ഞാടാ യിരുന്ന അങ്ങയോട് അവർ കാട്ടിയ ക്രൂരത, അങ്ങു സഹിക്കുന്നതു കണ്ടാൽ, ആ പൂമേനിയിലെ മുറിവു കണ്ടാൽ ആർക്കാണ് കരയാതിരിക്കാനാവുക?

കർത്താവേ എന്റെ ഒറ്റവാക്കിനാൽ അങ്ങെന്നെ സ്വർഗ്ഗ ത്തിൽ പ്രവേശിപ്പിച്ചുവല്ലോ. ഞാനെങ്ങനെയാണ് അങ്ങയോട് നന്ദി പറയുക. അങ്ങയുടെ കരുണയുടെ മുമ്പിൽ എന്റെ നന്ദിക്ക് ഒരു പ്രസക്തിയുമില്ല,

നാഥാ മഹത്വം! ആരാധന! സ്തോത്രം.

(കളകളാരവത്തോടെ വെള്ളകുഞ്ഞുടുപ്പ് ധരിച്ച കുഞ്ഞിപൈതങ്ങൾ ഹാലേലുയ്യ പാടി വന്ന് യേശുവിനെ ആരാധിക്കുന്നു)

യേശു : എന്റെ പ്രായമുള്ള എന്റെ കുഞ്ഞിപൈതങ്ങളേ, എന്റെ നാമത്തെ പ്രതി വാളിന് ഇരയാക്കപ്പെട്ടവരേ, വരുവിൻ, നമുക്കൊന്നിച്ച് പാടി സ്തുതിക്കാം.

കുഞ്ഞിപൈതങ്ങൾ : ഞങ്ങളുടെ പൊന്നേശു തമ്പുരാനേ, ഞങ്ങൾ ആനന്ദ ലഹരിയിലാണ്.

യേശു : എന്റെ മക്കളേ, എനിക്കുവേണ്ടി ആദ്യം രക്തസാക്ഷി കൾ ആയ നിങ്ങളെയോർത്ത് ഞാൻ പലപ്പോഴും സങ്ക ടപ്പെട്ടിട്ടുണ്ട്. റാമായിൽ നിന്നുള്ള നിങ്ങളുടെ അമ്മമാ രുടെ വിലാപം! നിഷ്കളങ്കരും നിരപരാധികളുമായ നിങ്ങളുടെ കരച്ചിൽ എന്റെ കാതുകളിൽ മുഴങ്ങിക്കൊ ണ്ടിരിക്കുന്നു.

(യേശു കുഞ്ഞുങ്ങളെ വാരിപ്പുണരുന്നു)

കുഞ്ഞിപൈതങ്ങൾ : ഞങ്ങളുടെ നാഥനും രക്ഷിതാവുമേ, ഞങ്ങൾക്ക് ഒരു സങ്കടവുമില്ല. ഞങ്ങളുടെ ഉണ്ണിയേശു ആ കിരാതന്റെ കയ്യിൽ നിന്നു രക്ഷപ്പെടണമേ എന്നുമാത്രമേ ഉണ്ടാ യിരുന്നുള്ളൂ. അങ്ങയെ സംരക്ഷിച്ച ദൈവത്തിനു നന്ദി.

യേശു : എന്റെ കുഞ്ഞിപൈതങ്ങളേ, എന്റെ കളിത്തോഴർ ആകേണ്ടിയിരുന്നവരേ നിങ്ങൾക്കു നന്ദി.

കുഞ്ഞിപൈതങ്ങൾ : അങ്ങയെ രക്ഷിക്കാൻ ഈജിപ്റ്റിലേക്കോടിയ മാതാ പിതാക്കളുടെ കഷ്ടപ്പാടുകൾ എത്ര വലുതായിരുന്നു.

www.malankaralibrary.com



ഞങ്ങളുടെ അടുത്തടുത്ത വീടുകളിലെ മുറവിളി കാത ടപ്പിക്കുന്നതായിരുന്നു.

യേശു : എന്റെ മക്കളേ, നിങ്ങളുടെ കരച്ചിൽ ഇന്നും എന്റെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. മക്കളേ, നിങ്ങൾക്കു മഹത്തായ സ്വർഗ്ഗഭാഗ്യം ഞാൻ കരുതി വച്ചിരിക്കുന്നു. വരുവിൻ, എന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുവിൻ. നിങ്ങൾക്കായി സജ്ജമാക്കിയിരി ക്കുന്ന സ്വർഗ്ഗീയ മണവറയിൽ പ്രവേശിക്കുവിൻ. കണ്ണു കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതുമായ ആ സ്വർഗ്ഗീയ ആനന്ദത്തിൽ ആഹ്ലാദിച്ചുല്ലസിക്കുവിൻ. എന്തെന്നാൽ മഹത്വത്തിന്റെ രാജാവ് പ്രവേശിച്ചിരി ക്കുന്നു.

കുഞ്ഞിപൈതങ്ങൾ : ഞങ്ങളുടെ കളിത്തോഴനും രാജാവുമായ പൊന്നേശു തമ്പുരാനേ, അങ്ങയുടെ നാമത്തിന് മഹത്വം ഉണ്ടാക ട്ടെ. മനുഷ്യന്റെ ആർത്തിയും ക്രൂരതയുമോർത്ത് ഞങ്ങൾ മാപ്പ് ചോദിക്കുന്നു. ഞങ്ങളോടു ക്രൂരത കാട്ടിയ ആ മഹാരാജാവിന് ഞങ്ങൾ മാപ്പു കൊടുക്കു ന്നു. ഞങ്ങളുടെ രക്ഷിതാവേ ഞങ്ങൾ ഒഴുക്കിയ രക്തം അദ്ദേഹത്തിനു മാപ്പു കൊടുക്കുന്നു. അങ്ങ് കാൽവരി യിൽ ചിന്തിയ തിരുരക്തത്തിന്റെ യോഗ്യതയാൽ ഞങ്ങ ളുടെ മേൽ വാൾ പ്രയോഗിച്ചവരോട് ക്ഷമിക്കേണമേ.

യേശു : എന്റെ കുഞ്ഞിപൈതങ്ങളേ, നിങ്ങളാണ് യഥാർത്ഥ വിശുദ്ധർ. നിങ്ങളെ ഞാൻ അനുഗ്രഹിക്കുന്നു.

കുഞ്ഞിപൈതങ്ങൾ : നാഥാ സ്തോത്രം! നാഥാ സ്തോത്രം!

(എല്ലാവരും ഒന്നിച്ചു മുട്ടുകുത്തുന്നു; നൃത്തം ചെയ്യുന്നു, പാട്ടു പാടു ന്നു, സ്വർഗ്ഗത്തിൽ വലിയ ആഹ്ലാദം)

(ഏറ്റം ദുഃഖഭാരത്തോടെ ചിറകൊടിഞ്ഞ കൈകൾ കൂപ്പികൊണ്ട് ഹേറോദേസ് വലിയ രാജാവ് പ്രവേശിച്ച് മുട്ടുകുത്തി കുമ്പിടുന്നു)

യേശു : പാലസ്തീനയിലെ, മഹാനായ ഹേറോദേസ് രാജാവേ എഴുന്നേൽക്കൂ.

www.malankaralibrary.com



ഹേറോദേസ് രാജാവ് : എന്റെ കർത്താവേ, ഭൂമിയിലെ രാജത്വം ആണ് സർവ്വതും എന്നു ഞാൻ അഹങ്കരിച്ചുപോയി. ഞാൻ ആ രാജപദവി ലഭിക്കാൻ ചെയ്തവേലകൾ എത്ര നിന്ദ നീയമായിരുന്നു. എന്റെ ജീവിതകാലത്ത് ഞാൻ ആരോടും ദയ കാട്ടിയിട്ടില്ല. അധികാരമോഹം മാത്ര മായിരുന്നുവെനിക്ക്. അങ്ങ് ജനിച്ചപ്പോൾ, രാജാവാ ണെന്ന് അറിഞ്ഞപ്പോൾ ഞാൻ ഭയന്നുപോയി. അങ്ങ് എന്റെ ശത്രുവായ രാജാവാണെന്ന് ഞാൻ ചിന്തിച്ചു പോയി. പിന്നെ ഒന്നും ആലോചിച്ചില്ല. അങ്ങയെ ഉന്മൂ ലനം ചെയ്യാനായി ഏത് അക്രമത്തിനും തിന്മയ്ക്കും ഞാൻ മടികാണിച്ചില്ല. എന്റെ രാജപദവി നിലനിർത്തുക മാത്രമായിരുന്നു എന്റെ ലക്ഷ്യം. അയ്യോ എനിക്കു കഷ്ടം!

യേശു : ലൗകീക അധികാരമോഹം ഇന്നും ലോകത്തെ നശി പ്പിക്കുന്നു. സ്വർഗ്ഗം പിടിച്ചടക്കാൻ അവർ ശ്രമിക്കുന്നില്ല.

ഹേറോദേസ് : ഭൂമിയിലെ പദവികൾ ഹ്രസ്വകാലത്തേക്കാണെന്ന് ഞാൻ മനസിലാക്കിയില്ല. നിത്യമായ ജീവിതം സ്വർഗ്ഗ ത്തിലാണെന്ന് ചിന്തിക്കാൻ ഞാൻ പഠിച്ചില്ല. എന്റെ കരങ്ങൾ രക്തപങ്കിലമാണ്. അങ്ങയുടെ തിരുരക്തം കൊണ്ട് കഴുകിത്തരണമേയെന്ന് പറയുവാൻ പോലും അവകാശമില്ല. എന്റെ കൊടുംക്രൂരതയ്ക്ക് യോഗ്യമായത് എനിക്കിപ്പോൾ ലഭിച്ചതുതന്നെയാണ്. നാഥാ, അങ്ങയെ ഒന്നു കാണാൻ വേണ്ടി മാത്രമാണ് ഞാൻ വന്നത്. ശത്രുക്കളോടു ക്ഷമിച്ച അങ്ങ് കാരു ണ്യവാനാണ് എന്നെനിക്കറിയാം. ആ വലിയ കാരു ണ്യത്തിനുപോലും അർഹത ഇല്ലാത്തവനാണ് ഞാൻ.

യേശു : ഹേറോദേസ് വലിയ രാജാവേ, നിന്റെ പാപത്തെപ്പറ്റി അനുതപിക്കുകയും, പശ്ചാത്തപിക്കുകയും ചെയ്യുക. നിന്നേയും രക്ഷിക്കുന്നതിനാണ് എന്റെ രക്തം ചി ന്തിയത്. എന്റെ കുരിശുമരണത്തിനു ശേഷം ഭൂമിയിൽ ജീവിക്കുന്നവർക്ക് അവരുടെ പാപമോചനം ഭൂമിയിൽ വച്ചുതന്നെ ലഭിക്കണം. അവർക്ക് പിന്നീട് അവസരമില്ല.

www.malankaralibrary.com



എന്നാൽ എന്റെ കുരിശുമരണത്തിനു മുമ്പു മരിച്ചവർക്ക് എന്റെ കുരിശിലൂടെയുള്ള രക്ഷ ഞാൻ തരുന്നു. അവരേയും രക്ഷിക്കാനാണ് ഞാൻ കുരിശിൽ മരിച്ചത്. അതിനാൽ ഹേറോദേസ് സമാധാനത്തോടെ പോവുക. എന്റെ കുരിശിന്റെ ഓഹരിയിൽ പങ്കുപറ്റി ജീവിക്കുക. ബാക്കി എന്റെ പിതാവ് തീരുമാനിച്ചുകൊള്ളും.

ഹേറോദേസ് : എന്റെ കർത്താവേ നന്ദി, നന്ദി. എനിക്കുവേണ്ടി കുരിശുമരണം വരിച്ചവനേ, എന്നെ രക്ഷിക്കാൻ പീഡ സഹിച്ചവനേ ആരാധന! ആരാധന!

(നിലം പറ്റെ താണുവീണ് ആരാധിക്കുന്നു)

(വൃദ്ധനായ ശെമയോൻ കടന്നുവന്ന് വണങ്ങുന്നു. യേശു എഴുന്നേറ്റ് സ്വീകരിക്കുന്നു)

യേശു : വൃദ്ധനായ എന്റെ പിതാവേ, ശെമയോനേ, എന്നെ ക്കണ്ട നിന്റെ കണ്ണുകൾ ഭാഗ്യമുള്ളവ. എന്നെ ഒന്നു കണ്ടിട്ടു മരിക്കാൻ നിനക്കു ഭാഗ്യം ലഭിച്ചുവല്ലോ.

ശെമയോൻ : അതെ എന്റെ നാഥാ അങ്ങയെ ഒന്ന് എടുക്കാൻ ഈ കൈകൾക്ക് ഭാഗ്യം ലഭിച്ചു. ഞാൻ എത്ര ധന്യൻ. എന്റെ കർത്താവേ എന്നിലൂടെ പരിശുദ്ധാത്മാവ് പലതും വെളിപ്പെടുത്തി. അങ്ങയുടെ അമ്മ, ആ കുഞ്ഞുമറിയം വാൾ പോലെ തറച്ചു കയറിയ ആ വെളിപ്പെടുത്തൽ ഹൃദയത്തിൽ സൂക്ഷിച്ചു ധ്യാനിച്ചു ജീവിച്ചു. അങ്ങയുടെ അമ്മ അനുഭവിച്ച സഹനം ഒരു മനുഷ്യനും വർണ്ണിക്കാനാവുന്നതല്ല.

യേശു : എന്റെ പിതാവിന്റെ ഇഷ്ടം ഞാൻ നിറവേറ്റാൻ വേണ്ടി എന്റെ അമ്മ സഹിച്ച സഹനം അപാരം.

ശെമയോൻ : എന്റെ കർത്താവേ.... അങ്ങെല്ലാം അറിഞ്ഞുവല്ലോ. ഞങ്ങളെ രക്ഷിക്കാൻ ഭൂമിയിലേക്ക് താണിറങ്ങി വന്ന പൊന്നുതമ്പുരാനേ, അങ്ങെല്ലാം അറിയുന്നവനായിരുന്നു. അങ്ങയെ അറിയുവാൻ ലോകത്തിനു കഴിഞ്ഞില്ല. എന്റെ നാഥാ, എല്ലാർക്കും വേണ്ടി ഞാൻ അങ്ങയോട്

www.malankaralibrary.com


കരുണ യാചിക്കുന്നു. ആരുടേയും തിന്മ അങ്ങ് ഓർക്കരുതേ. അങ്ങ് പാപങ്ങൾ ഓർത്തിരുന്നാൽ പാരിതിൽ ആർക്ക് രക്ഷ ലഭിക്കും? നാഥാ കരുണയായിരിക്കണമേ. അങ്ങു സൃഷ്ടിച്ച മനുഷ്യവർഗ്ഗത്തോട് അലിവായിരിക്കണമേ.

യേശു : വൃദ്ധനായ എന്റെ പിതാവേ, അങ്ങ് വെളിപ്പെടുത്തിയ വാൾ എന്റെ അമ്മ ഹൃദയത്തിൽ സംഗ്രഹിച്ചുകൊണ്ടു നടന്നുവെങ്കിലും അങ്ങും വൃദ്ധയായ അന്നയും നൽകിയ അനുഗ്രഹം എന്റെ അമ്മയെ ശക്തിപ്പെടുത്തിയിരുന്നു.

(യേശു ശെമയോനെ അനുഗ്രഹിക്കുന്നു)

(ഗബ്രിയേൽ, മിഖായേൽ, റപ്പായേൽ മാലാഖമാർ മാലാഖവൃന്ദങ്ങൾക്കൊപ്പം വന്ന് യേശുവിനെ ആരാധിക്കുന്നു, സ്തുതിക്കുന്നു. കീർത്തനം പാടുന്നു.)

ശബ്ദം : പരമ പരിശുദ്ധനേ, ആരാധന! ആരാധന!

ഗബ്രിയേൽ : സ്വർഗ്ഗത്തിന്റെ നാഥനും പിതാവിന്റെ ഏകപുത്രനും പരിശുദ്ധാത്മാവിന്റെ ആവാസവും ആയിരിക്കുന്ന ഞങ്ങളുടെ രാജാവേ വന്ദനം, മഹത്വം!

യേശു : എന്റെ മാലാഖ വൃന്ദങ്ങളേ നിങ്ങൾക്കു വന്ദനം. എന്റെ പിതാവിന്റെ സന്നിധിയിൽ നിൽക്കുന്ന ഗബ്രിയേലേ നിനക്കു വന്ദനം.

ഗബ്രിയേൽ : അങ്ങയുടെ ജനനവാർത്ത അറിയിക്കുവാൻ, സമ്മതം ചോദിക്കുവാൻ എന്നെ അയച്ച എന്റെ ദൈവമേ ഞാൻ എത്ര ഭാഗ്യമുള്ളവൻ! നസ്രത്തിലെ സ്വർഗ്ഗീയ പുണ്യങ്ങൾ നിറഞ്ഞ ആ കന്യകയുടെ അടുത്തേക്ക് പോകുവാൻ എന്നെ നിയുക്തനാക്കിയതിന് അങ്ങേയ്ക്കു നന്ദി. എന്റെ അഭിവാദനസ്വരം കേട്ടപ്പോൾ അവൾ ദൈവസ്നേഹത്താൽ നിറഞ്ഞ് സ്വർഗ്ഗത്തിന്റെ ഇച്ഛയ്ക്കു സമ്മതം തന്നു. ഓ! ആ നിമിഷം! രാജാധിരാജൻ, സർവ്വശക്തൻ, അത്യുന്നതൻ മനുഷ്യനായി രൂപമെടുത്ത നിമിഷം! ദൈവവചനം മാംസം ധരിച്ച

www.malankaralibrary.com


നിമിഷം! സ്വർഗ്ഗത്തിലെ ദൈവം ശിശു ആയി ജനിച്ച നിമിഷം. ആയുസ്സു മുഴുവനും ധ്യാനിച്ചാൽ തീരുകയില്ല ആ നിമിഷത്തിന്റെ മഹത്വം. മഹത്വപൂർണ്ണനായ അങ്ങേയ്ക്കു ജനിക്കാൻ തെരഞ്ഞെടുക്കപ്പെട്ട കന്യക മറിയം. ബാലികയായ കന്യകയുടെ ഉദരത്തിൽ ശിശു ആകുവാൻ സ്വർഗ്ഗീയ രാജാവ് ഇറങ്ങി വന്ന നിമിഷം! എന്റെ കർത്താവേ, എനിക്കുതന്നെ വർണ്ണിക്കാൻ കഴിയുന്നില്ല ഇതൊന്നും. എല്ലാ ഭാവനയ്ക്കും അതീതമാണ് ഈ നിമിഷം. ധന്യമായ ആ നിമിഷത്തെ ഓർത്തു ഞാൻ സ്തുതിക്കുന്നു. ഇമ്മാനുവേൽ..... അങ്ങയുടെ പരിശുദ്ധ നാമത്തെ ഞാൻ ആരാധിക്കുന്നു, വാഴ്ത്തുന്നു.

യേശു : ഗബ്രിയേൽ ആ നിമിഷം എനിക്ക് എത്രയോ വിലപ്പെട്ടത്. അന്ന് മുതൽ ഇന്ന് ഇവിടെ എത്തുന്നതുവരെയുള്ള ഓരോ സംഭവവും അന്നു എഴുതപ്പെട്ടുകഴിഞ്ഞു എന്റെ ഉള്ളത്തിൽ. അതെ, ആ നിമിഷം... എന്റെ ഈ ദിവസത്തിന്റെ ഓർമ്മപ്പെടുത്തലായിരുന്നു. എന്റെ ദൗത്യം വിജയമാകണം എന്ന ഒരേ ഒരു ലക്ഷ്യം മാത്രമായിരുന്നു വിശുദ്ധമായ ആ നിമിഷത്തിനുണ്ടായിരുന്നത്. ലോകവും ലോകത്തിലുള്ളവരും എന്റെ ചിന്തയിലില്ലായിരുന്നു. എന്റെ പിതാവിന്റെ ലക്ഷ്യം പൂർത്തീകരിക്കുക. അതു മാത്രമായിരുന്നു എന്റെ ആഗ്രഹം. അതിനു പിതാവായ ദൈവം ഞാൻ കടന്നുവന്ന വഴികളിലൂടെ എന്നെ സഹായിച്ചു. പരിശുദ്ധാത്മാവ് എന്നെ നയിച്ചു. എന്റെ ദൗത്യത്തിനു തുടക്കം കുറിച്ച ഗബ്രിയേലേ നിനക്കു നന്ദി.

മാലാഖ വൃന്ദം : അത്യുന്നതനായ സർവ്വശക്തൻ പരിശുദ്ധൻ! പരിശുദ്ധൻ! പരിശുദ്ധൻ!

എല്ലാവരും ചേർന്ന് : ഓ ദൈവമേ അങ്ങ് ആരാധ്യൻ! മഹോന്നതൻ!

(യേശു എഴുന്നേറ്റു നിൽക്കുന്നു)

യേശു : നിങ്ങൾ എല്ലാവരും ചേർന്നു നൽകിയ ഈ വലിയ സ്വീകരണം അവിസ്മരണീയം! നിങ്ങൾ എല്ലാവരും

www.malankaralibrary.com


അനുഗ്രഹിക്കപ്പെട്ടവരാകുന്നു. എന്റെ പിതാവിന്റെ അനുഗ്രഹം നിങ്ങളോടു കൂടി ഉണ്ടായിരിക്കട്ടെ.

(യേശു കൈ ഉയർത്തി എല്ലാവരേയും അനുഗ്രഹിക്കുന്നു.)

(സ്വർഗ്ഗം സ്തുതികളാൽ മുഖരിതമാകുന്നു)

ഹാലേലുയ്യ! ഹാലേലുയ്യ! ഹാലേലുയ്യ!

മഹത്വം! മഹത്വം! ആരാധന!

പരിശുദ്ധൻ! പരിശുദ്ധൻ! പരിശുദ്ധൻ!

(ദൂരെ നിന്നും ഗാനം കേൾക്കുന്നു)

യേശു : ഭൂമിയിൽ നിന്നും പ്രാർത്ഥന കേൾക്കുന്നല്ലോ. ഭൂമിയിൽ നിന്നുയരുന്ന പ്രാർത്ഥനയാണല്ലോ സ്വർഗ്ഗത്തിലെ സുഗന്ധധൂപം.

ഗാനം : സ്വർഗ്ഗത്തിൽ വാഴും ഞങ്ങൾ തൻ താത
നിൻ നാമം പൂജിതമായിടേണം
വരണം നിൻ രാജ്യം സ്വർഗ്ഗത്തിലേപോൽ
നിന്നുള്ളം പാരിലുമായിടേണം.
അന്നന്നു വേണ്ടുന്നോരാഹാരമിന്നും
ഞങ്ങൾക്കു നൽകുമാറായിടേണം.
അന്യർതൻ ദ്രോഹം ഞങ്ങൾ ക്ഷമിക്കുംപോൽ
ഞങ്ങൾ തൻ ദ്രോഹവും നീ ക്ഷമിക്ക.
പാപപരീക്ഷയിൽ ഉൾപ്പെടുത്താതെ
തിന്മയിൽ നിന്നു നീ കാത്തിടേണം.

സ്വർഗ്ഗവാസികൾ : ആമ്മീൻ! ആമ്മീൻ! ആമ്മീൻ!

www.malankaralibrary.com



# സ്വർഗ്ഗീയവിരുന്ന്

**പി.വി സിസിലിക്കുട്ടി**

ശ്വേതാശ്വതരോപനിഷത്തിൽ പത്താം മന്ത്രത്തിൽ തീവ്രധ്യാനം ഏതൊന്നിനെ ധ്യാനിക്കുന്നുവോ അതിനോട് ഏകീഭവിപ്പിക്കുന്നു എന്നു പറയുന്നു. ടീച്ചറിന്റെ സ്വർഗ്ഗത്തെക്കുറിച്ചുള്ള തീവ്രധ്യാനമാണ് 'സ്വർഗ്ഗീയ വിരുന്ന്' എന്ന പുസ്തകം. ഭാവനയുടെ ചിറകിലാണ് ടീച്ചറുടെ യാത്ര. അതുകൊണ്ടുതന്നെ മനോഹരമായ വർണ്ണനകൾ പുസ്തകത്തിൽ ഉടനീളം കാണാം.

**ഫാദർ നിർമ്മലാനന്ദ് ഒ ഐ സി**